

1764
മഹത് സന്ദർശനം



തിരുവനന്തപുരം വള്ളക്കടവ്

ബഹുമാനപ്പെട്ട ഇന്ത്യാ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനേയും ബഹു. ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ വല്ലഭായി പട്ടേലിനേയും തിരുവിതാംകൂർ–കൊച്ചി സന്ദർശന സ്മാരക ഗ്രന്ഥം


തിരുവിതാംകൂർ–കൊച്ചി ഗവൺമെണ്ടു് പബ്ലിക്കു് റിലേഷൻസു് ഡിപ്പാർട്ടുമെൻറിൽ
നിന്നും പ്രസിദ്ധപ്പെടുത്തുന്നതു്
ഫൻ൫ം ഒക്ടോബർ



കൊച്ചി വിമാനത്താവളത്തിൽ

ബഹു. പ്രധാനമന്ത്രി പണ്ഡിറവ് ജവഹർലാൽ നെഹ്റുവും രാജപ്രമുഖൻ തിരുമനസ്സുകൊണ്ടും കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടും.

(ഫോട്ടോ—സെൻട്രൽ സ്റ്റുഡിയോ, എറണാകുളം.)



തിരുവനന്തപുരം വിമാനത്താവളത്തിൽ

വിമാനത്തിൽ നിന്നിറങ്ങുന്ന ബഹു. സർദാർ വല്ലഭായി പട്ടേലിനു രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് സഹായഹസ്തം നീട്ടുന്നു.

(ഫോട്ടോ—മെട്രോ സ്റ്റുഡിയോ, തിരുവനന്തപുരം.)

I

അവിസ്മരണീയ സംഭവങ്ങൾ

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിന്റെ ആവിർഭാവത്തിനു ശേഷം നടന്ന സുപ്രധാനവും അവിസ്മരണീയവുമായ സംഭവങ്ങളാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റേയും ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രധാന മന്ത്രി സർദാർവല്ലഭായി പട്ടേലിന്റെയും സന്ദർശനങ്ങൾ. രാഷ്ട്രപിതാവിന്റെ വിശ്വ സേനാനികൾ, ഐക്യഭാരതത്തിന്റെ ശില്പികൾ, അഖിലഭാരത പ്രശസ്തിയും അഖിലലോക പ്രശസ്തിയും ആർജ്ജിച്ച നേതാക്കന്മാർ, എന്നീനിലകളിൽ ഭാരതജനതയുടെ സമാരാധ്യരായിതീർന്നിരിക്കുന്ന ഈ പ്രശസ്താഥിതികളുടെ സാന്നിദ്ധ്യം ജനകീയഭരണത്തിലേക്കു മാത്രം ചെയ്തിട്ടുള്ള ഈ സംസ്ഥാനത്തിലെ ജനങ്ങൾ ഉത്തേജകമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അവർക്കു നൽകപ്പെട്ട ഗംഭീരവും ഹൃദയസ്പൃക്കും ആയ സ്വീകരണങ്ങൾ ഈ നാട്ടിലെ ജനങ്ങൾക്കു ഈ ത്യാഗിവര്യന്മാരുടെ നേർക്കുള്ള സ്നേഹാദരങ്ങൾ എത്രമാത്രം അഗാധമാണെന്നു സുതരാം വെളിപ്പെടുത്തുന്നു. അവരുടെ ഉൽബോധനങ്ങൾ, സ്നേഹപൂർണ്ണമായ ഉപദേശങ്ങൾ, ജനഹൃദയങ്ങളിൽ മായാത്ത മുദ്രപതിക്കാൻ പര്യാപ്തമാണ്. ഈ ഉൽബോധനങ്ങൾക്കു എന്നും ഒരു പുതുമയുണ്ടായിരിക്കും. ഏതു കാലത്തായാലും ഏതു ദേശത്തായാലും ശാന്തിയും സമാധാനവും ജനക്ഷേമവും സർവോപരി രാജ്യത്തിന്റെയും ഭരണത്തിന്റെയും ഭദ്രതയും കൈവരുത്തുവാൻ പര്യാപ്തമായ ജനായത്തസൗധം കെട്ടിയുയർത്തുന്ന യത്നത്തിൽ ഏർപ്പെട്ടുന്ന ജനങ്ങൾ അവശ്യം അറിഞ്ഞിരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യേണ്ട കാര്യങ്ങളാണ് ഈ ആദർശധീരന്മാർ ഈ സന്ദർശനത്തിനിടയിൽചെയ്ത പ്രസംഗങ്ങളിൽ നിസ്തുലമായ നിപുണതയോടുകൂടി പ്രതിപാദിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ അവയിൽ ഏകദേശം പൂർണ്ണമായി റിപ്പോർട്ടു ചെയ്യുവാൻ കഴിഞ്ഞിട്ടുള്ള പ്രസംഗങ്ങളുടെ ഒരു സമാഹാരം പൊതുജനസമക്ഷം സമർപ്പിക്കുകയാണ് ഈ പ്രസിദ്ധീകരണത്തിന്റെ ഉദ്ദേശം.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രധാനമന്ത്രിയുടെ സന്ദർശനം

രണ്ടു മഹത് സന്ദർശനങ്ങളിൽ, ആദ്യമായിട്ടുണ്ടായതു് ബഹു. ഡെപ്യൂട്ടി പ്രധാന മന്ത്രിയുടേതാണ്. അദ്ദേഹം മിസ്സ് മണിബെൻ പട്ടേലുമൊന്നിച്ചു് ഫെബ്രുവരി മേയ് മാസം സംസ്ഥാനത്തു് ആഗതനായി മാസം മടങ്ങിപ്പോയി. ഇതിനിടയിൽ അദ്ദേഹം തിരുവനന്തപുരം, കന്യാകുമാരി, കൊച്ചിൻ നാവൽ ബേസ്, എറണാകുളം എന്നിവ സന്ദർശിക്കുകയും ഒട്ടുവളരെപ്പേരുമായി സംഭാഷണം നടത്തുകയും എറണാകുളത്തും തിരുവനന്തപുരത്തും ഓരോ പൊതുയോഗത്തിലും കോൺഗ്രസ്സ് പ്രവർത്തകരുടെ ഓരോ യോഗത്തിലും പ്രസംഗിക്കുകയും തിരുവനന്തപുരത്തു് ഒരു പ്രസ്സ് കോൺഫ്രൻസ് നടത്തുകയും ചെയ്തു. മേയ് മാസം ഉച്ചക്കു് മണിക്കു് ഐ. എൻ. എസ്സ്. ഡൽഹിയിൽ അദ്ദേഹം മടങ്ങിപ്പോവുകയും ചെയ്തു. ഇൻഡ്യാ ഗവൺമെൻറ് സ്റ്റേറ്റ്സ് മിനിസ്ട്രിയുടെ സിക്രട്ടറിയായ ശ്രീ. വി. പി. മേനോനും ഈ സന്ദർശനം പ്രമാണിച്ചു് സംസ്ഥാനത്തു് വന്നിരുന്നു.

ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ സന്ദർശനം

ബഹു. പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ശ്രീമതി ഇന്ദിരാ ഗാന്ധിയും കുട്ടികളുമൊന്നിച്ചു് ഫെബ്രുവരി മേയ്

ന്ന ഫ-ാംന- പകൽ ന-ന ം മണിക്കു് തിരുവനന്തപുരത്തു് വിമാനത്താവളത്തിൽ ആഗതരാവുകയും അന്നുതന്നെ കന്യാകുമാരിക്കു പോവുകയും ചെയ്തു. പിറേറ ദിവസം അദ്ദേഹം തിരുവനന്തപുരത്തേക്കു മടങ്ങിവന്നു് കോൺഗ്രസ്സ് പ്രവർത്തകരുടെ ഒരു യോഗത്തിലും ഒരു പൊതുയോഗത്തിലും പ്രസംഗിച്ചു. ജൂൺ ഫ-ാംന- അദ്ദേഹവും ശ്രീമതി ഇന്ദിരാഗാന്ധിയും കൂടികളം എറണാകുളത്തക്കു പോവുകയും അവിടെയും അദ്ദേഹം കോൺഗ്രസ്സ് പ്രവർത്തകരുടെ ഒരു യോഗത്തിലും ഒരു പൊതുയോഗത്തിലും പ്രസംഗിക്കുകയും ചെയ്തു. എറണാകുളത്തെ പൊതുയോഗത്തിലെ പ്രസംഗം കഴിഞ്ഞ ഉടനേതന്നെ അഞ്ചരമണിക്കു് ഇൻഡോനേഷ്യയിലേക്കു് അവർ പുറപ്പെടുകയും ചെയ്തു.

സ്വീകരണം

തിരുവനന്തപുരത്തും കൊച്ചിയിലും ബഹു. പ്രധാനമന്ത്രിയേയും ബഹു. ഡെപ്യൂട്ടി പ്രധാനമന്ത്രിയേയും സ്വീകരിച്ചതു് രാജപ്രമുഖൻ തിരുമനസ്സുകൊണ്ടാണു്. ബഹു. ചീഫ് മന്ത്രി, ബഹു. മന്ത്രിമാർ, ബഹു. നിയമസഭാ സ്പീക്കർ, ബഹു. ഡെപ്യൂട്ടി സ്പീക്കർ, ബഹു. ചീഫ് ജസ്റ്റീസു്, ബഹു. മറവു് ഹൈക്കോർട്ടു് ജഡ്ജിമാർ, നിയമസഭാംഗങ്ങൾ, കെ. പി. സി. സി. പ്രസിഡൻറു്, മുനിസിപ്പൽ ചെയർമാന്മാർ മുതലായവരുൾപ്പെടെ ഒട്ടധികം മാന്യന്മാർ ഈ സന്ദർഭങ്ങളിൽ സന്നിഹിതരായിരുന്നു. കൊച്ചിയിൽ കൊച്ചി മഹാരാജാവു് തിരുമനസ്സുകൊണ്ടും സന്നിഹിതനായിരുന്നു. ബഹു. ചീഫ്മന്ത്രി ബഹുമാന്യ അതിഥികളെ മറവുള്ളവർക്കു പരിചയപ്പെടുത്തിക്കൊടുത്തു.

ഗാർഡ് ഓഫ് ഓണർ

ഫൻ ഭ ം മേയ് ഫഫ-ാംന- ബോംഗാട്ടി കൊട്ടാരത്തിൽ വന്നുചേർന്ന ബഹു. ഡെപ്യൂട്ടി പ്രധാനമന്ത്രിക്കു് തിരുവിതാംകൂർ-കൊച്ചി ആർമ്ഡ് പോലീസ് റിസർവ് ഒരു ഗാർഡ് ഓഫ് ഓണർ നൽകുകയുണ്ടായി. മേയ് ഫന്ു-ാംന- ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രധാനമന്ത്രി മടങ്ങിപ്പോയപ്പോൾ ഹുസൂർ ജട്ടിയിൽവച്ചു അതേ വിഭാഗം തന്നെ അദ്ദേഹത്തിനു ഗാർഡ് ആഫ് ഓണർ നൽകി. ബഹുമാന്യാതിഥി മേയ് ഫർ-ാംന- തിരുവനന്തപുരം വിമാനത്താവളത്തിൽ വന്നിറങ്ങിയപ്പോഴും ഫന്ു-ാംന- മടങ്ങിപ്പോയപ്പോഴും തിരുവിതാംകൂർ-കൊച്ചി ആർമ്ഡ് ഫോർസസ് അദ്ദേഹത്തിനു ഗാർഡ് ഓഫ് ഓണർ നൽകുകയുണ്ടായി.


ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഫൻ ഭ ം മേയ് ന തിരുവനന്തപുരം വിമാനത്താവളത്തിൽ ഇറങ്ങിയപ്പോഴും ഫ-ാംന- കൊച്ചിയിലേക്കു് പുറപ്പെട്ടപ്പോഴും തിരുവിതാംകൂർ-കൊച്ചി ആർമ്ഡ് ഫോർസസ് ഗാഡ് ഓഫ് ഓണർ നൽകി. കൊച്ചിവിമാനത്താവളത്തിൽ ഇറങ്ങിയപ്പോഴും ഐ. എൻ. ണ്ടരുത്തിയുടേയും ഹുസൂർ ജട്ടിയിൽവച്ചു തിരുവിതാംകൂർ-കൊച്ചി ആർമ്ഡ് പോലീസ് റിസർവിന്റെയും ഗാർഡ് ഓഫ് ഓണർ നൽകപ്പെട്ടു. അന്നു വൈകുന്നേരം ഭ—ന ംനു് ബഹുമാന്യാതിഥി മടങ്ങിപ്പോയപ്പോഴും ഹുസൂർ ജട്ടിയിൽവച്ചു ആർമ്ഡ് പോലീസ് റിസർവ് അതേ വിഭാഗത്തിനു് ഗാർഡ് ആഫ് ഓണർ നൽകി.

ബാങ്കറവു്


ബഹു. പ്രധാനമന്ത്രിയും ഡെപ്യൂട്ടി പ്രധാനമന്ത്രിയും തിരുവനന്തപുരം സന്ദർശിച്ച സന്ദർഭങ്ങളിൽ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് ബാങ്കവറു് കവിടിയാർകൂന കൊട്ടാരത്തിൽവച്ചു ബഹു. അതിഥികൾക്കു് നൽകി.

വള്ളംകളി

ബഹു. പ്രധാനമന്ത്രിയുടേയും ബഹു. ഡെപ്യൂട്ടി പ്രധാനമന്ത്രിയുടേയും സന്ദർശനം പ്രമാണിച്ചു എറണാകുളത്തു മനോഹരമായ വള്ളം



(ഫോട്ടോ—ഇന്ത്യാഗവണ്മെൻറ് പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ.)



ബഹു. പ്രധാനമന്ത്രി കോൺഗ്രസ്സ് പ്രവർത്തകന്മാരുടെ യോഗത്തിൽ പ്രസംഗിക്കുന്നു.

(ഫോട്ടോ—ഇന്ത്യാഗവൺമെൻറ് പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ.)

കളികൾ നടത്തുകയും അവയിൽ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും ചുണ്ടൻവള്ളങ്ങളും മറ്റുവള്ളങ്ങളും പങ്കെടുക്കുകയും ചെയ്തു.

പൊതുസ്വീകരണങ്ങൾ

ബഹു. പ്രധാനമന്ത്രിയും ബഹു. ഡെപ്യൂട്ടി പ്രധാനമന്ത്രിയും തിരുവനന്തപുരത്തും എറണാകുളത്തും ഓരോ വമ്പിച്ച പൊതുയോഗത്തിലും കാൺഗ്രസ്സ് പ്രവർത്തകരുടെ ഓരോ പൊതുയോഗത്തിലും വെച്ചു പ്രസംഗം അന്യത്ര ചേർത്തിട്ടുണ്ട്.

യാത്രയയപ്പ്

ബഹു. പ്രധാനമന്ത്രിയും ബഹു. ഡെപ്യൂട്ടി പ്രധാനമന്ത്രിയും തങ്ങളുടെ സന്ദർശനം കഴിഞ്ഞു മടങ്ങിപ്പോയ സന്ദർഭങ്ങളിൽ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടും മറ്റ് പല മാന്യന്മാരും സന്നിഹിതരായിരുന്നു. യാത്ര അയപ്പ് രംഗങ്ങൾ അത്യന്തം ഹൃദയസ്പൃക്കായിരുന്നു.

II

ബഹുമാനപ്പെട്ട പ്രധാനമന്ത്രി കോൺഗ്രസ്സ് പ്രവർത്തകരുടെ യോഗത്തിൽ

"ചില സംഗതികളെപ്പറ്റി നിങ്ങളോട് സംസാരിക്കുന്നതിനായിട്ടാണ് ഞാൻ വീണ്ടും തിരുവനന്തപുരം സന്ദർശിക്കുന്നത്. ഞാൻ ഇവിടം സന്ദർശിച്ചിട്ട് ഇപ്പോൾ പത്തൊൻപതു വർഷം കഴിഞ്ഞിരിക്കുന്നു. പത്തൊൻപതു വർഷം സാമാന്യം ദീർഘമായ ഒരു കാലമാണ്—വിശേഷിച്ചും, നിരവധി പ്രശ്നങ്ങൾ രാജ്യത്തെ അഭിമുഖീകരിക്കുന്ന ഇക്കാലത്ത്. അതിനുശേഷം പല സംഭവങ്ങളും കടന്നുപോയി. നാം ഇക്കാലമത്രയും സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യുകയായിരുന്നു. നിങ്ങളിൽ അധികംപേരും ഈ സമരങ്ങളിൽ പങ്കെടുത്തിട്ടുണ്ടാകും. ഈ വിഷമഘട്ടങ്ങൾ തരണംചെയ്തശേഷം ലോകത്തിന്റെ ഒരു ഭാഗത്തെ ബാധിക്കുന്നതും വിഷമമേറിയതുമായ പുതിയ പ്രശ്നങ്ങളെ നാം നേരിടേണ്ടി വന്നിരിക്കുന്നു. രാജ്യത്തിന്റെ വിവിധഭാഗങ്ങളിലും പ്രശ്നങ്ങളുണ്ട്. രാജ്യത്തെ പൊതുവേ ബാധിക്കുന്ന പ്രശ്നങ്ങൾ സ്വാഭാവികമായി പ്രാദേശിക പ്രശ്നങ്ങളേക്കാൾ പ്രാധാന്യം അർഹിക്കുന്നു. രാജ്യവ്യാപകമായ പ്രശ്നങ്ങൾ രാജ്യത്തെ പൊതുവേയും, അതോടൊപ്പം പ്രാദേശിക പ്രശ്നങ്ങളേയും ബാധിക്കുന്നു. പ്രാദേശികപ്രശ്നങ്ങളും വളരെ പ്രധാനമായവതന്നെയാണ്. എന്തെന്നാൽ സ്ഥിതിഗതികളെ ഒരുകമാനം താറുമാറാക്കുവാൻ അവയ്ക്കു കഴിയും. രാജ്യത്തെ അഭിമുഖീകരിക്കുന്ന വമ്പിച്ച പ്രശ്നങ്ങളെപ്പറ്റി പൊതുക്കായ്പ്രവർത്തകർ ശരിക്കു മനസ്സിലാക്കിയിരിക്കേണ്ടതാണ്. അതായതു, നമ്മുടെ മുമ്പിലുള്ള ചിത്രം ഒന്നാകെ കാണണം. ഒരു പ്രശ്നത്തിന്റെ പ്രാദേശിക പ്രാധാന്യം നമുക്കു ശരിയായും പൂർണ്ണമായും മനസ്സിലാകണമെങ്കിൽ രാജ്യത്തെ ഒരുകമാനമെന്നല്ല ലോകത്തെ പൊതുവിൽതന്നെ ബാധിക്കുന്ന പ്രശ്നങ്ങളേപ്പറ്റി നമുക്കു സാമാന്യമായ അറിവുണ്ടായിരിക്കണം." എന്നാണ് ഫൻ 80 ജൂൺ 4-ാംനു തിരുവനന്തപുരത്തുകൂടിയ കോൺഗ്രസ്സു പ്രവർത്തകരുടെ യോഗത്തിൽ ബഹു. ഇൻഡ്യാ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രസ്താവിച്ചതു്. അദ്ദേഹം തുടർന്നു.


സ്വാതന്ത്ര്യം നേടിയതെങ്ങിനെ ?

"ഇവിടത്തെ ബ്രിട്ടീഷു സാമ്രാജ്യ ദുഷ്പ്രഭുത്വത്തിനെതിരായി നാം സമരം ചെയ്യുകയായിരുന്നു. ചില ഘട്ടങ്ങളിൽ നാം വളർത്തി. ചില പരാജയങ്ങളും നമുക്കുണ്ടായി. ഒന്നാമതായി വിഷമങ്ങളെ നേരിടുന്നതിനു ആവശ്യമായ ശിക്ഷണ ബോധം നാം വളർത്തി. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ സംഘടിക്കുന്നതിനുള്ള കഴിവും നാം വളർത്തി. കഴിഞ്ഞകാലത്തെ മനോഗതി എന്തായിരുന്നാലും മഹാത്മാഗാന്ധി അനുശാസിച്ച തത്വങ്ങളാണ് നമ്മെ നയിച്ചുകൊണ്ടിരിക്കുന്നതു്. ഇരുതരമായ ഒരു സമരം നാം തുടങ്ങിയിട്ട് ഇരുപതുകൊല്ലം കഴിഞ്ഞു. സമരത്തിൽ നമുക്കു ഗണ്യമായ വിജയം സിദ്ധിച്ചു. മഹാത്മാഗാന്ധി നൂതനമായി നിർദ്ദേശിച്ച പ്രവർത്തനമാർഗ്ഗം അവലംബിച്ചുവിജയസിദ്ധിക്കുള്ള മാർഗ്ഗം നാം കാണിച്ചിരിക്കുകയാണ്. കൂടക്കൂടെ നമുക്കു പരാജയം നേരിടേണ്ടിവന്നിട്ടുണ്ട്. കൂടക്കൂടെ രാജ്യം കീഴ്മേൽ മറിയുന്നതും കാണുന്നുണ്ടായിരുന്നു. ഏതായാലും നാം വിജയം വരിച്ചു. പ്രതീക്ഷിച്ചതിനേക്കാൾ നേരത്തേയും

തിരുവനന്തപുരം വിമാന താവളത്തിൽവെച്ച് ബഹു. പ്രധാനമന്ത്രി തിരുവിതാംകൂർ-കൊച്ചി ആർമ്ഡ് ഫോർസസ് നൽകിയ ഗാർഡ് ഓഫ് ഓണർ പരിശോധിക്കുന്നു.



(ഫോട്ടോ—ഇന്ത്യാഗവൺമെൻറ് പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ.)



ബഹു. പ്രധാനമന്ത്രി രാജപ്രമുഖൻ തിരുമനസ്സൊന്നിച്ചു് ഒരു ജീപ്പിൽ പോകുന്നതു്.

(ഫോട്ടോ—ഇന്ത്യാഗവൺമെൻറ് പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ.)

നന്നായും ആണ് നമുക്ക് വിജയം ലഭിച്ചതു്. അദ്ദേഹത്തിന്റെ പ്രവർത്തനമാർഗ്ഗം അവലംബിക്കുന്നതിൽ നാം ജയിക്കുകതന്നെ ചെയ്യും.

അങ്ങനെ പൊതുവിൽ നാം സ്വാതന്ത്ര്യം നേടിക്കഴിഞ്ഞപ്പോഴേക്കു തികച്ചും വിപരീതമായ പരിതസ്ഥിതി ആവിർഭവിച്ചു. നാം നിഷ്പ്രയാസം വിജയം സമ്പാദിച്ചതാണ് അതിനു കാരണം. നമുക്കു നിഷ്പ്രയാസം സ്വാതന്ത്ര്യം ലഭിച്ചു എന്നു് ജനങ്ങൾ കരുതുന്നു. പ്രസംഗങ്ങൾമുഖേന വിജയം കൈവന്നുഎന്നു അവർ കരുതുന്നു. അതു ശരിയല്ല. നിഷ്പ്രയാസം സ്വാതന്ത്ര്യം ലഭിച്ചു എന്നു ഞാൻ പറഞ്ഞാൽ അതു തികച്ചും ശരിയായിരിക്കയില്ല. മിക്ക രാജ്യങ്ങളിലും ഉണ്ടായിട്ടുള്ളപോലെ യുദ്ധവും രക്തച്ചൊരിച്ചിലും നടത്താതെ സ്വാതന്ത്ര്യം സമ്പാദിച്ചു എന്ന അർത്ഥത്തിൽ മാത്രമാണ് നിഷ്പ്രയാസം എന്നു ഞാൻ പറയുന്നതു്. യഥാർത്ഥത്തിൽ വമ്പിച്ച ക്ലേശവും യാതനയും സഹിച്ചാണ് നാം സ്വാതന്ത്ര്യം നേടിയതു്. അതായതു്, വിജയത്തിനു നാം ശരിയായ വില നൽകി. വില നൽകാതെ വിജയം സാദ്ധ്യവുമല്ല. സ്വാതന്ത്ര്യത്തോടൊപ്പം ചില ഭാരങ്ങളും ചുമതലകളും നമ്മിൽ വന്നു ചേർന്നു. നമ്മുടെ സമരം രക്തച്ചൊരിച്ചിൽ മുഖേനയുള്ള വിപ്ലവമായിരുന്നില്ല. അതിനാൽ മുദ്രാവാക്യങ്ങൾ മുഴക്കിയും പ്രമേയങ്ങൾ പാസ്സാക്കിയും വലിയ പരിവർത്തനങ്ങൾ നിഷ്പ്രയാസം കൈവരുത്തുവാൻ കഴിയുമെന്നു് യുവലോകം കരുതുന്നു.

സ്വാതന്ത്ര്യത്തെ തുടർന്നുള്ള ചുമതലകൾ

മറ്റൊരു വൈഷമ്യം നമ്മെ അഭിമുഖീകരിക്കുന്നു. ആ പ്രശ്നത്തെ നിസ്സാരമായിനേരിടുവാൻ സാദ്ധ്യമല്ല. നാം ക്ലേശിച്ചു അതിനുവേണ്ട പരിശീലനം ക്രമേണ സമ്പാദിക്കണം. സ്വാതന്ത്ര്യം പല നല്ല കാര്യങ്ങളും കൊണ്ടുവരുന്നതോടൊപ്പം ചില ഭാരങ്ങളും ചില ചുമതലകളും കൂടി നിക്ഷേപിക്കുന്നു എന്ന വസ്തുത തിട്ടയായും അധികംപേരും മനസ്സിലാക്കുന്നില്ല. ഏതൊരവകാശത്തിന്റേയും കൂടെ ചില ചുമതലകളും വരുന്നുണ്ടു്. മഹാത്മാഗാന്ധി മറിച്ചാണു് പറഞ്ഞതു്. നാം നമ്മുടെ കടമ നിർവ്വഹിച്ചാൽ നമുക്കു നമ്മുടെ അവകാശവും ലഭിക്കും, എന്നു അദ്ദേഹം പറഞ്ഞു. പ്രക്ഷോഭണം നടത്തുമ്പോൾ അവകാശങ്ങളെപ്പറ്റി മാത്രമാണു് വാദിക്കാറുള്ളതു്. കടമകളേപ്പറ്റി ശബ്ദിക്കാറില്ല. അദ്ദേഹം പറഞ്ഞതു മറിച്ചാണു്. "നിങ്ങളുടെ കടമകൾ, കർത്തവ്യങ്ങൾ, നിറവേറ്റുക; അവകാശം നിങ്ങളുടെ അടുക്കൽ വന്നുചേരും." അല്ലാതെ കർത്തവ്യങ്ങൾ നിറവേറ്റാതെ അവകാശം എങ്ങിനെയെങ്കിലും ലഭിച്ചുകഴിഞ്ഞാൽ അതിനു നിങ്ങൾ വില നൽകേണ്ടിവരും; ഭാരിച്ച വില. കൂടുതൽ ഉത്സാഹമായൊ അവകാശംതന്നെ നഷ്ടപ്പെട്ടോ വില നൽകേണ്ടിവരും. നിത്യ ജാഗ്രതയാണു് സ്വാതന്ത്ര്യത്തിന്റെ വിലയെന്നു നിങ്ങൾക്കു ഒരു പക്ഷേ അറിവുണ്ടായിരിക്കും. മറ്റു പല കാര്യങ്ങളും ഓർക്കേണ്ടതുണ്ടു്. സ്വാതന്ത്ര്യം എന്നു പറയുന്നതു കൊണ്ടു് സാമ്പത്തികസ്വാതന്ത്ര്യം ലഭിച്ചു എന്നർത്ഥമാവുകയില്ല. മറ്റു് സ്വാതന്ത്ര്യങ്ങളിൽ ഭാരം നിക്ഷേപിച്ചുകൊണ്ടുള്ള രാഷ്ട്രീയ സ്വാതന്ത്ര്യം നമുക്കു് കിട്ടി എന്നേ അർത്ഥമുള്ളൂ. ആദ്യം കോൺഗ്രസ്സിൽ വളരെ കുറച്ചുപേർ മാത്രമെ ഉണ്ടായിരുന്നുള്ളൂ. പത്തിരുപതു് വർഷംകൊണ്ടു് അതിനു് ഇന്നത്തെ അംഗബലം ഉണ്ടായി. ഇന്നു് കോൺഗ്രസ്സു് അധികാരം വഹിക്കുന്നു. ഇടത്തരക്കാർ കോൺഗ്രസ്സിൽ വന്നപ്പോൾ ആശയങ്ങൾ തമ്മിലുള്ള മത്സരമുണ്ടായിതുടങ്ങി. തീവ്രവാദികളും മിതവാദികളും ഉണ്ടായിരുന്നു. തീവ്രവാദികളുടെ നേതാവു് ലോകമാന്യതിലകനും മിതവാദികളുടെ നേതാവു് ഗോഖലെയും ആയിരുന്നു. രണ്ടുപേരും അവരവരുടെ സമീപന മാർഗ്ഗത്തെക്കുറിച്ചു് ശക്തിയായി വാദിച്ചു. സാമാന്യമായി പറഞ്ഞാൽ ലോകമാന്യതിലകൻ ലോവർ മിഡിൽ ക്ലാസിനെ പ്രതിനിധീകരിക്കുന്ന വിഭാ

ഗത്തിന്റെ നേതാവും ഗോഖലെ പഴയ നേതൃത്വത്തിന്റെ പ്രതിനിധിയും ആയിരുന്നു. ഏതാനും വർഷങ്ങൾക്കു ശേഷം ഗാന്ധിജി കോൺഗ്രസ്സിലേക്കു വന്നു. അദ്ദേഹം കോൺഗ്രസ്സിൽ ഒരു പരിവർത്തനം വരുത്തി. അപ്പർ മിഡിൽ ക്ലാസ്സ്, ലോവർ മിഡിൽ ക്ലാസ്സ് എന്നീ രണ്ടു വിഭാഗങ്ങളേയും അദ്ദേഹം കൂട്ടിയിണക്കി. അങ്ങനെ ഇടംപ്രഥമമായി കോൺഗ്രസ്സ് ഒരു സാവ്വജനിന സംഘടനയായിത്തീർന്നു. അന്നും കോൺഗ്രസ്സിന്റെ നേതൃത്വം ഇടത്തരക്കാരുടെ കയ്യിൽ നാഷണൽ മിഡിൽ ക്ലാസ്സ് എന്നു പറയപ്പെടുന്നവരുടെ കയ്യിൽ തന്നെ ആയിരുന്നു. കോൺഗ്രസ്സിൽ സാമാന്യജനങ്ങൾ ധാരാളമായി ചേർന്നു തുടങ്ങുകയും അവരുടെ പ്രേരണ കോൺഗ്രസ്സിന്റെ നയത്തെ സംബന്ധിച്ചിടത്തോളം പ്രബലപ്പെടുകയും ചെയ്തു. കോൺഗ്രസ്സിന്റെ നയമാകട്ടെ ഒന്നാമതായി ദേശീയ സ്വാതന്ത്ര്യപ്രാപ്തിയായിരുന്നു. കോൺഗ്രസ്സ് സാമാന്യജനതയെ പ്രതിനിധീകരിക്കുന്നതിനാൽ സാമാന്യജനങ്ങളുടെ സാമ്പത്തികോന്നമനത്തെ അടിസ്ഥാനമാക്കിയാണ് കോൺഗ്രസ്സ് സ്വാതന്ത്ര്യത്തെ വീക്ഷിച്ചതു്. അതുകൊണ്ടാൽ നമ്മുടെ പരിപാടി കേവലം ദേശിയസ്വാതന്ത്ര്യപ്രാപ്തിയെ മാത്രമല്ല സാമ്പത്തിക സ്വാതന്ത്ര്യത്തെക്കൂടി ആധാരമാക്കി ആസൂത്രണംചെയ്തു. ചില കാര്യങ്ങളിൽ മറ്റു രാജ്യങ്ങളിലെ ദേശീയപ്രസ്ഥാനങ്ങളോടു് സാദൃശ്യം വഹിക്കുന്ന നമ്മുടെ ദേശിയപ്രസ്ഥാനത്തിന്റെ ഒരു ചുരുങ്ങിയ അപഗ്രഥനം നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നതിനാണ് ഞാൻ ശ്രമിക്കുന്നതു്.രണ്ടു കാര്യങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതുണ്ടു്. ഒന്നു ഞാൻ ഇപ്പോൾ പറഞ്ഞ കാര്യംതന്നെ. അതായതു്, രാഷ്ട്രീയ പരിപാടിക്കു പുറമെ നാം ഒരു സാമ്പത്തിക പരിപാടിയും തയാറാക്കി. അധഃസ്ഥിതരെന്നു, അവശരെന്നു, സാമാന്യമായി പറയുന്നവർക്കുവേണ്ടി പ്രത്യേകമായി കോൺഗ്രസ്സ് ഒരിക്കലും നിലകൊണ്ടിട്ടില്ല. എങ്കിലും ഇൻഡ്യയിലെ കർഷകജനതയ്ക്കുവേണ്ടി കോൺഗ്രസ്സ് നിലകൊള്ളുകയുണ്ടായി. രണ്ടാമതായി മറ്റു ദേശീയപ്രസ്ഥാനങ്ങളിൽനിന്നും നമ്മുടെ ദേശിയപ്രസ്ഥാനം തികച്ചും വ്യത്യാസപ്പെട്ടിരിക്കുന്ന ഒരു പ്രധാന സംഗതി നമ്മുടെ പ്രസ്ഥാനം ഗാന്ധിജിയുടെ പ്രേരണയിൽ അവലംബിച്ച പ്രവർത്തന മാർഗ്ഗമാണു്. വിവാദപ്രശ്നങ്ങളെ സമാധാനപരമായി കൈകാര്യം ചെയ്യുന്നരീതിയും അഹിംസാമാർഗ്ഗവും മറ്റു രാജ്യങ്ങളിലെ ദേശീയപ്രസ്ഥാനങ്ങളിൽനിന്നും തികച്ചും വിഭിന്നമാണു്. അക്രമരാഹിത്യത്തിൽനിന്നും ഗാന്ധിജി എത്രമാത്രം ശക്തി സംഭരിച്ചു എന്നു് നിങ്ങൾ ഓർമ്മിക്കുമല്ലൊ. മറ്റൊരു വലിയ നേട്ടം ദേശിയ ഐക്യം ആയിരുന്നു. എന്തെന്നാൽ ഇൻഡ്യയെപ്പോലുള്ള ഒരു രാജ്യത്തു വിവിധ സമുദായങ്ങളുടേയും മദ്ധ്യത്തിൽ സ്വാതന്ത്ര്യം പടുത്തുയർത്തേണ്ടതു് തികച്ചും ആവശ്യമാണെന്നു നിങ്ങൾക്കറിയാമല്ലൊ. അല്ലാത്തപക്ഷം പ്രതിയോഗിയെ നേരിടുന്നതിനും ശക്തിമത്തായ നാഷണൽ സ്റ്റേറ്റു് നിർമ്മിക്കുന്നതിനും തക്ക ശക്തി നമുക്കു് സിദ്ധിക്കുന്നതല്ല. ശക്തി ഉണ്ടായിരുന്നാൽതന്നെയും ഐക്യം കൂടാതെ ഭിന്നിച്ചു് പിരിയാനുള്ള വാസനയാണു് നമ്മുടെ രാജ്യത്തുള്ളതു്. ആകയാൽ അദ്ദേഹം ദേശീയ ഐക്യം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള മഹായത്നം ആരംഭിക്കുകയും ഈ ഐക്യത്തിനു് രൂപം നൽകണമെങ്കിൽ ഹിന്ദു-മുസ്ലിം പ്രശ്നത്തെ നേരിടണമെന്നു മനസ്സിലാക്കുകയും ചെയ്തു. അതനുസരിച്ചു് ഹിന്ദു-മുസ്ലിം ഐക്യത്തെപ്പറ്റി അദ്ദേഹം പ്രസംഗിക്കുവാൻ തുടങ്ങി. ഭിന്നമതവിഭാഗങ്ങൾ തമ്മിലുള്ള ഐക്യം കൂടാതെ യഥാർത്ഥമായ സ്വാതന്ത്ര്യമോ ഐക്യമോ കൈവരുന്നതല്ലെന്നു കണ്ടു് അതിനുവേണ്ടി അദ്ദേഹം പ്രയത്നിച്ചു.

ഇന്ത്യാ ചരിത്രത്തിന്റെ പ്രത്യേകത

ഇനി ഇൻഡ്യയുടെ ചരിത്രത്തിലേക്കു് ഒന്നു തിരിഞ്ഞാൽ നാം ഒരിക്കലും ബുദ്ധിസാമർത്ഥ്യം ഇല്ലാത്തവരായിരുന്നിട്ടില്ലെന്നു കാണാം. നാം ബുദ്ധിശാലികളാണു്, ധീരരുമാണു്. എന്നാൽ രണ്ടു പോരായ്മകൾ നമുക്കുണ്ടായി. നമുക്കു് ഐക്യം ഇല്ലായിരുന്നു. നാ

മുക്ക് അച്ചടക്കമില്ലായിരുന്നു. ഈ പോരായ്മകൾമൂലം നമ്മുടെ മറ്റു ഗുണങ്ങളെല്ലാം ഒഴുകിപ്പോയി. സുശിക്ഷിതനായ പ്രതിയോഗിയെ നേരിടാൻ നമുക്ക് കഴിവില്ലാതേയും വന്നു. അതിനാൽ അച്ചടക്കത്തേയും ഐക്യത്തേയുംപറ്റി ഗാന്ധിജി ഉദ്ബോധിപ്പിച്ചു. അയിത്തം തുടങ്ങിയ അനാചാരങ്ങളെ ഇല്ലായ്മചെയ്യുന്നതിനും അദ്ദേഹം ഉൽബോധിപ്പിച്ചു. എന്തെന്നാൽ ഒരു വലിയ വിഭാഗം ജനങ്ങളെ സാമൂഹ്യമായി അമർത്തിവച്ചിരുന്നാൽ നമുക്ക് സ്വാതന്ത്ര്യത്തിനുള്ള അവകാശം ഇല്ലാതാകുന്നു. അതിനാൽ വിവിധവിഭാഗങ്ങളെ വേലികെട്ടിത്തിരിക്കാതെ ദേശീയമായി ചിന്തിച്ചു സ്വാതന്ത്ര്യത്തിനു വേണ്ടി സമരം ചെയ്യുവാൻ അദ്ദേഹം നമ്മെ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ മൂന്നാമത്തെ പരിപാടി ചർക്കയും ഖാദിയും ആയിരുന്നു. അതിന്റെ സാമ്പത്തികവശങ്ങൾ പോകട്ടെ. അതിനു് മറ്റു ചില സുപ്രധാനങ്ങളായ വശങ്ങളുമുണ്ട്. സ്വാശ്രയശീലം നമ്മിൽ ഉളവാക്കണം; വെറും പ്രസംഗംമാത്രം നടത്താതെ ഓരോരുത്തരും എന്തെങ്കിലും പ്രവൃത്തി ചെയ്യണം. അതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. ഇതിന്റെ സാമ്പത്തികവശം അപഹാസ്യമായിരിക്കാം. ആ പ്രശ്നം മറ്റു വിധത്തിൽ പരിഹരിക്കണം. എന്നാൽ സ്വതന്ത്ര ഭാരത സൃഷ്ടിക്കുവേണ്ടി നാമെല്ലാം ഈ യജ്ഞത്തിൽ പ്രവേശിക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. ഏതാനും ആളുകളോ, ഏതാനും നേതാക്കളോ ഏതാനും പ്രക്ഷോഭകരോ മാത്രം അതു ചെയ്യാൽ പോരാ. ഓരോ പുരുഷനും, സ്ത്രീയും, കുട്ടിയും അവർക്കു കഴിയുംവിധം അതു ചെയ്യണം. ഒരു മഹത്തായ ആദർശത്തിനു വേണ്ടി എല്ലാവരും അതു ചെയ്യണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. എന്തെന്നാൽ മഹാത്മജി അദ്ദേഹത്തിന്റെ മറ്റു ഗുണങ്ങൾക്കു പുറമേ ഒരു മനശാസ്ത്രവിദഗ്ധനുമായിരുന്നു. അദ്ദേഹത്തിനു സാമാന്യജനങ്ങളുടെ ചിന്താഗതി മനസ്സിലായിരുന്നു. അതിനാൽ ഖാദിപ്രസ്ഥാനം സൃഷ്ടിപരിപാടി മുഴുവൻതന്നെയും അദ്ദേഹം ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു. ജനങ്ങൾക്കു ഗുണം ഉണ്ടാകുന്ന ഉപാധി എന്ന നിലയിൽ മാത്രമല്ല ഓരോ വ്യക്തിയുടേയും ഉന്നമനത്തിനു ജോലി ഉണ്ടാക്കുന്നതിനുള്ള ഒരു മഹായത്നത്തിൽ താനും ഭാഗഭാക്കാകുന്നുവെന്ന ബോധ്യം ഓരോരുത്തരിലും ഉളവാകുന്നതിനും ഉള്ള ഉപാധി എന്ന നിലയിൽകൂടിയാണ് ഈ പരിപാടി അവതരിപ്പിച്ചതു്. അതിന്റെ സാമ്പത്തികവശം നല്ലതോ ചീത്തയോ ആകാം. അദ്ദേഹം തന്റെ ശക്തിയും ജനസാമാന്യത്തിന്റെ ശക്തിയും ആ മഹാപ്രസ്ഥാനത്തിലേക്കു ആകഷ്ടിച്ചു. അതു എല്ലാവരും ചെയ്യാൻ അദ്ദേഹം ആവശ്യപ്പെട്ടു. അങ്ങനെ കോൺഗ്രസ്സുകാരുടെ ഇടയിൽ സമതാവും കോൺഗ്രസ്സുകാരുടേയും പൊതുജനങ്ങളുടേയും ഇടയിൽ അനാഡംബരതാവും കൈവരുത്തണമെന്നും ആയിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം; അങ്ങനെ മോടിയായ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് നടക്കുന്നവർ തന്നത്താൻ ലജ്ജിക്കുവാൻ ഇടവരികയും ചെയ്തു സ്വകായ്ജീവിതത്തിൽ മാത്രമല്ല പൊതുക്കായ്ജീവിതത്തിലും അദ്ദേഹം അനാഡംബരതാ ശീലിച്ചു. ഈ അടിസ്ഥാനകായ്ങ്ങളെല്ലാം മുപ്പതു വർഷങ്ങൾക്കു മുമ്പു അദ്ദേഹം അവതരിപ്പിച്ചു. അദ്ദേഹത്തിൽ നിന്നും ലഭിച്ച പാഠങ്ങൾ വെച്ചുകൊണ്ടു നാം സുശക്തമായ ഒരു പ്രസ്ഥാനം ഈ രാജ്യത്തു ആരംഭിച്ചു. അതിനു ഒരു രാഷ്ട്രീയമായ ആശയവും, ധാർമ്മികമായ ലക്ഷ്യവും സാമ്പത്തികമായ പ്രസക്തിയും ഉണ്ടായിരുന്നു. രാഷ്ട്രീയമായ ആശയത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം വിജയിച്ചു. ഇൻഡ്യ ഇന്നു ഒരു സ്വതന്ത്രരാഷ്ട്രമായി തീർന്നിട്ടുണ്ട്. അത്രത്തോളം നാം വിജയിച്ചു. മറ്റു കായ്ങ്ങളിൽ നമുക്കു എത്രമാത്രം വിജയമുണ്ടായിട്ടുണ്ടെന്നു പറയുക വിഷമമാണു്.


സാമ്പത്തിക പരിവർത്തനം

"സാമ്പത്തികമേഖലയിൽ നമുക്കുള്ളനേട്ടങ്ങൾ എന്തെല്ലാമാണു്? കോൺഗ്രസു് ഒരു സാമ്പത്തികനയം സ്വീകരിച്ചു. സ്വാതന്ത്ര്യപ്രാപ്തിമുതൽ ആ നയത്തെ അവലംബിക്കാൻ നാം ശ്രമിക്കുകയാണു്.

നിഷ്ക്രിയത്വംമൂലം സ്വാതന്ത്ര്യം പ്രാപിച്ച അന്നുമുതൽ നിരവധി പ്രശ്നങ്ങളും, അതായത് രണ്ടാംമഹായുദ്ധം സൃഷ്ടിച്ചുവിട്ടതും ലോകത്തിന്റെ സാമ്പത്തികഘടനയെ തലകീഴ് മറിച്ചുതുമായ പ്രശ്നങ്ങളും, നമുക്കു നേരിടേണ്ടതായിവന്നു. യുദ്ധകാലത്ത് ധാരാളം ധനം—കടലാസ് ധനമായിരുന്നുവെങ്കിലും—കൈമറിയുന്നതായി കാണപ്പെട്ടു. ജനങ്ങളുടെ മനസ്സിൽ സമ്പത്തിനെപ്പറ്റിയുള്ള ഒരു തെറ്റായ ധാരണ കടന്നുകൂടി. അത് യഥാർത്ഥസമ്പത്തല്ലെന്നു പിന്നീട് ക്രമേണ ബോദ്ധ്യപ്പെട്ടു. യുദ്ധം പണമുണ്ടാക്കുന്നില്ല. യുദ്ധം നശീകരണമാണ് നടത്തുന്നത്. യുദ്ധംമൂലം കുറെ പണം വരുന്നുണ്ട്. ശരിതന്നെ. എന്നാൽ ജീവിതത്തിന്റേയും മരണത്തിന്റേയും നടുവിലുള്ള സമരത്തിൽ ജനങ്ങളും ക്ലേശിച്ചുണ്ടാക്കുന്ന പണം നശിക്കുകയാണ് ചെയ്യുന്നത്. ഇംഗ്ലണ്ടിലേയും ജർമ്മനിയിലേയും ജനങ്ങളെയാണ് യുദ്ധം കൂടുതലായി ബാധിച്ചത്. അവരുടെ സാമ്പത്തികസ്ഥിതി ശരിപ്പെടുത്തുന്നതിനായി ഇപ്പോഴും അവർ രാപകൽ അദ്ധ്വാനിക്കുന്നു. യുദ്ധം നമ്മെ സാരമായി ബാധിച്ചിട്ടില്ല. യുദ്ധം പരമമായി സമ്പത്തിനെ നശിപ്പിക്കുകയാണ്. ഭാരിച്ച ധനവ്യയം ചെയ്യുണ്ടാക്കുന്ന വെടിക്കോപ്പുകളും മുഖേനയായാലും ഭക്ഷ്യപദാർത്ഥങ്ങളും മുഖേനയായാലും ഫലം അതുതന്നെയാണ്. അതിനാൽ ഭയങ്കരമായ നശീകരണത്തിനും മനുഷ്യനു ആവശ്യമായ പദാർത്ഥങ്ങളുടെ ദുർലഭതയ്ക്കും ശേഷമാണ് യുദ്ധാനന്തരം ഇൻഡ്യയിലും ലോകത്താകമാനവും ഭക്ഷ്യപദാർത്ഥങ്ങൾക്കു വലിയ ക്ഷാമമുണ്ടായി. അതിനാൽ യുദ്ധാനന്തരപ്രശ്നങ്ങളും ഇൻഡ്യയിൽ മാത്രമല്ല ലോകത്താകമാനം നേരിടേണ്ടിവന്നിരിക്കുന്നു. ഭക്ഷ്യപ്രശ്നം ഗുരുതരമാണ്. മറ്റു സംഭവങ്ങളും അതിനെ കൂടുതൽ തകരാറാക്കി.


വിഭജനഭവിഷ്യത്തുകൾ

"അതിനെ തുടർന്ന രാജ്യത്തിന്റെ വിഭജനം വന്നു. വിഭജനത്തെ തുടർന്ന ഭയങ്കരങ്ങളായ ഭവിഷ്യത്തുകളും ഉണ്ടായി. അതു ജീവനുള്ള ഒരു ശരീരത്തിന്റെ വിഭജനമായിരുന്നു. അതു നമ്മുടെ രാഷ്ട്രീയവും, സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തേയും മറ്റെല്ലാറ്റിനേയും താറുമാറാക്കി. നിങ്ങൾക്കു തെക്കെ ഇൻഡ്യയിൽ അതിനെപ്പറ്റി വലുതായ വേദനയൊന്നും ഉണ്ടാകുന്നില്ല. ഉത്തരേൻഡ്യാപൊതുവേ ഇളകി മറിയുകതന്നെ ചെയ്തു. സൈന്യം താറുമാറായി. നമ്മുടെ സേനയെ രണ്ടായി വിഭജിച്ചു. നമ്മുടെ പോസ്റ്റൽ സമ്പ്രദായം, നമ്മുടെ ടെലഗ്രാഫ്സമ്പ്രദായം, നമ്മുടെ റയിൽവേ, നമ്മുടെ ജലസേചനപദ്ധതികൾ ഇങ്ങനെ പലതും രണ്ടായി വിഭജിക്കപ്പെട്ടു. ഇതെല്ലാം അതിന്റെ മനഃശാസ്ത്രപരമായും മറ്റുമുള്ള വശങ്ങൾക്കു പുറമേയാണ്. ബ്രിട്ടിഷ് ഭരണത്തിൽനിന്നു സ്വതന്ത്രഭരണത്തിലേക്കുള്ള പരിവർത്തനം നമുക്കു നേരിടേണ്ടതായിവന്നു. ആ പരിവർത്തനം നമുക്കു എത്ര സമാധാനപരമായിരിക്കുന്നു എങ്കിലും അതു് ഒരു വലിയ പരിവർത്തനമായിരുന്നു. വിഭജനംമൂലം ആ പരിവർത്തനം അത്യന്തം വിഷമതരമായിത്തീർന്നു. വിഭജനത്തെതുടർന്നു ഗുരുതരമായ കലാപമുണ്ടായി. കൊള്ളയും, കൊലപാതകവും, അഭയം തേടിയുള്ള പ്രയാണവും എല്ലാം അത്യന്തം ഭയാനകമായിരുന്നു. പഞ്ചാബിലാകമാനം, പാക്കിസ്ഥാനിലാകമാനം, ഇൻഡ്യയിൽ കിഴക്കെ പഞ്ചാബ്, മദ്ധ്യഡൽഹിവരേയ്ക്കും, ഐക്യസംസ്ഥാനത്തിന്റെ ഉത്തരപ്രദേശങ്ങളിൽ; ഇവിടെയെല്ലാം കലാപം തല ഉയർത്തി. കുറ്റമെല്ലാം പാക്കിസ്ഥാന്റെ മേൽ മാത്രം ചുമത്താൻ സാധ്യമല്ലെന്നു നാം സമ്മതിക്കണം. എന്തെന്നാൽ രണ്ടു ഭാഗത്തും അതിഭയാനകവും മൃഗീയവുമായ കൃത്യങ്ങൾ നടന്നു. അതുകയാൽ രാജ്യത്തെ രണ്ടായി മുറിച്ചു എന്നു മാത്രമല്ല ഇൻഡ്യയുടെ ഗാത്രത്തിൽ ആഴമുള്ള മുറിവുകളും ഏറ്റു. ശാരീരികമായുണ്ടായ മുറിവുകൾ ഭയങ്കരമായിരുന്നു. എന്നാൽ സാമൂഹികവും മാനസികവുമായ മുറിവുകൾ അതിലും ഭയാനകമായിരുന്നു. നാം, നമ്മുടെ ജനങ്ങൾ, ഈ യാതനകൾക്കു് ഏറ്റക്കുറെ ഉത്തരവാദിത്വം വഹിക്കുന്നു എന്നും ചില സന്ദർഭങ്ങളിൽ നമുക്കു് എത്രമാത്രം മൃഗീയമാകുന്നതിനും നാം അഭിമാനംകൊള്ളുന്നു എന്നുള്ളതും ദൂരെ എ




പണ്ഡിറ്റ് ജവഹർലാർ നെഹ്റു വള്ളംകളി ഭംഗി ക്കുന്നു.

(ഫോട്ടോ—ഇന്ത്യാഗവൺമെൻറ് ഇൻഫർമേഷൻ ബ്യൂറോ.)



പണ്ഡിറ്റ് ജവഹർലാൽനെഹ്റു എറണാകുളം പൊതുയോഗത്തിൽ പ്രസംഗിക്കുന്നതു്.

(ഫോട്ടോ—ഇന്ത്യാഗവണ്മെൻറ് ഇൻഫർമേഷൻ ബ്യൂറോ.)



സർദാർ വല്ലഭായി പട്ടേൽ എറണാകുളം പൊതുയോഗത്തിൽ പ്രസംഗിക്കുന്നതു .

(ഫോട്ടോ—ഇന്ത്യാഗവൺമെന്റു് ഇൻഫർമേഷൻ ബ്യൂറോ.)

അതിനാൽ ഒരു രാജ്യത്തിനു് ആത്മവിശ്വാസവും സ്വശക്തിയെപ്പറ്റിയുള്ള ബോധവും ഉണ്ടായിരുന്നാൽ പുറമേനിന്നുള്ള ഏതെങ്കിലും വിപത്തിനു് അതിനെ കീഴ്പ്പെടുത്തുവാൻ സാധിച്ചെന്നുവരുന്നതല്ല. എന്നാൽ അതു ബലഹീനവും ജനങ്ങളുടെയിടയിലെ കലഹങ്ങളാൽ ശിഥിലവുമാണെങ്കിൽ പുറമേനിന്നും വരുന്ന ഏതു ചെറിയ വിപത്തിനും അതിനെ കീഴ്പ്പെടുത്തുവാൻ കഴിയും. അതിനാൽ പെളിയിൽനിന്നുള്ള വിപത്തിനെപ്പറ്റി അധികമൊന്നും ചിന്തിക്കുകയും ക്ലേശിക്കുകയും ചെയ്തിട്ടു കാര്യമില്ല. ആപത്തു വരുന്നെങ്കിൽ അതു നമ്മുടെ ഉടയിൽനിന്നുതന്നെ ആയിരിക്കും. പെളിയിൽനിന്നായിരിക്കുകയില്ല. മഹാത്മാഗാന്ധി ഇക്കാര്യങ്ങളെ ഒരു പ്രത്യേകതരത്തിലാണു് വീക്ഷിച്ചിരുന്നതു്. ഒരൊറ്റ വ്യക്തി മതി, അയാൾക്കു ചങ്കൂറ്റവും അയാളിലും അയാളുടെ സംരംഭത്തിലും ഉറച്ച വിശ്വാസവും ഉണ്ടെങ്കിൽ യാതൊരുത്തർക്കും അയാളെ തോല്പിക്കുവാൻ ഒരിക്കലും സാധ്യമല്ലെന്നു് അദ്ദേഹം പ്രസ്താവിച്ചു. ഒരു രാഷ്ട്രത്തിന്റെ സർവ്വശക്തികളും, പട്ടാളവും, ആയുധങ്ങളും പ്രയോഗിച്ചാലും അയാളെ തോല്പിക്കുവാൻ സാധ്യമല്ല. അദ്ദേഹം വലിയ നിയമനിഷേധപ്രസ്ഥാനങ്ങൾ ആരംഭിച്ചു ജനങ്ങളെയാകമാനം അതിലേക്കിറക്കുന്നതുകണ്ടു ചിലർ അത്ഭുതപ്പെടാനുണ്ടായിരുന്നു. എന്നാൽ വ്യക്തിസത്യഗ്രഹം എന്നു് അദ്ദേഹം പറഞ്ഞിരുന്ന പ്രസ്ഥാനം ആരംഭിച്ചപ്പോൾ ജനങ്ങൾക്കു് അതു മനസ്സിലാക്കുവാൻ സാധിച്ചില്ല. ഒരു ശക്തിമത്തായ ഗവണ്മെണ്ടിനോടു പൊരുതുവാൻ ഏതാനും വ്യക്തികളോടു് അദ്ദേഹം ആവശ്യപ്പെട്ടു. പലരും അതുകേട്ടു ചിരിച്ചു. "ഏതാനും വ്യക്തികൾ സിവിലാജ്ഞാലംഘനം നടത്തി അതിന്റെ ശക്തികൊണ്ടു ബ്രിട്ടീഷു് സാമ്രാജ്യത്തെ ഉലയ്ക്കാമെന്നു അദ്ദേഹം കരുതുന്നോ?" എന്നു അവർ ചോദിച്ചു. എന്നാൽ അതിൽനിന്നു ബഹിർഗമിക്കുന്ന വലുതായ ശക്തിയേയും ചൊവ്വും നേരും ഉള്ളവനും, വിശ്വാസത്തിൽ ഉറപ്പുള്ളവനും, നിശ്ചശക്തിക്കു കീഴ്പെടാത്തവനുമായ ഒരു വ്യക്തിയുടെ ഹൃദയത്തിനുള്ള ശക്തിയേ പറ്റി മഹാത്മാഗാന്ധിക്കു നല്ലവണ്ണം അറിയാമായിരുന്നു. നേരായ ഒരു കാര്യത്തിനുവേണ്ടി നിലകൊള്ളുന്ന നിർഭയനായ ഒരു വ്യക്തിയെ യാതൊരു സ്റ്റേറ്റിനും തോല്പിക്കുവാൻ സാധ്യമല്ല. അയാൾ കൊല്ലപ്പെട്ട എന്നു വരാം. എന്നാൽ അതു തോൽവിയല്ല. അയാളെ തുറുങ്കിലടച്ചെന്നു വരാം. അതും അയാളെ കീഴ്പെടുത്തുവാനുള്ള മാർഗ്ഗമല്ല.

ഗാന്ധിയൻ യുഗം

വളരെ കൊല്ലങ്ങൾക്കുശേഷം നിങ്ങളെ കാണുന്ന ഈ സന്ദർഭത്തിൽ, ഇൻഡ്യയിലെ ദേശീയപ്രസ്ഥാനത്തിന്റെ, വിശേഷിച്ചും ഗാന്ധിയൻ യുഗം എന്നറിയപ്പെടുന്ന കാലഘട്ടത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ, പശ്ചാത്തലവും പുരോഗതിയും അനന്തര സംഭവങ്ങളും സംബന്ധിച്ചു ഒരു സംക്ഷിപ്ത വിവരണം നൽകുന്നതിനാണു് ഞാൻ ശ്രമിക്കുന്നതു്. എന്റെ മനസ്സിൽ മുന്നിട്ടുനില്ക്കുന്ന ഒരു സംഗതിയുണ്ടു്. ഏതാണ്ടു നൂറു കൊല്ലങ്ങൾക്കുമുമ്പു് ഫ്രൻസ്ലോ, ഫ്രൻസിലോ, മഹാത്മാഗാന്ധി ആദ്യമായി ഇൻഡ്യൻ രാഷ്ട്രീയരംഗത്തു പ്രവേശിച്ചപ്പോൾ, നിർഭയത്വത്തിന്റെ പാഠം അദ്ദേഹം പഠിപ്പിച്ചു. "പേടിക്കരുതു്, ഭയം പാടില്ല", എന്നദ്ദേഹം പറഞ്ഞു. അതു ലഘുവായി, വളരെ ലഘുവായി തോന്നി. എന്നാൽ ആ പാഠവും അദ്ദേഹം പഠിപ്പിച്ച മറ്റു പാഠങ്ങളും ഇൻഡ്യയിൽ അതിമഹത്തായ ഒരു മാനസികപരിവർത്തനം ഉണ്ടാക്കി. നാം നിർഭയത്വം കൊണ്ടു സ്വരാജ്യത്തിനു അർഹരാകുമ്പോൾ അതു കിട്ടിക്കഴിഞ്ഞു. അതായിരുന്നു സ്വരാജിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വിവക്ഷ. ആർക്കും അതിനെ തടയാൻ സാധ്യമല്ല. അതു ഒരു കടലാസ്സു ഭരണഘടനയായിരുന്നില്ല. അതു് നിയമപ്രകാരമുള്ള ഭരണഘടനാനിർമ്മാണമായിരുന്നില്ല. നാം സ്വയം സ്വരാജ് പ്രാപിക്കുക. പിന്നെ ഭരണഘടന താനെ വന്നുകൊള്ളും. അതായിരുന്നു അദ്ദേഹത്തിന്റെ ആശയം. അദ്ദേഹത്തിന്റെ ആഹ്വാനം ജനങ്ങളോടാണു്—ഒരു കാര്യം

ചെയ്യുവാൻ—ഗവൺമെന്റിനോടല്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം പരോക്ഷമായി ബ്രിട്ടീഷുകാർക്കെതിരായി ഉദ്ദേശിക്കപ്പെട്ടതായിരുന്നു എങ്കിലും യഥാർത്ഥത്തിൽ ആർക്കും എതിരായിരുന്നില്ല. ഇൻഡ്യൻ ജനതയ്ക്ക് ചങ്കൂറ്റമുണ്ടാക്കുന്നതിനും അവരെ വ്യക്തിപരമായും സമൂഹപരമായും സുശക്തരാക്കുന്നതിനുവേണ്ടിയും ആയിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനമെല്ലാം. അതു സാധിച്ചുകഴിഞ്ഞാൽ മറ്റെല്ലാം പിറകേ വന്നുകൊള്ളുമെന്നും ഇൻഡ്യയിൽ യാതൊരു വിദേശശക്തിക്കും പുലരാൻ സാദ്ധ്യമല്ലെന്നും അദ്ദേഹത്തിനറിയാമായിരുന്നു.

ഇന്നത്തെ പ്രശ്നങ്ങൾ


ഇനി നമുക്കു ഇന്നത്തെ പ്രശ്നങ്ങളെ പരിശോധിക്കാം. നാം വളരെയൊക്കെ നേടിയിട്ടുണ്ട്. സംശയമില്ല. എന്നാൽ അതേ സമയംതന്നെ നാം പല പരാജയങ്ങളും വരിച്ചിട്ടുമുണ്ട്. നമ്മുടെ പ്രവർത്തനങ്ങളുടെ ചിത്രത്തെ കർമ്മവിഷയകമായി പരിശോധിക്കുകയും പരാജയങ്ങൾ ആവർത്തിക്കാതിരിക്കത്തക്കവണ്ണം പഠിക്കുകയും ചെയ്യാം. ഇന്നു ആ ചിത്രത്തിലേക്കു നോക്കിയാൽ സാമ്പത്തികമേഖലയിൽ നാം വേണ്ടത്ര മുന്നോട്ടു പോയിട്ടില്ലെന്നുകാണാം. ഒരുപക്ഷെ മുന്നോട്ടുപോകാൻ അസാദ്ധ്യമായിരുന്നു. എന്തെന്നാൽ സ്വാതന്ത്ര്യം ലഭിച്ച നിമിഷംമുതൽ നിരവധി വിപത്തുകളോടും നശീകരണശക്തികളോടും നാം സമരം ചെയ്യേണ്ടിവന്നു. മറ്റൊന്നിനും നമുക്കു സമയം ലഭിച്ചില്ല. ആ വിപത്തുകളും നശീകരണശക്തികളും ഏറെക്കുറെ തുടരുകയും ചെയ്യുന്നു. എന്നിരുന്നാലും നമ്മുടെ ലക്ഷ്യത്തിന്റെ സാമ്പത്തികവശത്തെ നമുക്കവഗണിക്കുവാൻ സാദ്ധ്യമല്ല. അഖിലേൻഡ്യാ പ്രശ്നങ്ങളുടേയും ലോകപ്രശ്നങ്ങളുടേയും അടിസ്ഥാനത്തിൽ നാം ഈ സാമ്പത്തിക പ്രശ്നങ്ങളെ വീക്ഷിക്കേണ്ടതു് ആവശ്യമായിരിക്കുന്നു. ഇൻഡ്യയിലെ ഇന്നത്തെ മുഖ്യ പ്രശ്നങ്ങളും എന്തെല്ലാമെന്നു നിങ്ങൾ എന്നോടു ചോദിച്ചാൽ എനിക്കു പലതും ചൂണ്ടിക്കാണിക്കുവാനുണ്ടാകും. എന്നാൽ രണ്ടു സംഗതികൾ ഞാൻ മറ്റെല്ലാറ്റിനും ഉപരിയായി പറയും. ഒന്നു രാജ്യത്തിന്റെ സാമ്പത്തിക നയം, മറ്റൊന്നു—അതിനു എന്തു പറയണമെന്നു എനിക്കു നിശ്ചയമില്ല, ഗാന്ധിജി പറഞ്ഞതു ആവർത്തിക്കാം—രാജ്യത്തിന്റെ ഐക്യം. ഇപ്പോൾ ആ രാഷ്ട്രീയ ഐക്യം പാക്കിസ്ഥാൻ ശ്രീകരണത്തോടുകൂടി ഛേദിക്കപ്പെട്ടു. പോകട്ടെ, അതു തല്ക്കാലത്തേക്കു മാറിവയ്ക്കാം. പാക്കിസ്ഥാൻ സ്ഥാപിച്ചുകഴിഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം പാക്കിസ്ഥാനതന്നെ മറ്റുവിധത്തിൽ തോന്നിക്കുന്നതുവരെ അതു അപ്രകാരംതന്നെ തുടരുകയും വേണം. വിഭജനത്തെ ഞാൻ വെറുത്തിരുന്നു. എന്നാൽ ആ നടപടി ഇനി തിരിച്ചുനടത്തണമെന്നു് എനിക്കു ആഗ്രഹമില്ല—ഇനി തിരിച്ചുനടത്തുന്നതായാൽ അതോടുകൂടി ഭയങ്കരമായ വിപത്തുകൾ ഉണ്ടാകുമെന്ന കാരണത്താൽ. വീണ്ടും കൂട്ടിയിണക്കുന്ന കൃത്യത്തിൽ വിജയം ഉണ്ടാകുമെന്നിരുന്നാൽ തന്നെയും വലുതായ കുഴപ്പത്തിനിടവരും. അതിനാൽ അതു നമുക്കു വേണ്ടാ. എന്നാൽ ഭാവിയിൽ ഇൻഡ്യയും പാക്കിസ്ഥാനുംതമ്മിൽ വളരെ അടുത്ത സൗഹാർദ്ദബന്ധം പുലർത്തുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അതങ്ങനെ നില്ക്കട്ടെ.

"ആകയാൽ, ഐക്യത്തെപ്പറ്റി പറയുമ്പോൾ പാക്കിസ്ഥാനെയും ഇൻഡ്യയേയും ചേർത്തല്ല ഞാൻ പറയുന്നതു്. ഇന്നത്തെ രൂപത്തിലുള്ള ഇൻഡ്യയെയാണു് ഞാൻ ഉദ്ദേശിക്കുന്നതു്. പല വിധത്തിലുള്ള ഐക്യങ്ങളുണ്ടു്. വർഗ്ഗീയൈക്യം, രാജ്യത്തിന്റെ വിവിധഭാഗങ്ങൾതമ്മിലുള്ള ഐക്യം, അങ്ങനെ പലതും. രാജ്യത്തിനകത്തു സംസ്ഥാനങ്ങൾക്കു തമ്മിൽ ചില ഭിന്നിപ്പുകൾ ഉണ്ടായിരുന്നു, എന്നാൽ കോൺഗ്രസ്സ് സംഘടന മുഖേന നാം അതില്ലാതാക്കി. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പൊതുസമരത്തിൻ അനൈക്യം ശക്തിക്ഷയമുണ്ടാക്കുമെന്നു നമുക്കു ബോദ്ധ്യം വന്നു. അതിനാൽ സമാധാനത്തോടും സൗഹാർദ്ദത്തോടും കൂടി നാം പ്രവർത്തനം ആരംഭിച്ചു. ഇൻഡ്യയുടെ വിഭജനംമൂലം നമ്മുടെ യന്ത്രങ്ങൾ ഏറ്റവും ശിഥിലമായി. എങ്കിലും നമ്മുടെ മനസ്സിന്റെ ഐക്യം ഉലഞ്ഞില്ല.

ശിഥിലീകരണശക്തികളെ പരാജയപ്പെടുത്തിയാണ് നാം സ്വാതന്ത്ര്യം നേടിയതു്. ഇനി സ്വാതന്ത്ര്യം എങ്ങനെ നേടിയെന്നതിനെപ്പറ്റിയല്ല ചിന്തിക്കേണ്ടതു്. നമ്മുടെ ശ്രദ്ധ ഇൻഡ്യയുടെ ഐക്യം പരിപാലിക്കുന്ന വിഷയത്തിലേക്കു കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. കാനനം കടന്ന ശേഷം കഴിഞ്ഞ കായ്ക്കെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുന്നതു മൂഢത്വമാണ്. ഇന്നത്തെ ലോകത്തു വിപ്ലവശക്തികൾ പ്രവർത്തനം നടത്തുന്നുണ്ടു്. അതു ക്രമേണ വ്യാപിച്ചു മറ്റു സ്ഥലങ്ങളിലെ സ്ഥിതിഗതികളെ താറുമാറാക്കും. അപ്രകാരമുള്ള പ്രവർത്തനങ്ങളെ നാം ഗണ്യമാക്കരുതു്. അച്ചടക്കമില്ലാത്തവരായി കഴിഞ്ഞാൽ നാം അപകടത്തിലാകും. അതു പാടില്ല. നാം ശിക്ഷണമുള്ളവരാകണം. എല്ലാവരുടേയും ഇടയിൽ ശിക്ഷണം നിലനിർത്തണം. ഇൻഡ്യയിൽ ഇനി ഒരു ബ്രിട്ടീഷു് സാമ്രാജ്യം സ്ഥാപിക്കുകയില്ലെന്നുള്ളതു ശരിതന്നെ. എന്നാൽ നമുക്കു ലഭിച്ച സ്വാതന്ത്ര്യത്തെ ശിഥിലമാക്കുവാൻ മറ്റു പല ശ്രമങ്ങളും നടക്കുന്നുണ്ടു്. ശിക്ഷണരാഹിത്യംമൂലം നാം ഈ യത്നങ്ങൾക്കിരയാകരുതു്. നാം ജാഗ്രതയോടും ഐക്യത്തോടും കൂടി പ്രവർത്തിക്കാത്തപക്ഷം വളരെ ക്ലേശം സഹിച്ചു് ഇപ്പോൾ അനുഭവിക്കുന്ന സ്വാതന്ത്ര്യം നഷ്ടപ്പെട്ടെന്നു വരാം. നിസ്സാരങ്ങളായ പ്രാദേശികപ്രശ്നങ്ങളിലും മറ്റും ഏർപ്പെട്ടു നാം വിഷമിക്കരുതു്. അതു് വളരെ പ്രധാനവും മൌലികവുമായ ഒരു കായ്കാണു്. അതു് നിങ്ങളുടെ ഓർമ്മയിലിരിക്കണം.

വർഗ്ഗീയപ്രക്ഷോഭണങ്ങൾ


ഈ സന്ദർഭത്തിൽ വർഗ്ഗീയപ്രക്ഷോഭണങ്ങളുടെ കായ്കും ആവിർഭവിക്കുന്നു. ഉത്തരേന്ത്യയെ സംബന്ധിച്ചിടത്തോളം ഹിന്ദു-മുസ്ലീം പ്രശ്നമായിരുന്ന പ്രധാനമായ വർഗ്ഗീയപ്രശ്നം. മഹാത്മജി അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതം ആരംഭിച്ചതു മുതൽക്കു അതിൽ പ്രത്യേകശ്രദ്ധ പതിച്ചിരുന്നു. ഒടുവിൽ തൻമൂലം ജീവിതം വെടിയേണ്ടതായും വന്നു. ഈ ഭിന്നതകൾ ഇല്ലാതാക്കുന്നതിനായിട്ടാണ് അദ്ദേഹത്തിന്റെ ജീവിതം മുഴുവനും വിനിയോഗിച്ചതു്. അദ്ദേഹത്തിന്റെ മനസ്സിൽ ശുദ്ധമൂലമായ ആശയം ഓരോ വ്യക്തിയുടെ ഹൃദയത്തിലും അദ്ദേഹം കടത്തിവിട്ടു. എന്തെന്നാൽ അതുകൂടാതെ സുശക്തവും പുരോഗമനപരവുമായ ഒരു ഇൻഡ്യയെപ്പറ്റി വിഭാവനം ചെയ്യുവാൻ അദ്ദേഹത്തിനു സാദ്ധ്യമായിരുന്നില്ല. വിവിധഘടകങ്ങളുടെ അടുത്ത സഹകരണം കൂടാതെയുള്ള ഒരു യഥാർത്ഥ ഇൻഡ്യയെപ്പറ്റി അദ്ദേഹത്തിനു ചിന്തിക്കാൻതന്നെ കഴിഞ്ഞിരുന്നില്ല. നിങ്ങൾ ഇൻഡ്യയുടെ ചരിത്രത്തിലേക്കു നോക്കിയാൽ അതിന്റെ ശക്തിയും ബലഹീനതയും അടുത്തടുത്തു പ്രവർത്തിക്കുന്നതു കാണാം. വഴങ്ങാനുള്ള കഴിവിന്റേയും സാമൂഹ്യഘടനയുടേയും ഫലമായി എത്തെല്ലാം കലാപങ്ങളും ഭിന്നിപ്പുകളും ഉണ്ടായിട്ടും അനേകായിരം വർഷങ്ങളായി ഇൻഡ്യ ഏറക്കുറെ ഐക്യം പുലർത്തിവരികയും ഒടുവിൽ കുഴപ്പങ്ങളെ അതിജീവിക്കുകയും ചെയ്തു. ഈ ഗുണങ്ങളുടെ അഭാവത്തിൽ മറ്റു ദേശീയസംസ്കാരങ്ങൾ നിലം പതിച്ചിട്ടുണ്ടു് അതാണു നാം കണ്ടുകൊണ്ടിരിക്കുന്നതു്. എന്നാൽ കൂടക്കൂടെ ഉണ്ടായിട്ടുള്ള രാഷ്ട്രീയബലഹീനതകളെ തരണംചെയ്ത ഇൻഡ്യ സുശക്തരാഷ്ട്രമായി പരിണമിച്ചതു സാംസ്കാരികമായും സാമൂഹികമായും നാം ഇതുവരെ ഏറെക്കുറെ ഐക്യം പുലർത്തിക്കൊണ്ടാണു്. ശിഥിലീകരണമനോഭാവങ്ങളും നിസ്സാരങ്ങളായ ഭിന്നതകളും കൈവെടിഞ്ഞു ഒരേ ലക്ഷ്യത്തിനു വേണ്ടി ഐക്യത്തോടുകൂടി പ്രവർത്തിച്ചാൽ മാത്രമേ ഇൻഡ്യയ്ക്കു ശക്തിയും പുരോഗതിയും കൈവരികയുള്ളൂ. എന്നാൽ മാത്രമേ ശക്തിമത്തായ ഒരു രാഷ്ട്രമായിത്തീരാൻ ഇൻഡ്യയ്ക്കു കഴികയുള്ളൂ. മറ്റു രാഷ്ട്രങ്ങൾക്കു സംഭവിച്ചതുപോലെ ശിഥിലീകരണശക്തികൾ ഇവിടെ പ്രവർത്തനം നടത്തുവാൻ അനുവദിക്കരുതു്. ഗാന്ധിജിയുടെ ഉപദേശങ്ങളിൽ അടിയുറച്ചു നിൽക്കേണ്ടതു് ആവശ്യമാണു്. അങ്ങനെ ചെയ്യുന്നതായാൽ നമ്മുടെ സ്വാതന്ത്ര്യത്തിനു ഹാനി സംഭവിക്കാതെ സൂക്ഷിക്കുവാൻ കഴിയുമെന്നു എനിക്കു നല്ല ബോദ്ധ്യമുണ്ടു്.



കൊച്ചി വിമാനത്താവളത്തിൽ

(ഫോട്ടോ—സെൻട്രൽ സ്റ്റുഡിയോ, എറണാകുളം.)

കൊച്ചി വിമാനത്താവളത്തിൽ വന്നുചേർന്ന ബഹു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനു ഐ.എൻ.എസ്സ്. വെണ്ടുരുത്തി നൽകിയ ഗാർഡ് ഓഫ് ഓണർ അദ്ദേഹം സ്വീകരിക്കുന്നതു്. രാജപ്രമുഖൻ തിരുമനസ്സും കൊച്ചി മഹാരാജാവു തിരുമനസ്സും സാംസ്ഥാനിക മന്ത്രിമാരും അടുത്തു നില്ക്കുന്നു.



(ഫോട്ടോ—സെൻട്രൽ സ്റ്റുഡിയോ, എറണാകുളം.)

ബഹുമാനപ്പെട്ട പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റുവിനു എറണാകുളത്തു ഹുസൂർ ജട്ടിയിൽവച്ചു് ഗംഭീരമായ ഒരു സ്വീകരണം നൽകപ്പെട്ടു. ബഹു. പ്രധാനമന്ത്രി കാൺഗ്രസ്സ് പ്രവർത്തകരുടെ സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി ഒരു തുറന്ന ജിപ്പിൽ പോകുന്നതു്.

നിങ്ങളുടെ ഇവിടത്തെപ്രശ്നങ്ങളെപ്പറ്റി എനിക്കു വളരെ അടുത്ത അറിവില്ല. എല്ലാ രാജ്യങ്ങൾക്കും പല പ്രശ്നങ്ങളും നേരിടേണ്ടതുണ്ട്. നിങ്ങളുടെ പ്രശ്നങ്ങൾ മറ്റെന്തും ഇല്ലാത്ത പ്രശ്നങ്ങൾ ആയിരിക്കുകയില്ല. പ്രശ്നങ്ങൾക്കു പ്രത്യാഘാതങ്ങളുണ്ടാകും. അവയെ ധീരമായും നിശ്ചയദാർഢ്യത്തോടുകൂടിയും നേരിടണം. കിഴക്കെ ബംഗാളിലും പശ്ചിമബംഗാളിലും ആസ്സാമിലും ഉണ്ടായ കലാപങ്ങൾ നിങ്ങൾ പത്രങ്ങളിൽ വായിച്ചറിഞ്ഞിരിക്കുമല്ലോ. പാക്കിസ്ഥാനുമായുള്ള ഒരു യുദ്ധത്തിന്റെ വിളുമ്പുവരെ സംഭവങ്ങൾ നമ്മെ എത്തിച്ചു. ഇന്നു വിശേഷിച്ചും യുദ്ധം ഭയങ്കരമായ ഒരു കാര്യമാണ്. എന്നിരുന്നാലും വേണ്ടിവന്നാൽ അതിനെ നേരിടേ തീരൂ. കരകടൽ ആകാശസേനകളെ സജ്ജമാക്കി നാം അതിനു തികച്ചും തയ്യാറായിരുന്നു. എന്നാൽ ഭാഗ്യവശാൽ അങ്ങനെ ഒന്നു സംഭവിച്ചില്ല. മഹാത്മജിയുടെ ഉപദേശങ്ങൾ അനുസരിച്ചു സകല ഒരുക്കങ്ങളും ചെയ്തു. എന്നാൽ ആ വിപത്തു കൂടാതെ കഴിഞ്ഞു. ഗവൺമെണ്ടിന്റെ ഉത്തരവാദിത്വം വഹിക്കുന്ന യാതൊരാൾക്കും ഇക്കാര്യത്തിൽ അപകടങ്ങൾ വരിക്കുവാൻ സാധിക്കുകയില്ല. യുദ്ധം തുടങ്ങിക്കഴിഞ്ഞാൽ സമാധാനമാർഗ്ഗങ്ങൾ മുഖേന അതിനെ നേരിടുവാൻ സാദ്ധ്യമല്ല. വിചിത്രമായ പരിതഃസ്ഥിതികളുടെ ആവിർഭാവത്താൽ യുദ്ധത്തെ ഒഴിവാക്കി. ഒരു പരിമിതമണ്ഡലത്തിലെങ്കിലും സമാധാനപരമായ അന്തരീക്ഷം സംജാതമാക്കി. ഒരു വിശാലമായ അർത്ഥത്തിൽ തനൂലം രണ്ടു രാജ്യങ്ങളും തമ്മിൽ ഐക്യം സ്ഥാപിക്കപ്പെട്ടു. ഒരുവിധത്തിൽ വർഗ്ഗീയ ഐക്യം സാധിച്ചു. ആ ഒത്തുതീർപ്പു നടപ്പിൽ വരുത്തുകയാണ് നമ്മുടെ കർത്തവ്യം. നാം പാക്കിസ്ഥാനുമായി ഇടപെടുന്നതിലും മറ്റു രാജ്യങ്ങളുമായി ഇടപെടുന്നതിലും ആ ഒത്തുതീർപ്പിന്റെ ആദർശം നടപ്പിൽ വരുത്തണം.

മതേതര രാഷ്ട്രം

ഇൻഡ്യയിലാകമാനമുള്ള നിരവധി ആളുകൾ—കോൺഗ്രസ്സുകാരുടെ—സാമുദായിക ഐക്യത്തെപ്പറ്റി മഹാത്മാഗാന്ധി പഠിപ്പിച്ച അടിസ്ഥാനപാഠങ്ങൾ എങ്ങിനെയോ വിസ്മരിച്ചു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അനുസരിക്കാതെ നമ്മുടെ സ്വാതന്ത്ര്യത്തിനു ഉറപ്പു ലഭിക്കുന്നതല്ല. മതേതരരാഷ്ട്രത്തിൽ അതാണാവശ്യം. അതനുസരിച്ചാണു് നമ്മുടെ ഭരണഘടന തയാറാക്കിയിട്ടുള്ളതു്. നാം ഒരു മതേതരരാഷ്ട്രം നിർമ്മിച്ചു എന്നു പറയുമ്പോൾ ഒരു നിർമ്മിത രാഷ്ട്രമാണെന്നും അതിൽ അത്ഭുതാവഹമായി എന്തോ ഉണ്ടെന്നും ചിലർ ധരിക്കുന്നു. യഥാർത്ഥം അങ്ങനെയല്ല. ആധുനികലോകത്തിലുള്ള എല്ലാരാജ്യങ്ങളും ഒന്നോ രണ്ടോ ഒഴിച്ചാൽ, മതേതരരാഷ്ട്രങ്ങളാണ്. എന്തെന്നാൽ യഥാർത്ഥ പരിഷ്കൃതരാഷ്ട്രത്തിനു മതേതരരാഷ്ട്രമാകാതിരിക്കുവാൻ സാദ്ധ്യമല്ല. ഓരോ വ്യക്തിയും ഓരോ വിഭാഗവും അവരവരുടെ പ്രത്യേകരീതിയനുസരിച്ചു പ്രവർത്തനം നടത്തുവാൻ അനുവദിക്കണം. എന്നാൽ അവരുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരുടെ പ്രവർത്തനങ്ങളുമായി സംഘട്ടനത്തിൽ വരാൻ പാടില്ല. അതാണ് മതേതരരാഷ്ട്രത്തിന്റെ അടിസ്ഥാനതത്വം. അതായിരിക്കണം ഏതു സ്റ്റേറ്റിന്റേയും ലക്ഷ്യം. അപ്രകാരമുള്ള ഒരു സ്റ്റേറ്റിനെ മതേതരമെന്നു പറയുന്നതിൽ അത്ഭുതകരമായി യാതൊന്നുമില്ല. ഓരോ വ്യക്തിക്കും ഓരോ വിഭാഗത്തിനും സാംസ്കാരികമായും മതപരമായും അവരവരുടെ ഇഷ്ടാനുസരണം, എന്നാൽ മറ്റൊരാൾക്കു പ്രതിബന്ധമുണ്ടാകാത്തവിധത്തിൽ, പ്രവർത്തനം നടത്തുവാൻ പൂർണ്ണസ്വാതന്ത്ര്യമുള്ള ഒരു രാഷ്ട്രമാണ് മതേതരരാഷ്ട്രം. പാക്കിസ്ഥാൻ അവരുടെ രാജ്യത്തെ ഇസ്ലാമികരാജ്യം എന്നു പറയുമ്പോൾ ഭൂരിപക്ഷം ഹിന്ദുക്കളുള്ള ഇൻഡ്യയെ എന്തുകൊണ്ടു ഹിന്ദുരാജ്യമെന്നു പറഞ്ഞുകൂടാ എന്നു ചിലർ ചോദിക്കുന്നു. അപ്രകാരം പറയണമെന്ന് ഒരു അഭിപ്രായഗതിയുണ്ട്. ആ അഭിപ്രായം സ്വീകരിക്കേണ്ടതാണ്. ഒരു രാജ്യത്തിന്റെ സാംസ്കാരികസ്വഭാവം ആ രാജ്യത്തിലെ ജനങ്ങളുടെ ഭൂരിപക്ഷത്തിന്റെ സംസ്കാരത്തെ ആശ്രയിച്ചിരിക്കും. അതു പ്രത്യക്ഷത്തിൽ ശരിയാണ്. എന്നാൽ ഇൻഡ്യയെ ഒരു ഹിന്ദുരാജ്യമെന്നു പറയുന്നതു് ഇതിൽനിന്നും വ്യത്യസ്തമാണ്. എന്തെ

ന്നാൽ അങ്ങനെയായാൽ മറ്റുസമുദായങ്ങൾക്ക് ഒരു താഴ്ന്ന പദവിയാണ് ലഭിക്കുന്നത്. അവക്ക് താഴ്ന്നതരം പൌരത്വമാണ് ലഭിക്കുന്നത്. ഏതാണ്ട് അതുതന്നെയാണ് പാക്കിസ്ഥാനിൽ സംഭവിച്ചിട്ടുള്ളത്. ന്യൂനപക്ഷങ്ങൾക്ക് മുസ്ലീമങ്ങൾക്കുള്ളതിനോട് സമമായ അവകാശങ്ങൾ ലഭിക്കുമെന്ന പാക്കിസ്ഥാൻ പ്രഖ്യാപിക്കുന്നുണ്ട്. എന്നാൽ പാക്കിസ്ഥാൻ ഒരു ഇസ്ലാമികരാജ്യമാണെന്ന തുടച്ചയായി ആവർത്തിച്ചു ചെയ്യുന്ന പ്രസ്താവന ഇസ്ലാമിൽ വിശ്വസിക്കാത്തവർക്ക് അസഹനീയമാണ്. അവക്ക് തുല്യപദവി ലഭിക്കുന്നില്ലെന്ന് അവർ കരുതുന്നു. അവരെ പ്രത്യേകമായി തരംതിരിക്കുവാനുള്ള മനോഭാവമുണ്ടാകുന്നു. നാം ഇൻഡ്യയിൽ അപ്രകാരം ചെയ്യണമെന്നാണോ പറയുന്നത്? നമ്മുടെ ഭൂതകാലചരിത്രവും കോൺഗ്രസ്സിന്റെ പാരമ്പര്യവും അതിനു വിരുദ്ധമാണ്. അതിനുംപുറമേ വെറും പ്രായോഗികമായ വീക്ഷണകോണത്തിൽക്കൂടി നോക്കിയാൽ നാം അപ്രകാരം ചെയ്യുന്നത് ഇൻഡ്യയെ നിശ്ചയമായും ശിഥിലമാക്കുകയും ഹിന്ദുസംസ്കാരം എന്നു പറയുന്നതിനെത്തന്നെ നിശ്ചയമായും ഒബ്ജലമാക്കുകയും ചെയ്യുന്ന ശക്തികളെ പ്രോത്സാഹിപ്പിക്കുന്നതിനു തുല്യമായിരിക്കും. അതുകൊണ്ട് യാതൊരു സമുദായവും ഭൂരിപക്ഷമോ ന്യൂനപക്ഷമോ ആയിക്കൊള്ളട്ടെ, ആ അതിർത്തിവരെ പോകാൻ പാടില്ല. എന്തെന്നാൽ സമയവും ശക്തിയും മുഴുവനും മറ്റുള്ളവരുമായി മല്ലടിക്കുവാൻ വിനിയോഗിക്കേണ്ടിവരും. അതിന്റെ ഫലമായി നിങ്ങൾ നാനാവിധത്തിലും അധഃപതിക്കും; രാജ്യം മുഴുവനും രാഷ്ട്രീയമായും സാമുദായികമായും സാംസ്കാരികമായും സാമ്പത്തികമായും അധഃപതിക്കും. അതിനാൽ ഏതുവശത്തുകൂടി നോക്കിയാലും അതു തെറ്റായ ഒരു കാഴ്ചമാണ്. അതു ഭിന്നിപ്പു മനഃസ്ഥിതിയെ പ്രോത്സാഹിപ്പിക്കും. കഴിഞ്ഞ കാലത്തെപ്പോലെ പ്രതിലോമശക്തികൾ ആ പരിതഃസ്ഥിതിയെ ചൂഷണം ചെയ്യുകയും ചെയ്യും. പ്രതിലോമകാരികളെന്നനിലയിൽ പ്രത്യക്ഷമായി രാജ്യത്തിന്റെ മുമ്പിൽ വരുവാൻ സാധിക്കാത്തതുകൊണ്ട് അവർ വർഗ്ഗീയനേതാക്കളെന്നോ മതനേതാക്കളെന്നോ ഉള്ള മൂടുപടം ധരിച്ചു വരും. ആ മൂടുപടത്തിനുള്ളിൽ രാഷ്ട്രീയവും സാമ്പത്തികവുമായ പ്രതിലോമശക്തികളെ നിഗ്രഹനം ചെയ്തിരിക്കും. ആകയാൽ ഈ സംഗതി ശരിക്കു മനസ്സിലാക്കണം. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഇതൊരു മൌലികപ്രശ്നമാണ്. ഈ വർഗ്ഗീയതാ ഏതു രൂപത്തിലും വേഷത്തിലും വന്നാലും അപകടകരമാണ്. ഏകദേശം ഒരു കൊല്ലം മുമ്പ് വർഗ്ഗീയതയെ യാതൊരു രൂപത്തിലും അംഗീകരിക്കരുതെന്ന് ഒരു പ്രമേയം ഇൻഡ്യൻപാർലിമെന്റ് പാസാക്കി. വ്യക്തികൾ വർഗ്ഗീയ മനോഭാവം പുലർത്തുന്നതിനെ നമുക്കു തടയാൻ സാധ്യമല്ല. അതു് അവരുടെ സ്വാതന്ത്ര്യത്തിൽ കൈകടത്തുകയായിരിക്കും. എന്നാൽ വർഗ്ഗീയമായസംഘങ്ങളേയും സമാജങ്ങളേയും രാഷ്ട്രീയരംഗത്തു അംഗീകരിക്കുവാൻ നാം ഉദ്ദേശിക്കുന്നില്ല. അവ സാംസ്കാരിക സംഘങ്ങളായിരിക്കാം. എന്നാൽ രാഷ്ട്രീയരംഗത്തു നാം അവയെ യാതൊരു വിധത്തിലും പ്രോത്സാഹിപ്പിക്കുകയോ അംഗീകരിക്കുകയോ ചെയ്യാൻ പാടില്ല. അതാണ് നമ്മുടെ നയം. അതിൽ ഉറച്ചു നില്ക്കുകയും ചെയ്യും. എന്നിരുന്നാലും ഇൻഡ്യയിൽ ഇന്നു വളരെയേറെ വർഗ്ഗീയമനോഭാവം ഉണ്ടെന്നുള്ള സത്യം ശേഷിക്കുന്നു. അതു എന്തിന്റെയെങ്കിലും പ്രത്യാഘാതമായിരിക്കാം. എന്നാൽ അതു അത്യന്തം ആപല്ക്കരമാണ്. മറ്റുള്ളവർ വർഗ്ഗീയമായി പ്രവർത്തിക്കുന്നു, അതിന്റെ പ്രത്യാഘാതമാണിതു് എന്നു നാം പറയരുതു്. അങ്ങനെ പറയുന്നതു് നമ്മുടെ രാഷ്ട്രത്തേയും നമ്മെത്തന്നെയും വിപത്തിലാക്കുന്ന ഒരു തെറ്റായ നടപടിയുടെ വിചിത്രമായ നീതികരണമാണ്. അതിനാൽ ആ മനോഭാവത്തിനെതിരായി ഞാൻ നിങ്ങൾക്കു താക്കീതു നൽകിക്കൊള്ളുന്നു. എന്തെന്നാൽ മറ്റൊരു രൂപത്തിലുള്ളതാണെങ്കിലും ഇവിടെയും വർഗ്ഗീയമനോഭാവം പ്രത്യക്ഷപ്പെട്ടുന്നതായി ഞാൻ അറിയുന്നു. നിങ്ങൾ അതിനു വിധേയരാവുകയോ രാഷ്ട്രീയവും സാമ്പത്തികവുമായ പ്രവർത്തനങ്ങളിൽ അതിന്റെ പ്രേരണയുണ്ടാകാൻ അനുവദിക്കുകയോ ചെയ്യാൻ പാടില്ല.

മറെറാന്നുള്ളതു് സാമ്പത്തിക പ്രശ്നമാണു്. അതിനെപ്പററി ഞാൻ വളരെയൊന്നും പറയുന്നില്ല. അതു ഇൻഡ്യയുടെ മൌലിക പ്രശ്നമാണെന്നുമാത്രം പറയാം. കഴിഞ്ഞ രണ്ടുമാസങ്ങളായി ഡൽഹിയിൽ ഒരു പ്ലാനിങ്ങു് കമ്മീഷൻ പ്രവർത്തനം നടത്തിവരുന്ന വിവരം നിങ്ങൾക്കു അറിവുള്ളതാണല്ലോ. അതു വളരെ ഉയർന്ന നിലയിലുള്ള, ഉയർന്ന അധികാരങ്ങളുള്ള, ഒരു കമ്മീഷനാണു്. അതിൽനിന്നു ഞാൻ മഹാകാര്യങ്ങൾ പ്രതീക്ഷിക്കുന്നു. ഇൻഡ്യയുടെ സാമ്പത്തികനിലയേപ്പററി സൃഷ്ടിപരമായി ചിന്തിക്കുന്നതിനു സമയം ലഭിക്കാത്തവിധം അത്രയധികം വൈഷമ്യങ്ങൾക്കെതിരായി കഴിഞ്ഞ രണ്ടോ മൂന്നോ കൊല്ലങ്ങളായി നാം സമരം ചെയ്യുകയായിരുന്നു. ഇപ്പോൾ പ്ലാനിങ്ങു് കമ്മീഷൻ നമുക്കു വളരെ സഹായകമായിരിക്കും. പ്ലാനിങ്ങു് എന്നു പറഞ്ഞാൽ അവിടെയും ഇവിടെയും ഓരോ വ്യവസായം സ്ഥാപിക്കുക എന്നതല്ല. ഇൻഡ്യയുടെ ചിത്രത്തെ ആകമാനം—ഏതെങ്കിലും പ്രത്യേക സംസ്ഥാനത്തിന്റെയല്ല—വീക്ഷിക്കണം. പിന്നീടു മുൻഗണനയുടെ കാര്യം നോക്കണം. എല്ലാ വിഭവങ്ങളേയും നാം പൂഷണം ചെയ്യണം. എല്ലാ വിഭവങ്ങളും ഏററവും പ്രയോജനകരമായ വിധത്തിൽ ഉപയോഗപ്പെടുത്തണം. ഒന്നുംതന്നെ ഉപയോഗശൂന്യമായിപ്പോകരുതു്. ഒരുതരം കൂട്ടങ്ങൾ ഒരുമിച്ചെടുത്തു ഒന്നിലും വിജയിക്കാതിരിക്കുന്നതിനേക്കാൾ മുൻഗണനയനുസരിച്ചു ഒന്നൊന്നായി എടുത്തു ഒന്നിൽ ജയം നേടിക്കൊണ്ടു കൂടുതൽ ശക്തിയോടുകൂടി കൂടെ കാര്യങ്ങൾകൂടി നിർവ്വഹിക്കണം. അതാണു് വേണ്ടതു്. ഈ കാര്യങ്ങൾ നിങ്ങൾ മനസ്സിൽ വച്ചേക്കേണ്ടതാണു്.

അച്ചടക്കം

ഞാൻ നേരത്തെ ശിക്ഷണത്തേപ്പററി പറഞ്ഞു. അതിനേപ്പററി ചില കാര്യങ്ങൾകൂടി പറയേണ്ടിയിരിക്കുന്നു. അതുപക്ഷിമൂലമോ മറെറ കാരണവശാലോ നമ്മുടെ രാജ്യത്തു അച്ചടക്കരാഹിത്യം കാണുന്നുണ്ടു്. അതു വളരെ വിചിത്രമാണു്. എന്തെന്നാൽ നമ്മുടെ അച്ചടക്കം ഉർജ്ജസ്വലമായാൽ നാം സംഭരിക്കുന്ന ശക്തികൊണ്ടു ഫലമുണ്ടാവുകയില്ല. നാഷനൽ കോൺഗ്രസ്സു് വേണ്ടവിധത്തിലുള്ള പ്രവർത്തനം നടത്തുന്നില്ലെന്നു് എനിക്കു നല്ലവണ്ണം അറിയാം. അതിൽ പല ദോഷങ്ങളും കടന്നുകൂടിയിട്ടുണ്ടെന്നും എനിക്കറിയാം. എന്നാൽ നാം എന്തു ചെയ്യാനാണു്? കഴിഞ്ഞ കാലത്തു രാഷ്ട്രീയമായി കൂട്ടിയിണക്കുന്ന ഏററവും വലിയ ഉപാധി കോൺഗ്രസ്സായിരുന്നു എന്നതാണു് പരമാർത്ഥം. അങ്ങനെ കൂട്ടിയിണക്കാൻ തുല്യശക്തിയുള്ള മറെറാരു ഘടകം ഇപ്പോഴും ഇല്ലെന്നും അടുത്ത ഭാവിയിൽ ഉണ്ടാകാൻ ഇടയില്ലെന്നും ഉള്ള പരമാർത്ഥവും ശേഷിക്കുന്നു. ഒരു സ്ഥാപനത്തെ ശിഥിലമാക്കാൻ എളുപ്പമാണു്. പല തലമുറകൾകൊണ്ടു കെട്ടിയുയർത്തിയ ഒന്നിനേപ്പോലെ മറെറാന്നു നിർമ്മിക്കാനാണു് പ്രയാസം. കോൺഗ്രസ്സിലുള്ള എന്തിനെയെങ്കിലും നാം വെറുക്കുന്നെങ്കിൽ നാം അതിൽനിന്നു ഒഴിഞ്ഞുനില്ക്കണം. എന്നാൽ പരമാർത്ഥം ഇതാണു്. നമുക്കു മറെറാന്നും തൽക്കാലം സൃഷ്ടിക്കാൻ സാദ്ധ്യമല്ല. ഒരു സ്വതന്ത്ര ഇൻഡ്യയുടെ സൃഷ്ടിയിൽ സജീവമായ പങ്കു വഹിച്ചിട്ടുള്ളതും അടുത്ത ഏതാനും വർഷങ്ങൾ കൂടെയെങ്കിലും സജീവമായ പങ്കു വഹിക്കേണ്ടതുമായ ഒന്നിനെ നമുക്കു ശിഥിലമാക്കുവാൻ കഴിഞ്ഞെന്നു വരും. അതല്ല ചെയ്യേണ്ടതു്. കോൺഗ്രസ്സിനെ നന്നാക്കുകയും പരിഷ്കരിക്കുകയും ചെയ്യേണ്ടതാണു് ആവശ്യം. അല്ലാതെ മറെറാന്നും അനുകരണീയമായിട്ടില്ല.

ഭിന്നഗ്രൂപ്പുകൾ

ഇന്നു എന്തെല്ലാം ഗ്രൂപ്പുകളാണുള്ളതെന്നു നോക്കാം. ചില വർഗ്ഗീയഗ്രൂപ്പുകളുണ്ടു്. അവ ഞാൻ പറഞ്ഞതുപോലെ തെററായ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നു. അവ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ അനുവദിച്ചാൽ കഴുപ്പത്തിനിടവരികയും ചെയ്യും. അതിൽ സംശയ

ത്തിനു കാരണമില്ല. അതിനാൽ നമ്മുടെ ശക്തിയുടെ അങ്ങേ അറ്റംവരെ വിനിയോഗിച്ചു വർഗ്ഗീയതയെ, അതു ഏതു രൂപത്തിലായാലും, നാം എതിർക്കണം. അതിനെ പ്രോത്സാഹിപ്പിക്കുവാൻ എനിക്കു സാദ്ധ്യമല്ല. ഇനി വേറെ ചില ഗ്രൂപ്പുകളുണ്ട്. കമ്മ്യൂണിസ്റ്റുകാരും, സോഷ്യലിസ്റ്റുകാരും മുതലായവ. നമുക്ക് ആദ്യം കമ്മ്യൂണിസ്റ്റുകളെ എടുക്കാം. എന്റെ ജീവിതത്തിൽ ആദ്യംമുതൽക്കേ ഞാൻ കമ്മ്യൂണിസ്റ്റ് ആദർശങ്ങളിൽ ഏറിയഭാഗത്തേയും അനുകൂലിച്ചിരുന്നു—ആദർശങ്ങൾക്കു തുല്യമായ പ്രതീക്ഷയില്ലായിരുന്നുവെങ്കിലും. പ്രായമായവരിലും ചെറുപ്പക്കാരിലും പലരും അപ്രകാരം അനുകൂലിച്ചിരുന്നു. ഇൻഡ്യയിൽ കമ്മ്യൂണിസം എന്തു രൂപം കൈക്കൊണ്ടിരിക്കുന്നു എന്നു നോക്കുക. കമ്മ്യൂണിസത്തിന്റെ യഥാർത്ഥമായ ആദർശവും കർമ്മപരിപാടിയും ഉപേക്ഷിച്ചു ഇന്നു ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുപാർട്ടി വെറും ഭീകരസംഘമായി രൂപാന്തരപ്പെട്ടിരിക്കുകയാണ്. ഞാൻ വ്യക്തമായും ഖണ്ഡിതമായും പറയുന്നു, ഭീകരപ്രവർത്തനങ്ങൾമൂലം രാജ്യത്തെ ശിഥിലമാക്കി കുഴപ്പമുണ്ടാക്കുക എന്നതൊഴിച്ചു അതിന്റെ മുമ്പാകെ യാതൊരു ആദർശവുമില്ല, യാതൊരുദ്ദേശവുമില്ല. ഈ പ്രവർത്തനത്തെ ഈ വിശാലമായ ലോകത്തിൽ യാതൊരു ഗവൺമെൻറും അനുവദിക്കുകയില്ല. ഒരുപക്ഷേ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെൻറായിരിക്കും തീരെ അനുവദിക്കാത്തതു്. ചില സംസ്ഥാനങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിയമവിരുദ്ധമാക്കിയിട്ടുണ്ട്—മദ്രാസിലും മറ്റുചില സംസ്ഥാനങ്ങളിലും. ഇൻഡ്യയിൽ അധികം സ്ഥലങ്ങളിലും അതു നിയമവിരുദ്ധമല്ല. എന്നാൽ മറ്റൊരുവിധത്തിൽ നാം അതിനെ നേരിടുന്നുണ്ട്. ഒരു സംഗതി എനിക്കു നല്ല വിശ്വാസത്തോടുകൂടി പറയാം. ഇൻഡ്യയിൽ ഭീകരസംഘത്തിന്റെ നേരെ നാം അനുവർത്തിച്ചിട്ടുള്ള പൊതുവായ നയം തുല്യപരിതസ്ഥിതിയിൽ മറ്റേതൊരു രാജ്യത്തും അനുവർത്തിക്കുന്നതിനെക്കാൾ ഉദാരമായിരുന്നു. ഇൻഡ്യയ്ക്കും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനും എതിരായിട്ടുള്ള ഭീകരപ്രവർത്തനങ്ങളുമായി കമ്മ്യൂണിസ്റ്റ് പാർട്ടിക്കു ബന്ധമുണ്ട്. കഴിഞ്ഞ ഒന്നരണ്ടു കൊല്ലങ്ങൾക്കിപ്പുറം ചൈനയിൽ മഹത്തായ ഒരു നൂതന രാഷ്ട്രം, ഒരു നൂതന ഗവൺമെൻറ്, ആവിർഭവിച്ചിട്ടുള്ളതു് നിങ്ങൾക്കറിയാമല്ലോ? അതു് ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെൻറാണു്. തികച്ചും കമ്മ്യൂണിസ്റ്റല്ലെങ്കിലും കമ്മ്യൂണിസ്റ്റ് മേധാവിത്വമാണുള്ളതു്. കമ്മ്യൂഷിസ്റ്റ്കാരല്ലാത്തവരും കൂടി ഉൾപ്പെട്ട ഒരു സങ്കലിത മന്ത്രിസഭയാണതെങ്കിലും ഗവൺമെൻറിന്റേയും രാജ്യത്തിന്റേയും നേതൃത്വം കമ്മ്യൂണിസ്റ്റുകളുടേയും മാർക്സിസ്റ്റുകളുടേയും കയ്യിലാണു്. തങ്ങൾക്കു ഏതുരൂപത്തിലുള്ള ഗവൺമെൻറു വേണമെന്നു നിശ്ചയിക്കേണ്ടതു് ചൈനയിലെ ജനങ്ങളാണു്. എന്നാൽ ചൈനയിലെ ഈ പുതിയ ഭരണസ്ഥാപനം ഏഷ്യയേയും ലോകത്തേയും സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യമർഹിക്കുന്ന സംഗതിയാണു്. നിങ്ങൾ അതു ഇഷ്ടപ്പെട്ടാലും ഇല്ലെയോ എന്നുള്ളതു വേറെ കാര്യം. ഇപ്പോൾ ആദ്യമായി ഒരു സുശക്തഗവൺമെൻറിന്റെ കീഴിൽ ഒരു മഹത്തായ രാഷ്ട്രം സ്ഥാപിച്ചുകഴിഞ്ഞു. നമ്മെ സംബന്ധിച്ചിടത്തോളം നാം കമ്മ്യൂണിസ്റ്റ് ചൈനയുമായി സൗഹാർദ്ദബന്ധത്തിലാണു്. എന്നാൽ നാം നമ്മുടെ രാജ്യത്തു കമ്മ്യൂണിസം സ്വീകരിച്ചു എന്നു അതിനർത്ഥമില്ല. അനേകായിരം കൊല്ലങ്ങളിലെ ചരിത്രമുള്ള ഒരു മഹത്തായ രാഷ്ട്രമാകയാൽ ചൈനയുമായി സൗഹാർദ്ദബന്ധത്തിൽ കഴിയണമെന്നു നാം തീരുമാനിച്ചു. അവരുടെകാര്യത്തിൽ കൈകടത്തണമെന്നു നാം ആഗ്രഹിക്കുന്നില്ല. അതേസമയം നമ്മുടെ കാര്യത്തിൽ കൈകടത്താൻ അവരെ അനുവദിക്കുന്നതുമല്ല. അതിനാൽ നാം കമ്മ്യൂണിസ്റ്റു പാർട്ടിയുമായി പിണങ്ങുന്നോ ഇല്ലയോ എന്നുള്ളതല്ല കാര്യം. ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റു പാർട്ടി നടത്തുന്നതുപോലുള്ള ഭീകരപ്രവർത്തനങ്ങളും നഗ്നമായ വിപ്ലവവും നാംഅനുവദിക്കുന്നതല്ല. കമ്മ്യൂണിസത്തിന്റെയുംമാർക്സിസത്തിന്റെയും സിദ്ധാന്തങ്ങൾ എന്തുതന്നെ ആയാലും ബുദ്ധിമതികളായ യുവാക്കൾ ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റു പാർട്ടിയെ എങ്ങനെ അനുകൂലിക്കുമെന്നും എങ്ങനെ അതിന്റെ ആയുധങ്ങളാകുമെന്നും എനിക്കു മന

സ്സിലാക്കാൻ കഴിയുന്നില്ല. എന്തെന്നാൽ അതു അത്യാഹിതത്തിലേക്കു നയിക്കുകയെയുള്ളൂ.

ഇനി സോഷ്യലിസ്റ്റു പാർട്ടിയെപ്പറ്റി. ആ പാർട്ടിയിൽ കോൺഗ്രസ്സിലെ സുശക്തപ്രവർത്തകരിൽ ചിലരുണ്ടു്. അവരിൽ ചിലർ നമ്മുടെ അടുത്ത സുഹൃത്തുക്കളും നാം ബഹുമാനിക്കുന്നവരുമാണു്. ഞാൻ സ്ഥിതിസമതചിന്താഗതിക്കാരനാണെന്നു പറയുന്നുണ്ടെങ്കിലും പൊതുവായ സമീപനത്തെ സംബന്ധിച്ചിടത്തോളം സോഷ്യലിസത്തിന്റെ ഏതെങ്കിലും സിദ്ധാന്തപരമായ തത്വം സാമ്പത്തികമായോ സാമൂഹികമായോ സ്വീകരിക്കാൻ എനിക്കു ഒരിക്കലും കഴിഞ്ഞിട്ടില്ല. മാർക്സിന്റേതായാലും ലെനിന്റേതായാലും യാതൊരു സോഷ്യലിസ്റ്റു സിദ്ധാന്തവും അപ്പടി ഞാൻ സ്വീകരിക്കുന്നില്ല. ചില ആളുകൾ അതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടു്. എഴുതിയിട്ടുണ്ടു്. ഏതു സിദ്ധാന്തവും ചില നിർദ്ദിഷ്ടപരിതസ്ഥിതികളിൽ പരിശോധിച്ചുനോക്കണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരു ഗവമ്മെന്റിന്റെ നിലയിൽ നാം സാമ്പത്തികപ്രശ്നത്തെ ശരിയാംവണ്ണം സമീപിച്ചിട്ടില്ല. നമ്മുടെ സോഷ്യലിസ്റ്റ് സ്നേഹിതന്മാർ ചിലപ്പോൾ നമ്മെ അക്കാരണത്താൽ വിമർശിക്കുന്നുണ്ടു്. അതു ശരിയുമാണു്. ചിലപ്പോൾ അവർ തെറ്റായ വിമർശനം നടത്തുന്നു. അവരുടെ സമീപനനയം നിഷേധാത്മകവും നാശോന്മുഖവും ആകുന്നു. അവർ സകലവിധത്തിലും നമ്മെ വിമർശിച്ചുകൊള്ളട്ടെ. അവർ നമ്മെ ആക്ഷേപിച്ചുകൊള്ളട്ടെ. എന്നാൽ ഈ നിഷേധാത്മകമായ സമീപനം ഇൻഡ്യയ്ക്കു വലിയ ഗുണമൊന്നും ചെയ്യാൻ പോകുന്നില്ല.

ഞാൻ വളരെ സമയം എടുത്തു. അവസാനമായി എനിക്കു ഒരു കാര്യം പറയാനുണ്ടു്. വിവിധ കാരണങ്ങളാൽ നമ്മുടെ സംഘടനയെ വളരെയൊക്കെ ബലഹീനമാക്കിത്തീർക്കുവണ്ണമാണു് യഥാർത്ഥത്തിൽ നമ്മുടെ ഗവമ്മെൻറുകൾ പ്രവർത്തനം നടത്തുന്നതു്. കോൺഗ്രസ്സിലെ ഏതാനും മെമ്പറന്മാർ ഗവമ്മെൻറിന്റെ ഉത്തരവാദിത്വം വഹിക്കുന്നു. മറ്റുള്ളവർ ഭരണകൂടത്തിന്റെ പുറത്തുമാണു്. ഇങ്ങനെ വെളിയിൽ നിൽക്കുന്ന കോൺഗ്രസ്സുകാരുടെ ഇടയിൽ പോലും ഗവമ്മെൻറിനെ എതിർക്കാനുള്ള ഒരു മനോഭാവം കാണപ്പെടുന്നു. ഒറ്റയ്ക്കായാലും ഗ്രൂപ്പുകളായിട്ടായാലും ഗവമ്മെൻറിനെ അപ്രകാരം എതിർക്കുന്നതു് നന്നല്ല. അതു കോൺഗ്രസ്സിനെപ്പറ്റിയുള്ള മതിപ്പു താഴ്ത്തുന്നതിനുപുറമേ ഗവമ്മെൻറിനേയും ഭരണത്തേയും അധഃപതിപ്പിക്കുകയും ചെയ്യും. ഒരു പാർട്ടി സംഘടനയ്ക്കു അതിന്റെ പൊതുനയം രൂപീകരിക്കാനുള്ള അവകാശമുണ്ടു്. എന്നാൽ ഗവമ്മെൻറിന്റെ ദൈനംദിനഭരണകാര്യങ്ങളിൽ ഇടപെടാൻ പാർട്ടിസംഘടനയ്ക്കു അവകാശമില്ല. ദൈനംദിനഭരണകാര്യങ്ങളിൽ, വിശേഷിച്ചും നിയമനം മുതലായ കാര്യങ്ങളിൽ, ഒരു പാർട്ടി കൈകടത്താൻ ശ്രമിച്ചാൽ അതു് നശിച്ചുതുതന്നെ. എന്തെന്നാൽ പാർട്ടിയിലെ അംഗങ്ങൾക്കും ചില സ്നേഹിതന്മാർക്കും ചില ഗുണങ്ങൾ സിദ്ധിക്കുന്നതിനുപരിയായ നേട്ടമൊന്നും ആ പാർട്ടിക്കുണ്ടാവുകയില്ല. ആ പാർട്ടി വിലയില്ലാതാവുകയും ചെയ്യും.

വർത്തമാനപത്രങ്ങൾ

തിരുവിതാംകൂർ—കൊച്ചി സംസ്ഥാനം ഒട്ടേറെ വർത്തമാനപത്രങ്ങളാലും പ്രസിദ്ധീകരണങ്ങളാലും അനുഗ്രഹിക്കപ്പെട്ടതാണെന്നു ഞാൻ അറിയുന്നു. ഭാഷ വശമില്ലാത്തതിനാൽ അവയെപ്പറ്റി എനിക്കു വളരെയൊന്നും അറിയാൻ പാടില്ല. പത്രങ്ങളേ സംബന്ധിച്ച പ്രശ്നം ഇൻഡ്യയ്ക്കു പൊതുവെയുള്ള ഒരു പ്രശ്നമായിരിക്കുന്നു. വർത്തമാനപത്രങ്ങൾ പൊതുജനങ്ങളുടെ മേൽ വലുതായ സ്വാധീനം ചെലുത്തുന്നു. അങ്ങനെ ചെലുത്തേണ്ടതുംതന്നെ. എന്നാൽ പത്രങ്ങളുടെ സ്വാധീനം തെറ്റായ മാർഗ്ഗത്തിൽ ചെലുത്തിയാൽ നാം എന്താണു് ചെയ്യേണ്ടതു്? ഇൻഡ്യയിലെ പത്രങ്ങളേപ്പറ്റി പൊതുവായി എനിക്കൊന്നും പറയാനില്ല. സ്വാധീനശക്തി ശരിയായ

മാർഗ്ഗത്തിൽ ചെലുത്താൻ അവക്ക് ചുമതലയുണ്ട്. എല്ലാ പത്രങ്ങളും സത്യസന്ധതയോടും ചുമതലാബോധത്തോടും കൂടി പെരുമാറുന്നു എന്നോ അവരുടെ സ്വാധീനം ശരിയായ വിധത്തിൽ ചെലുത്തുന്നു എന്നോ ഞാൻ പറയുന്നതു തീകച്ചും തെറ്റായിരിക്കും. പാക്കിസ്ഥാനിലെ പത്രങ്ങൾ വർഗ്ഗീയരംഗത്തു വലുതായ കുഴപ്പമുണ്ടാക്കി. അവർ ക്രൂതൽഉത്തരവാദിത്വത്തോടുകൂടി പെരുമാറുമെന്നു ഞാൻ ആഗ്രഹിക്കുന്നു. സൂഡൽഹിയിൽനിന്നും ഹിന്ദുമഹാസഭയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു പ്രതിവാരപത്രം അത്യന്തം വിഷലിപ്തമായ വർഗ്ഗീയപ്രചരണം നടത്തി. അതിനെതിരായി ചില ഉത്തരവുകൾ ഗവമെണ്ടു പാസാക്കി. ബോംബയിലെ ഒരു കമ്മൂണിസ്റ്റു പത്രത്തിനെതിരായും ചില ഉത്തരവുകൾ പാസാക്കി. ഉത്തരവിനേൽ സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തു. ഭരണഘടനയിൽ പറഞ്ഞിട്ടുള്ള മൌലീകാവകാശത്തെ അടിസ്ഥാനമായി കോടതി അപ്പീൽ അനുവദിച്ചു. അതു അസുഖകരമായ ഒരു നിലയാണു്. തീകച്ചും നിരുത്തരവാദപരമായ പത്രങ്ങളെ എങ്ങനെ നേരിടണമെന്നുള്ള പ്രശ്നം ഉദിക്കുന്നു. അവ അപ്രകാരം എഴുതുമ്പോൾ പൊതുജനാഭിപ്രായം ദുഷിക്കും. ഈ സംസ്ഥാനത്തെ ഏതാൻ പത്രങ്ങൾ (പീരിയോഡിക്കൽസു്) മറ്റുള്ളവക്കു അവമാനകരമായ കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തി അവരിൽനിന്നും പണം വാങ്ങുന്നതായി ഞാൻ അറിയുന്നു. അതു ദുഷിച്ച ഒരു കാര്യമാണു്. ഈവിധമുള്ള വിഷലിപ്തമായ പ്രസിദ്ധീകരണങ്ങളെ തകർത്തുകളയണമെന്നു ഞാൻ ഗവമെണ്ടിനോടും സംഘടനകളോടും നിർദ്ദേശിച്ചുകൊള്ളുന്നു. അവയുടെ പ്രസിദ്ധീകരണം അനുവദിക്കാതിരിക്കുകയാണു് നല്ലതു്. സാധാരണമായി ഞാൻ ഒരു ശാന്തപ്രകൃതക്കാരനാണു്. വളരെക്കാലം ജയിലിൽ കഴിച്ചുകൂട്ടിയതിന്റെ ഫലമായി സാധാരണ തടവുപുള്ളിയെ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. അവൻ അന്തസ്സുള്ളവനാണു്. എന്നാൽ ഈമാതിരി കുറ്റങ്ങൾക്കാണു ശിക്ഷാനിയമത്തിൽ ശരിയായ വ്യവസ്ഥ ചെയ്യേണ്ടതു്. പൊതുജീവിതത്തിലായാലും സ്വകാര്യജീവിതത്തിലായാലും സംഘടനയിലായാലും ജനങ്ങൾ ഈ മാതിരി കാര്യങ്ങളിൽ താല്പര്യം കാണിക്കുന്ന പതിവു അവസാനിക്കുകതന്നെ വേണം.

ചോദ്യോത്തരങ്ങൾ

"ആർക്കെങ്കിലും എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ഇനി ചോദിക്കാം".

ചോദ്യം:— ഭാഷാപരമായ പ്രവിശ്യകൾക്കു വേണ്ടിയുള്ള മുറവിളി ഒരു വേർതിരിയൽനയമായിട്ടോ സഹായകമായ നയമായിട്ടോ അങ്ങു കരുതുന്നതു് ?

ഉത്തരം.—നിങ്ങൾക്കു് ഒരു തുറന്ന മറുപടി വേണം, അല്ലേ. ഒക്കുമെന്നുണ്ടെങ്കിൽ ഇൻഡ്യയിലെ എല്ലാ പ്രോവിൻസുകളേയും ഭാഷാപരമായ വിഭജനങ്ങളില്ലാത്ത ഒരൊറ്റ ഘടകമായി ഞാൻ സംയോജിപ്പിക്കുമായിരുന്നു. ഏതായാലും അതു സംഭവിക്കാൻ പോകുന്നില്ല. ഏറെക്കാലം ഞാൻ ഭാഷാപരമായ പ്രവിശ്യകൾ രൂപീകരിക്കുന്നതിനെ അനുകൂലിച്ചിരുന്നു. അതിനനുകൂലമായി പല ന്യായങ്ങളും ഉണ്ടു്. എന്നാൽ ക്രമേണ അക്കാര്യത്തിൽ എനിക്കുള്ള ഉത്സാഹം കുറയുകയും ഉൽബുദ്ധപ്പെടുകയും ചെയ്തു. എന്തെന്നാൽ അവസാനം അതു് ഒരു വേർതിരിയൽമനോഭാവം വളർത്തും. ഏകലോകത്തെപ്പറ്റി സംസാരിക്കുന്ന ഒരു കാലമാണിതു്. എന്നാൽ ഇതു് അതിനു വിരുദ്ധമായ ആശയമാണു്. അങ്ങനെ പറയുന്നതു കൊണ്ടു നമ്മുടെ ഭാഷാപരമായ പ്രത്യേകസംസ്കാരം പുലർത്തരുതെന്നർത്ഥമില്ല. അതിനെ വളർത്തണം. എന്നാൽ ഭാഷാപരമായ പ്രോവിൻസുകൾക്കു വേണ്ടിയുള്ള ഈ മുറവിളി അവസാനം ഇൻഡ്യയെയും അപ്രകാരം രൂപീകരിക്കുന്ന സംസ്ഥാനങ്ങളേയും ശക്തിഹീനമാക്കുന്നതിനു ഇടനൽകുകയേ ഉള്ളൂ.

കോൺഗ്രസ് നേതാക്കന്മാരും കോൺഗ്രസ് മന്ത്രിമാരും കമ്മ്യൂണിസ്റ്റാദർശങ്ങളെ പരസ്യമായി അഭിനന്ദിക്കുന്നതു യുക്തമാണോ എന്ന ഒരു ചോദ്യം വന്നിട്ടുണ്ട്. ഒരു നല്ല ആദർശമാണെങ്കിൽ അതു അംഗീകരിക്കാം. ഒരു കമ്മ്യൂണിസ്റ്റുകാരൻ പറയുന്നതുകൊണ്ടു ആ ആദർശം ചീത്തയാകണമെന്നില്ല. അതു പോലെതന്നെ ഒരു കമ്മ്യൂണിസ്റ്റുകാരൻ ചീത്ത ആദർശം പറഞ്ഞാൽ അതു നല്ലതാകണമെന്നില്ല. സമത്വം വേണമെന്നു അയാൾ പറഞ്ഞാൽ അതു നല്ല കാര്യമാണ്. ലോകത്തിലെ ഏറ്റവും വലിയ നേതാക്കന്മാരിൽ ചിലർ കമ്മ്യൂണസ്റ്റുകളാണെന്നു കാണാം. ലോകത്തിൽ കാൽഭാഗം ആളുകളും കമ്മ്യൂണിസ്റ്റുകളാണ്. ലോകത്തിലെ കാൽഭാഗം ആളുകളും മറയന്മാരാണെന്നും നാം മാത്രം ബുദ്ധിമാന്മാരാണെന്നും പറയുന്നതു ഭോഷത്വമാണ്. കമ്മ്യൂണിസത്തിൽ ശക്തിയായ ആദർശങ്ങൾ അടങ്ങിയിട്ടുണ്ട്. വളരെ ചീത്തയായ ഘടകങ്ങളേയും അതു ഉൾക്കൊള്ളുന്നു. അവതമ്മിലുള്ള വ്യത്യാസം ശരിക്കു മനസ്സിലാക്കാതെ നിങ്ങൾ കമ്മ്യൂണിസത്തിലെ നല്ല കാര്യങ്ങളെ വിമർശിക്കുവാൻ തുടങ്ങിയാൽ നിങ്ങൾ ആവശ്യമില്ലാതെ നിങ്ങൾക്കെതിരായി ശത്രുക്കളെ സൃഷ്ടിക്കുകയായിരിക്കും. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോക്കു ദേശീയവിരുദ്ധമാണ്. യഥാർത്ഥത്തിൽ അതു മറ്റുള്ള രാജ്യങ്ങളിലെ ദേശീയകക്ഷികളുമായി യോജിച്ചു പ്രവർത്തിക്കുന്നു. ഇൻഡ്യയിലെ കർഷകരുടേയും തൊഴിലാളികളുടേയും നന്മയ്ക്കു കമ്മ്യൂണിസ്റ്റുപാർട്ടി വളരെ പ്രാധാന്യം നൽകുന്നില്ലെന്നു തീർച്ചയാണ്. കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തനഫലമായി അവർക്കു ഒടുവിൽ വല്ല ഗുണവും ലഭിച്ചെന്നുവരാം. എന്നാൽ ആദ്യമെ നശീകരണത്തിൽക്കൂടെ കടന്നു പോകണം.

ചോദ്യം.—ഈ രാജ്യം സന്ദർശിച്ചശേഷം പുറമേനിന്നുള്ള അരി ഇറക്കുമതി മുഴുവൻ നിറുത്തലാക്കാൻ സാധിക്കുമെന്നു അങ്ങേയ്ക്കു ബോദ്ധ്യം വന്നിട്ടുണ്ടോ?

ഉത്തരം:—ഫെബ്രുവരി അവസാനത്തോടുകൂടി ഇറക്കുമതി നിശ്ശേഷം നിറുത്തലാക്കണമെന്നാണു് നമ്മുടെ പരിപാടി. ആദ്യം നിങ്ങൾ അരികൊണ്ടുള്ള ഭക്ഷണം കൈവെടിയേണ്ടിവന്നേക്കും. (ചിരി)

ചോദ്യം:—ഭീകരപ്രവർത്തകരെ ഭീകരനടപടികൊണ്ടു അമർത്തുന്നതു ശരിയാണെന്നു അങ്ങു കരുതുന്നുണ്ടോ?

ഉത്തരം.—ചോദ്യകർത്താവു് എന്തർത്ഥമാക്കുന്നു എന്നു് എനിക്കു മനസ്സിലാകുന്നില്ല. ഭീകരപ്രവർത്തകരെ അക്രമംകൊണ്ടു് അമർത്തുമോ എന്നായിരിക്കും ശരിയായ ചോദ്യം. ഭീകരപ്രവർത്തനത്തെ അമർത്തുന്നതിനു ഗവർമ്മെണ്ടു നിശ്ചയമായും അക്രമ നടപടികൾ അവലംബിക്കുക അത്യന്താപേക്ഷിതമാണു്. എന്നാൽ അതു കൊണ്ടുമാത്രം സംഗതികൾ ശരിപ്പെട്ട എന്നു വരുന്നതല്ല. രണ്ടു കാരണങ്ങൾകൊണ്ടാണു് ഭീകരപ്രവർത്തനം പുലരുന്നതു്. ഒന്നു വ്യക്തികളോ സംഘടനകളോ അപ്രകാരമുള്ള പരിപാടികൊണ്ടു ഒരു മാറ്റമുണ്ടാക്കാൻ ശ്രമിക്കുന്നു. അതു് ഒരു തലതിരിഞ്ഞ മനസ്ഥിതിയാണു്. ചില ചുറ്റുപാടുകളിൽ, സാമ്പത്തികമായ അസംതൃപ്തി വരുന്നിടത്തു ഭീകരപ്രവർത്തനം പുലരുന്നു എന്നതാണു് മറ്റൊരു ഹേതു. അതിനാൽ ആ പരിതസ്ഥിതിയെ നേരിടുകയാണു് നല്ലതു്.

ചോദ്യം:—ഹിന്ദുസമുദായത്തെയോ ക്രസ്ത്യൻ സമുദായത്തെയോ ശുദ്ധീകരിക്കുകയും ഏകീകരിക്കുകയും ചെയ്യുന്നതിനുവേണ്ടി വർഗ്ഗീയ നേതാക്കന്മാർ പ്രചരണം നടത്തുന്നതു് ശരിയോ തെറ്റോ?

ഉത്തരം.—ഏകീകരണം എന്ന പദംതന്നെ ആക്രമണാത്മകവും വിപൽക്കരവുമാണു്.

ചോദ്യം:—ഞാൻ ശരിയായി മനസ്സിലാക്കിയെങ്കിൽ അങ്ങു പറഞ്ഞതു് കമ്മ്യൂണിസ്റ്റുകാർ ഭീകരപ്രവർത്തകരാകയാൽ അങ്ങു കമ്മ്യൂണിസത്തെ എതിർക്കുന്നു എന്നാണു്. കമ്മ്യൂണിസത്തിന്റെ തത്വം

അതായത് വർഗ്ഗസമരം അങ്ങയുടെ അഭിപ്രായത്തിൽ ശരിയായിട്ടുള്ളതാണോ? കമ്മ്യൂണിസം വർഗ്ഗസമരത്തെ പ്രോത്സാഹിപ്പിക്കുന്നതിനാൽ അതിനെ നിരുത്സാഹപ്പെടുത്തുകയല്ലേ ഗവൺമെണ്ടിന്റെ കർത്തവ്യം.

ഉത്തരം.—എനിക്കു കമ്മ്യൂണിസത്തെ പ്രോത്സാഹിപ്പിക്കാൻ കഴിയുമെന്നു ഞാൻ കരുതുന്നില്ല. അതു ഞാൻ ഇതിനകം വ്യക്തമാക്കിക്കഴിഞ്ഞു.

ചോദ്യം:—കമ്മ്യൂണിസ്റ്റ്കളും വർഗ്ഗീയവാദികളുമെന്ന നിലയിൽ ചില കോൺഗ്രസ്സുകാർ അപകടമുണ്ടാക്കുന്നു. അവർ കോൺഗ്രസ്സിന്റെ ലക്ഷ്യം വിട്ടുപോവുകയാണു്. എന്താണു് പോംവഴി?

ഉത്തരം.— ഒരു പോംവഴി. അവരെ തള്ളിപുറത്തുകളയുക.

പണ്ഡിറ്റ്നെഹ്റു:—തമിഴ്നാട്ടു കോൺഗ്രസ്സിനെപ്പറ്റി ഒരു ചോദ്യം ലഭിച്ചിരിക്കുന്നു. അതു് ഈ രാജ്യത്തിന്റെ ഒരു കഷണം വെട്ടിമുറിച്ചു തമിഴ്നാടിനോടു ചേർക്കണമെന്നാവശ്യപ്പെടുന്ന സംഘടനയാണെന്നു തോന്നുന്നു. അങ്ങനെ ചെയ്യുന്നതു് ഭോഷത്വമായിരിക്കും. ഏതാണ്ടൊരു ഭാഷാപരമായ വിഭജനം നിലവിലിരുന്നു. എങ്കിലും സമാധാനത്തെ ഉലയ്ക്കുന്ന ശിഥിലീകരണശക്തികളെ ഇളക്കിവിടുവാൻ കഴിവുള്ള യാതൊന്നിനേയും ഇപ്പോൾ പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഇൻഡ്യയേപ്പോലുള്ള ഒരു രാജ്യത്തു, വിശേഷിച്ചും ബിഹാറിലും ബംഗാളിലും ഭാഷയെ സംബന്ധിച്ചിടത്തോളം ഒന്നിനുമേലൊന്നായി കിടക്കുന്ന അതിർത്തികളുണ്ടാക്കാതെ തരമില്ല. ഭാഷയുടെ അടിസ്ഥാനത്തിൽ വ്യക്തമായ ഒരു അതിർത്തിരേഖ ഉണ്ടാക്കുകവളരെ പ്രയാസമാണു്. ഇവിടത്തെ കാര്യത്തെ സംബന്ധിച്ചിടത്തോളം ഭാഷാപരമായ വിഭജനം ആശാസ്യമായ ഒന്നായിരുന്നാൽ തന്നെയും അതു തെറ്റാണു്. എന്തെന്നാൽ അതു നാനാവിധത്തിലുള്ള ശിഥിലീകരണശക്തികളെ ഇളക്കിവിടും. ഒരു പക്ഷേ ഇവിടത്തെ ആളുകൾ അതു മനസ്സിലാക്കുന്നില്ലായിരിക്കാം. എന്നാൽ പഞ്ചാബ് ബംഗാൾ എന്നിവിടങ്ങളിൽ അതിഭയങ്കരങ്ങളായ പ്രശ്നമാണു് ഞങ്ങൾക്കു് നേരിടേണ്ടിവന്നതു്.

ചോദ്യം :—സർദാർ പട്ടേലും സെത്താൽമിയായും തമ്മിലുള്ള വിവാദത്തെപ്പറ്റി അങ്ങയുടെ അഭിപ്രായം എന്താണു്?

ഉത്തരം.—ഒന്നാമതായി എനിക്കു പറയാനുള്ളതു സർദാർ പട്ടേലിന്റെ പേരു സെത്താൽമിയായുടെ പേരിനോടു ചേർത്തുപറയരുതെന്നാണു്. അതു സർദാർ പട്ടേലിനു അപമാനകരമായിരിക്കും. ഞാൻ തീച്ചയായും അതു തെറ്റെന്നുതന്നെ പറയും.

സർവോദയാഗ്രൂപ്പും കോൺഗ്രസ്സും തമ്മിലുള്ള വിവാദത്തെപ്പറ്റിയുണ്ടായ ചോദ്യത്തിനു പണ്ഡിറ്റ്നെഹ്റു ഇപ്രകാരം മറുപടി പറഞ്ഞു. "അതു വിഷമമേറിയ ഒരു ചോദ്യമാണു്. മി. ഗുൽസാരിലാൽ നന്ദായെ നമ്മുടെ പ്ലാനിങ്ങു് കമ്മീഷനിൽ നിയോഗിച്ചിട്ടുണ്ടു്. എന്നാൽ സർവോദയഗ്രൂപ്പു് രാജ്യത്തെ സംഭവഗതികളെ പൂർണ്ണമായും വിശ്വസിക്കുന്നതായി തോന്നുന്നു. അതായതു, ഒരു വലിയ ആചാര്യന്റെ ശിഷ്യന്മാർ വഴക്കവും പ്രധാനമായ സമീപനമാർഗ്ഗവും വിസ്മരിച്ചു അപ്രധാനങ്ങളായ കാര്യങ്ങളെ കൂടുതൽ മുറുകെ പിടിക്കുന്നു എന്നാണർത്ഥം.

ചോദ്യം:—കോൺഗ്രസ്സു ഉദ്യോഗം സ്വീകരിക്കുകയും ഗവൺമെൻറു രൂപീകരിക്കുകയും ഭരണംനടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നതിനാൽ കോൺഗ്രസ്സ് പ്രസ്ഥാനത്തെ ഇനി പുനസ്സംഘടിപ്പിക്കേണ്ടതു ആരാണു്? അടുത്ത പടിയേപ്പറ്റി സൂക്ഷ്മപരമായ നിർദ്ദേശം കിട്ടിയാൽ കൊള്ളാം.

ഉത്തരം.—തത്വം വിശദീകരിച്ചുകൊണ്ടുമാത്രം ഒരു സംഘടന നിലനില്ക്കുകയില്ല. ചിലപ്പോൾ ഒരു സംഘടന വെറും രാഷ്ട്രീയമായ തിരഞ്ഞെടുപ്പിനുവേണ്ടിയുള്ള സംഘടനമാത്രമായിരി

ക്കും. ചില രാഷ്ട്രീയ സംഘടനകളും അപ്രകാരമാണ്. എന്നാൽ അതു നല്ല നടപടിയല്ല. തിരഞ്ഞെടുപ്പു നടത്താൻ മാത്രമുള്ള ഒരു സംഘടനയായി കരുതപ്പെടുന്നപക്ഷം കോൺഗ്രസ്സിനു ഫലപ്രദമായി പ്രവർത്തനം നടത്താൻ സാദ്ധ്യമല്ല. ഇക്കാലമിത്രയും കോൺഗ്രസ്സിനു മറ്റു വളരെ ജോലികളും ചെയ്യാനുണ്ടായിരുന്നു. അല്പം സൃഷ്ടിപരമായ പ്രവർത്തനം നടത്താൻ ഗാന്ധിജി ശ്രമിച്ചു. കോൺഗ്രസ്സിനെ പട്ടണത്തിലും ഗ്രാമത്തിലും സൃഷ്ടിപരമായ പ്രവർത്തനത്തിൽ ബന്ധിക്കുന്നതിനും നാം എന്തെങ്കിലും ഉപായം കണ്ടുപിടിക്കണം. അതു് നമ്മുടെ മുഖ്യ സാമ്പത്തിക പരിപാടിയുടെ ഒരു ഭാഗമായിരിക്കുകയും വേണം. ഞാൻ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. എന്നാൽ ഓരോ പട്ടണത്തിലും ഓരോ ഗ്രാമത്തിലും അവിടത്തെ ഏതു വ്യക്തിക്കും പ്രവർത്തിക്കുവാൻ തക്ക ഒരു പരിപാടിയുണ്ടാവണം. അനവധി ആളുകൾ അതിൽ ഏർപ്പെട്ടാൽ അത്ഭുതകരമാംവിധം സൃഷ്ടിപരമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. എല്ലാം ഗവൺമെണ്ടു ചെയ്തുകൊള്ളും, നാം ഒന്നും ചെയ്യേണ്ട എന്ന ഒരു വിചാരമാണു് നമ്മുടെ ഇടയിൽ കൂടുതലായി കാണുന്നതു്. മറ്റു രാജ്യങ്ങളിൽ അങ്ങനെയല്ല. എല്ലാം ഗവൺമെണ്ടു ചെയ്തുകൊള്ളുമെന്ന ഒരു ദുഷിച്ച ഏർപ്പാടു് ബ്രിട്ടീഷു് ഭരണകാലത്തു നാം ശീലിച്ചുപോയി. റോഡു്, പാലം, വിദ്യാഭ്യാസം മുതലായി ഗവൺമെണ്ടിന്റെ ഉദ്യമം കൂടാതെ തന്നെ നിർവ്വഹിക്കാവുന്ന പല കാര്യങ്ങളുമുണ്ടു്. ഗവൺമെൻറിന്റെ സഹായസഹകരണമുണ്ടെങ്കിൽ കൂടുതൽ കാര്യങ്ങൾ നിർവ്വഹിക്കാമെന്നുള്ളതു ശരിതന്നെ. ഇവ നിർവ്വഹിക്കുന്ന കാര്യത്തിൽ പൊതുജനങ്ങളെ ഗവൺമെൻറുമായി ബന്ധിപ്പിക്കുന്നതിനു എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കാൻ പ്ലാനിങ്ങു് കമ്മിഷൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്.

ചോദ്യം:—നേതാക്കന്മാരും മന്ത്രിമാരും ഗാന്ധിയൻ തത്വങ്ങൾ അനുകരിക്കാത്തതുകൊണ്ടല്ലേ കോൺഗ്രസ്സിനെപ്പറ്റിയുള്ള മതിപ്പു് നശിച്ചതു്?

ഉത്തരം.—എന്റെ വ്യക്തിപരമായ അഭിപ്രായം അങ്ങനെ സംഭവിക്കുന്നതു പ്രധാനമായും നേതാക്കന്മാരും മന്ത്രിമാരും ഗാന്ധിജിയുടെ മാർഗ്ഗം വെടിയുന്നതുകൊണ്ടല്ല, മറ്റു കോൺഗ്രസ്സുകാർ അതു വെടിയുന്നതുകൊണ്ടാണെന്നാണു്.

ചോദ്യം:—വിദ്യാഭ്യാസം ദേശീകരിക്കുന്നതിനെപ്പറ്റി അങ്ങയുടെ അഭിപ്രായം എന്താണു്?

ഉത്തരം.—എല്ലാവർക്കും വിദ്യാഭ്യാസം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം സ്റ്റേറ്റിനുതന്നെ ആയിരിക്കണം. ആദ്യമായി കുട്ടികൾക്കും പിന്നീടു പ്രായമായവർക്കും അതിൽനിന്നൊഴിഞ്ഞുനില്ക്കാൻ പാടില്ല. എന്നാൽ ഒരു കുട്ടിയെ സംസ്ഥാനത്തെ ഒരു പ്രൈവറ്റു വിദ്യാലയത്തിൽ പഠിപ്പിക്കുക എന്നതു തടയാൻ സാദ്ധ്യമല്ലാത്ത ഒരു കാര്യമാണു്. ഗവൺമെൻറിൽനിന്നും വ്യവസ്ഥ ചെയ്തിട്ടുള്ള പൊതുമാനദണ്ഡത്തിനു വിധേയമായി അപ്രകാരമുള്ള വിദ്യാഭ്യാസം നടത്തണം. സ്വകാര്യ വിദ്യാലയങ്ങൾ മുഖേനയുള്ള വിദ്യാഭ്യാസം സ്റ്റേറ്റിന്റെ പൊതു നയത്തിനു വിപരീതമാകാൻ പാടില്ല. ഏതായാലും എല്ലാവർക്കും വിദ്യാഭ്യാസം നൽകുന്നതിനുള്ള ചുമതല ഗവൺമെൻറിനേറ്റതായി ശേഷിക്കുന്നു.”

ബഹുമനാപ്പെട്ട ഡെപ്യൂട്ടിപ്രധാനമന്ത്രി തിരുവനന്തപുരത്തെ പൊതുയോഗത്തിൽ

ബഹുസഹസ്രം ജനങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് അലംകൃതമായ ഒരു മഹായോഗമാണു ഫെബ്രുവരി മാസം ഇരുപത്തിമൂന്നാംതീയതി തിരുവനന്തപുരം സർവ്വകലാശാലാ സ്റ്റേഡിയത്തിൽ ബഹു: ഡെപ്യൂട്ടി പ്രധാനമന്ത്രിയുടെ പ്രസംഗം കേൾക്കുവാൻ കൂടിയിരുന്നതു്. കൃത്യം അഞ്ചരമണിക്കു് ബഹു. ഡെപ്യൂട്ടി പ്രധാനമന്ത്രി യോഗത്തിൽ ആഗതനായി. നിസ്സീമമായ അച്ചടക്കത്തോടും നിശ്ശബ്ദതയോടും വഹിച്ചിരുന്ന ആ സദസ്സിനെ അഭിസംബോധനംചെയ്തു് അദ്ദേഹം ഇപ്രകാരം പറഞ്ഞു:—

"ഈ സംസ്ഥാനം ഞാൻ ആദ്യമായി സന്ദർശിക്കുന്ന ഈ സന്ദർഭത്തിൽ എനിക്കു നൽകപ്പെട്ട ഹൃദ്യമായ സ്വീകരണത്തിനു് ഞാൻ ഒന്നാമതായി നന്ദി പ്രകടിപ്പിച്ചുകൊള്ളട്ടെ. എനിക്കു് മംഗളപത്രങ്ങളും സമർപ്പിച്ച മുനിസിപ്പാലിറ്റികളിലെ അംഗങ്ങളോടും ഞാൻ കൃതജ്ഞനാണു്. ഉപചാരവാക്കുകൾക്കായി സമയം വിനിയോഗിക്കണമെന്നു ഞാൻ കരുതുന്നില്ല. എങ്കിലും ഈ സംസ്ഥാനത്തു യോഗങ്ങൾ സംബന്ധിച്ചു കാണുന്ന ക്രമപരിപാലനത്തേയും, ജനക്കൂട്ടത്തിന്റെ പെരുമാറ്റത്തേയുംപറ്റി എനിക്കു് അഭിനന്ദനമാണുള്ളതു്. ഞാൻ ഇൻഡ്യ ഒട്ടുക്കു് സഞ്ചരിച്ചതിൽ വളരെ അപൂർവ്വമായിട്ടുമാത്രമെ ഇപ്രകാരം കാണാറുള്ളു. അതിൽ ഞാൻ നിങ്ങളെ അനുമോദിച്ചുകൊള്ളുന്നു. ഈ യോഗത്തിൽ കാണുന്ന അച്ചടക്കവും, പെരുമാറ്റവും ഇപ്പോൾ ജനങ്ങളാൽ ഭരിക്കപ്പെടുന്ന യൂണിയന്റെ ഭരണകാര്യത്തിൽ പകർത്താമെങ്കിൽ നിങ്ങൾ യൂണിയനു വേണ്ടി ഒരു വലിയ സേവനമായിരിക്കും അനുഷ്ഠിക്കുന്നതു്. നിങ്ങളെയെല്ലാം കാണുന്നതിൽ എനിക്കു് അത്യധികമായ സന്തോഷമുണ്ടു്"

സന്ദർശനോദ്ദേശം

ഇനി എന്റെ സന്ദർശനത്തിന്റെ ഉദ്ദേശത്തെപ്പറ്റി പറഞ്ഞുകൊള്ളട്ടെ. ദീർഘകാലമായി ഈ സ്ഥലം സന്ദർശിക്കണമെന്നു ഞാൻ ആഗ്രഹിച്ചിരുന്നു. എന്തെന്നാൽ തിരുവിതാംകൂറും, കൊച്ചിയും ഉൾപ്പെടെ എല്ലാ നാട്ടുരാജ്യങ്ങളിലേയും ജനങ്ങൾക്കു സ്വാതന്ത്ര്യം സമ്പാദിക്കുന്ന കാര്യത്തിൽ ഞാൻ വലിയ താല്പര്യം പ്രദർശിപ്പിച്ചിട്ടുണ്ടു്. എന്നാൽ നിർഭാഗ്യവശാൽ എന്തെങ്കിലും കാരണങ്ങൾ ഇടയിൽ വന്നുവീണു എന്റെ സന്ദർശനം ഇപ്പോൾവരെ നീട്ടുവാൻ ഇടയായി. ഈ യൂണിയൻ സംയോജിപ്പിച്ചപ്പോൾ ഞാൻ വരേണ്ടതായിരുന്നു. സംയോജനസമയത്തുവരാൻ ഞാൻ ആഗ്രഹിച്ചിരുന്നു. അതെന്റെ കർത്തവ്യവുമായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ എന്റെ ആരോഗ്യസ്ഥിതി അതിനു് അനുവദിച്ചില്ല. കഴിയുന്നതും നേരത്തെ ഈ സംസ്ഥാനം സന്ദർശിക്കുകയും, മാറിയ പരിതഃസ്ഥിതിയിൽ മന്ത്രിമാർക്കും, ജനങ്ങൾക്കുമുള്ള കർത്തവ്യത്തേയും, ഉത്തരവാ

ദിത്വത്തേയുംപറ്റി എനിക്കു യുക്തമെന്നു തോന്നുന്ന ഉപദേശങ്ങളും നൽകുകയും ചെയ്യാമെന്നു മഹാരാജാവു് തിരുമനസ്സിനോടും, മന്ത്രിമാരോടും ഞാൻ വാഗ്ദാനം ചെയ്തിരുന്നു.

ഏകീകരണം

തുടന്നു് അദ്ദേഹം ഇങ്ങിനെ പ്രസ്താവിച്ചു. "രാജ്യം ഒന്നടക്കം തെക്കുമുതൽ വടക്കുവരേയും, കിഴക്കുമുതൽ പടിഞ്ഞാറുവരേയും ഇപ്പോൾ ഏകീകരിക്കപ്പെട്ടിരിക്കുന്നു എന്നു് നിങ്ങൾക്കറിയാമല്ലൊ. അധികാരകൈമാറ്റത്തോടുകൂടിയുണ്ടായ നിർഭാഗ്യകരമായ വിഭജനം ഒഴിച്ചാൽ ഇൻഡ്യയുടെ ശ്രേഷ്ഠിച്ചഭാഗത്തിനു് ചിത്രത്തിൽ ഇപ്പോൾ ഒരൊറ്റ നിറമാണുള്ളതു്. നാട്ടരാജ്യങ്ങൾ തമ്മിലും, നാട്ടരാജ്യങ്ങളും പ്രോവിൻസുകളും തമ്മിലും ഇപ്പോൾ വ്യത്യാസങ്ങളൊന്നുമില്ല. എല്ലാ ഘടകങ്ങളും മിക്കവാറും ഒരേ രീതിയിലുള്ള നിയമങ്ങളാൽ ഭരിക്കപ്പെടും. ഇൻഡ്യയുടെ ചരിത്രത്തിൽ ഇന്നത്തെപ്പോലെ ഒരിക്കലും ഏകീകരണം ഉണ്ടായിട്ടില്ല. ആ ഏകീകരണത്തിന്റെ പൂർണ്ണമായ പ്രാധാന്യം നാം മനസ്സിലാക്കണം. അതിനെ നാം പൂർണ്ണമായി പ്രയോജനപ്പെടുത്തുകയും വേണം. ഭൂതകാലചരിത്രത്തിൽനിന്നു നാം ഒരു പാഠം സ്വീകരിക്കുന്നപക്ഷം, അനേകം തലമുറകൾ വമ്പിച്ച ത്യാഗങ്ങൾ അനുഷ്ഠിച്ചും, വളരെ ക്ലേശം സഹിച്ചും സമ്പാദിച്ച ഈ സ്വാതന്ത്ര്യത്തെ ദൃഢപ്പെടുത്തി സംരക്ഷിക്കേണ്ടതു് നമ്മുടെ ചുമതലയാണെന്നു കാണാം. എന്നാൽ പല രാജ്യങ്ങളും സ്വാതന്ത്ര്യസമ്പാദനത്തിനും, സ്വാതന്ത്ര്യസംരക്ഷത്തിനുംവേണ്ടി അനുഷ്ഠിച്ചിട്ടുള്ള ത്യാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ ത്യാഗങ്ങൾ കേവലം നിസ്സാരങ്ങളാണു്. ഇന്നു് യൂറോപ്പു മുഴുവനുംതന്നെ കുഴപ്പത്തിൽ കിടക്കുകയാണു്. ജനങ്ങൾ അവർണ്ണനീയമായ യാതനകൾ അനുഭവിക്കുന്നു. സ്വതന്ത്രരാജ്യങ്ങൾ അടിമതത്തിലും, അസന്തുഷ്ടിയിലും കഴിയുന്നു. ഏഷ്യ മുഴുവനും ഏതാണ്ടു് അതേരീതിയിൽതന്നെ. നാം ഈ രാജ്യത്തു് ഭാഗ്യവശാൽ ഒരൊറ്റ ഉറച്ച യൂണിയനിൽ—ഇന്ത്യൻ യൂണിയനിൽ—കഴിയുന്നു. അതിനുള്ളിൽ യൂണിയനുകളും പഴയ പ്രവിശ്യകളും ഉണ്ടു്. എല്ലാറ്റിനും സ്റ്റേറ്റു് എന്നാണു് പറയുന്നതു്. വിവിധകാരണങ്ങളാൽ കേന്ദ്രഭരണത്തിൻകീഴിൽ വച്ചിട്ടുള്ള ചില ചെറിയ സ്റ്റേറ്റുകളുണ്ടു്. എന്നാൽ ഇനിമേൽ എല്ലാ സംസ്ഥാനങ്ങളും ഒരു പൊതു നിയമമനുസരിച്ചു് ഭരിക്കപ്പെടുന്നതാണു്. യൂണിയൻ ഭരണഘടന പാസ്സാക്കിയതിനുശേഷം കേന്ദ്രത്തിനു് സുശക്തമായ ഒരു സൈന്യമുണ്ടു്. ഒരു നല്ല വിമാനസേനയുണ്ടു്. നാവികസേനയെ സംബന്ധിച്ചിടത്തോളം സാമാന്യം നല്ല പ്രാരംഭമിട്ടിട്ടുമുണ്ടു്. എല്ലാ യൂണിറ്റുകളേയും ഭരിക്കുന്നതു പൊതുജനപ്രതിനിധികളാണു്."

പ്രായപൂർത്തിവോട്ടവകാശം

"ഇൻഡ്യക്കു് ഇടംപ്രഥമമായി ഭരണഘടനപ്രകാരം പ്രായപൂർത്തി വോട്ടവകാശം ലഭിക്കുന്നു. പ്രായപൂർത്തി വോട്ടവകാശം ഒരു വലിയ നേട്ടമാണു്. രാജ്യത്തിലുള്ള എല്ലാവർക്കും, ഉയർന്നനിലയിലുള്ളവർക്കും താഴ്ന്ന നിലയിലുള്ളവർക്കും ഒരുപോലെ അതു് ഭരണകാര്യത്തിൽ പങ്കുനൽകുന്നു. അതുകൊണ്ടാണു് ഇപ്പോൾ നമുക്കു് ജനകീയഭരണക്രമം ഉള്ളതു്. അതനുസരിച്ചു് നിങ്ങൾക്കു് നിങ്ങളുടെ മതവും, നിങ്ങളുടെ ഭാഷയും, നിങ്ങളുടെ തൊഴിലും സമാധാനപരമായി അവലംബിക്കുവാൻ സ്വാതന്ത്ര്യമുണ്ടു്. രാജ്യത്തിന്റെ ഭാവിതികച്ചും നിങ്ങളുടെ കൈയ്യിലാണു്. നിങ്ങൾക്കിഷ്ടമുള്ള ഏതു രൂപത്തിലും അതിനെ സംവിധാനം ചെയ്യാവുന്നതാണു്. നിങ്ങൾ ഈ സന്ദർഭത്തെ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി വിനിയോഗിച്ചു എന്നു് ഭാവിയിൽ രേഖപ്പെടുത്തുന്നതിനു് ഇടയാക്കാനുള്ള മനസ്ഥിതി, അതിനുള്ള ഭാഗ്യം, നിങ്ങൾക്കുണ്ടാകുമോ?

അക്രമം വിജയിക്കയില്ല

ഈ യൂണിയനെപ്പറ്റി എനിക്കുള്ള പരിമിതമായ അറിവുവച്ചുകൊണ്ടു് രണ്ടുമൂന്നു കാര്യങ്ങളിലേക്കു് നിങ്ങളുടെ ശ്രദ്ധയെ ആകർ

ഷിക്കണമെന്നു ഞാൻ കരുതുന്നു. അവയെ സംബന്ധിച്ചു നിങ്ങൾ സവിശേഷം ചിന്തിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ യൂണിയനിൽ ചില യുവാക്കൾ വഴി തെറ്റി പ്രവർത്തിക്കുന്നതായും, ഏതാനും ബോംബുകൾ എറിയുകയോ, ചില കൊലപാതകങ്ങൾ നടത്തുകയോ കൊള്ള നടത്തുകയോ ചെയ്താൽ ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കാമെന്നു അവർ കരുതുന്നതായും എന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. അവർ മൂഢസ്വർഗ്ഗത്തിൽ കഴിയുകയാണു്. ഈ ഭ്രാന്തുപിടിച്ച രീതി തുടരുന്നതായാൽ അതു് അവരുടെ നാശത്തിനുള്ള വഴി തെളിക്കുന്നതായിരിക്കും. അതു് അവർക്കു യാതൊരു ഗുണവും കൈവരുത്തുകയില്ല. അവർ ഉന്നംവക്കുന്ന ആ യഥാർത്ഥലക്ഷ്യം പ്രാപിക്കാൻ സാധിക്കുകയുമില്ല. നൈസർഗ്ഗികമായ മതവിശ്വാസവും, സമാധാനവാഞ്ഛയുമുള്ള ഒരു രാജ്യമാണിതു്. ഈ രാജ്യം അസ്വസ്ഥകളും, അസംതൃപ്തിയും ഇഷ്ടപ്പെടുന്നില്ല. സമാധാനജീവിതത്തെയാണു് ഈ രാജ്യം അഭിലഷിക്കുന്നതു്. കഴിഞ്ഞ കാലത്തെ ചരിത്രം അതാണു കാണിക്കുന്നതു്. ഭാവിയിലും അപ്രകാരം കഴിയാൻതന്നെയായിരിക്കും ആഗ്രഹം. ഈ വഴിതെറ്റിക്കപ്പെട്ട യുവാക്കൾക്കു് ഒരു മുന്നറിയിപ്പു നൽകാൻ ഞാനാഗ്രഹിക്കുന്നു. ഈ രാജ്യത്തു് ക്രിമിനൽ മനസ്ഥിതിയുള്ള ഏതാനുംപേർ സൃഷ്ടിക്കാൻ തുടങ്ങുന്ന ഏതു സ്ഥിതിഗതികളും നേരിടാൻ ഇന്നു കേന്ദ്രഗവൺമെൻറിനു് ശക്തിയുണ്ടു്. ഈ ഭ്രാന്തുപിടിച്ച നയം തുടരുന്നതായാൽ അവർക്കു് നിലയുണ്ടാവുകയില്ല. അവർ നമ്മുടെ സ്വന്തം ആളുകളാണു്. സ്വന്തം ആളുകളോടു കഠോരമായി പെരുമാറാൻ ആരും ഇഷ്ടപ്പെടുകയില്ല. എന്നാൽ ഭ്രാന്തന്റെ സ്ഥാനം ഭ്രാന്താലയംതന്നെ. അയാൾക്കു സ്വാതന്ത്ര്യം കൊടുക്കാൻ പാടില്ല. ഭ്രാന്തന്റെ സ്വാതന്ത്ര്യം അവനും ജനങ്ങൾക്കും ഒരുപോലെ ആപത്കരമാണു്. അതിനാൽ എന്റെ വാക്കുകൾ ശ്രദ്ധിക്കണമെന്നും ഈ രാജ്യത്തു രക്തരൂഷിതമായ വിപ്ലവം നടത്തുക എളുപ്പമല്ലെന്നു ഓർമ്മിക്കണമെന്നും ഈ ചെറുപ്പക്കാരോടു് ഞാൻ അഭ്യർത്ഥിക്കുന്നു. നാം അതിനു അനുവദിക്കുകയില്ല. അവർ ഈ രാജ്യത്തു നടത്താമെന്നു വിചാരിക്കുന്ന രക്തരൂഷിതമായ വിപ്ലവത്തിൽനിന്നു ജനങ്ങളെ രക്ഷിക്കാതിരുന്നാൽ അതു നമ്മുടെ പേരിൽ ഒരു വലിയ കുറവായിരിക്കും. ചൈനയിൽ ആകാശത്തുനിന്നു സ്വർഗ്ഗം അടർന്നുവീണു എന്നും, അതു ഇവിടെയും ഉണ്ടാക്കാമെന്നും അവർ കരുതുന്നു. യഥാർത്ഥത്തിൽ സന്തുഷ്ടമായ ഒരു ചൈനയെ സൃഷ്ടിക്കുന്നതിനു അനേകസംവത്സരങ്ങൾ വേണ്ടിവരും. ചൈനയിലെ യഥാർത്ഥസ്ഥിതി എന്താണെന്നും, അവർ എത്ര ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടിവന്നിട്ടുണ്ടെന്നും അറിയണമെങ്കിൽ നിങ്ങൾ അവിടെ പോവുകതന്നെവേണം. ലക്ഷക്കണക്കിനുള്ള യുവാക്കന്മാർക്കു് എങ്ങനെ നാശമുണ്ടായി എന്നും, വീടുകളും, കുടുംബങ്ങളും എത്രമാത്രം നശിച്ചു എന്നും അറിയണമെങ്കിൽ അവിടെ പോവുകതന്നെ വേണം. ആ മാതിരിയുള്ള പരിതസ്ഥിതികൾ ഇവിടെ സൃഷ്ടിക്കുക എളുപ്പമല്ല. എന്നാൽ ഒരു വിപ്ലവമുണ്ടാക്കണമെങ്കിൽ അതിനു നമുക്കു വേണ്ടതു സമാധാനപരമായി ചെയ്യാമെന്നുള്ളപ്പോൾ എന്തിനു രക്തം ചൊരിക്കുന്നു. ആദർശങ്ങളിൽ മാറ്റമുണ്ടാക്കി എത്ര സ്ഥിതിഗതികളും സൃഷ്ടിക്കുവാൻ നിങ്ങൾക്കു കഴിയും. ജനങ്ങളെ അതിനു പഠിപ്പിക്കുക. എന്നാൽ അക്രമം കൊണ്ടു് അവരെ കീഴ്പ്പെടുത്താമെന്നു കരുതുന്നതു് ഒരു കുറവാണു്. അതു യാതൊരു പരിഷ്കൃതശവമ്മെണ്ടിനും അനുവദിക്കാൻ നിവൃത്തിയുള്ളതല്ല. അതിനാൽ ശ്രദ്ധാപൂർവ്വം ഞാൻ പറയുന്നതു കേട്ടു നിങ്ങളുടെ മാർഗ്ഗം മാറുക. ബ്രിട്ടീഷ്ഭരണകാലത്തു് സ്വേച്ഛാഭരണത്തിൽനിന്നും മോചനം പ്രാപിക്കുന്നതിനുവേണ്ടി സമരം ചെയ്യുമ്പോൾ ഈ ചെറുപ്പക്കാർ പുറപ്പെടുവിക്കുന്ന വാദഗതി മനസ്സിലാക്കാമായിരുന്നു. അതിന്റെ പിന്നാലെ കുറെ യുക്തിയുണ്ടായിരുന്നു. എന്നാൽ കോൺഗ്രസ്സു് ആ മാർഗ്ഗം സ്വീകരിച്ചിരുന്നില്ല. കോൺഗ്രസ്സിന്റെ ആദർശം സമാധാനവും അക്രമരാഹിത്യവുമായിരുന്നു. അതിന്റെ മാർഗ്ഗവും സമാധാനവും അക്രമരാഹിത്യവും തന്നെയായിരുന്നു. ചില ചെറുപ്പക്കാർക്കു് സമാധാനപരമായ മാർഗ്ഗം തൃപ്തി

കരമായിരുന്നില്ല. അവർ അക്രമമാർഗ്ഗം സ്വീകരിച്ചു. എങ്കിലും അന്ന് അവരുടെ ഉദ്ദേശ്യം നമുക്കു മനസ്സിലാക്കാമായിരുന്നു. എന്നാൽ ഇക്കാലത്തു എന്തു വേണമെങ്കിലും ജനങ്ങൾക്കു സമാധാനപരമായി ചെയ്യാമെന്നുള്ളപ്പോൾ അക്രമമാർഗ്ഗം സ്വീകരിക്കുന്നവരുടെ ഉദ്ദേശ്യം എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. അവർക്ക് യാതൊരുത്തരും പ്രതിബന്ധമുണ്ടാക്കുന്നില്ല. ഒരു കാര്യം എനിക്കു നിങ്ങളോട്—ഈ ചെറുപ്പക്കാരോടു മാത്രമല്ല, സ്നേഹിതരായ നിങ്ങളോടെല്ലാം—പറയേണ്ടതായിട്ടുണ്ട്. അതായതു്, രാഷ്ട്രശരീരത്തെ ആകമാനം വ്രണപ്പെടുത്തുവാൻ കഴിവുള്ള ഈ മാതിരിയുള്ള ഒരു ചെറിയ സുഖക്കേടിന്റെ വളച്ചുകെട്ടിക്കാണിക്കുന്നതു അപകടകരമായ ഒരു കുറ്റമാണെന്നു ഓർക്കുക. അതിനാൽ ഈ മാതിരിയുള്ള ദീനത്തെ ഇല്ലായ്മ ചെയ്യുന്നതിൽ ഗവണ്മെണ്ടിനു നിങ്ങളെല്ലാം സഹായസഹകരണങ്ങൾ നൽകേണ്ടതാണു്. അല്ലാത്തപക്ഷം അതു് നമ്മെയെല്ലാം നശിപ്പിക്കും. ഞാൻ ഇതു പറയുന്നതെന്തുകൊണ്ടെന്നാൽ ഇൻഡ്യയിൽ രണ്ടോ മൂന്നോ സ്ഥലങ്ങളിൽ മാത്രമാണു് ഈ ദീനം ഇപ്പോഴും നിലവിലിരിക്കുന്നതു്. അതായതു് മലബാർ, ആന്ധ്ര, തെലുങ്കാന, ബംഗാൾ എന്നിവിടങ്ങളിൽ. മറ്റു സ്ഥലങ്ങളിൽ അതു മിക്കവാറും അപ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. ഇപ്പറഞ്ഞ സ്ഥലങ്ങളിലും അതുനിയന്ത്രിക്കപ്പെടുന്നു. ഈരോഗം മാറുകതന്നെ ചെയ്യും. എന്നാൽ ബലം പ്രയോഗിച്ചു് അതിനെ മാറ്റുന്നതു് ഒരു ജനകീയഗവണ്മെൻറിനു പറ്റിയതല്ല. നിങ്ങൾ ഞങ്ങളെ സഹായിക്കാമെങ്കിൽ, ഞങ്ങളോടു സഹകരിക്കാമെങ്കിൽ, ബലം പ്രയോഗിക്കേണ്ട ആവശ്യം വരികയില്ല. ചില ചെറുപ്പക്കാർ 'ഭൂമിക്കടിയിൽ' ഒളിച്ചെന്നു പറയുന്നു. ഒളിക്കാനുള്ള ആ "അറ" എവിടെയാണു്? നിങ്ങളിൽ ചിലർ അഭയംനൽകിയില്ലെങ്കിൽ അവരെ പറ്റിയുള്ള വിവരം നൽകാൻ നിങ്ങൾ വിസമ്മതിച്ചില്ലെങ്കിൽ, അവർ എവിടെ പോകാനാണു്. ഇവർ നിങ്ങളുടെ സ്വന്തക്കാർതന്നെ ആയാലും നിങ്ങൾ അവരെ വെടിയണം. അവരുടെ മാർഗ്ഗം അവർക്കും, സമുദായത്തിനും നാശം വരുത്തുന്നതാണെന്നു് അവരോടു പറയണം.

ഹിന്ദുമതം അപകടത്തിലോ?!

ഈ യൂണിയനിൽ എന്നെ വളരെ വേദനിപ്പിച്ച മറെറാരു സംഗതി "ഹിന്ദുമതം അപകടത്തിൽ" എന്ന മുറവിളിയാണു്. ഇങ്ങനെ ഒരു മുറവിളി ഞാൻ കേൾക്കുന്നതു് ആദ്യമായിട്ടാണു്. എങ്ങനെയാണു് ഹിന്ദുമതം അപകടത്തിലാകുന്നതു്? ഹിന്ദുക്കളുടെമേൽ ബലം പ്രയോഗിക്കുന്നുണ്ടോ? അവരെ ഭയപ്പെടുത്തുന്നുണ്ടോ? അവരെ അമർത്തുന്നുണ്ടോ? അവരുടെ മതാനുഷ്ഠാനത്തിനും ജീവിതരീതിക്കും പ്രതിബന്ധമുണ്ടാക്കുന്നുണ്ടോ; എന്താണിതു്? സംഭ്രാന്തിയുടെ ഈ സങ്കല്പചിത്രം എന്തിനു രചിക്കുന്നു? അതു വോട്ടുകൾ സമ്പാദിക്കുന്നതിനുവേണ്ടി ഭിന്നിപ്പുണ്ടാക്കുവാനും, ഗ്രൂപ്പുകൾ സൃഷ്ടിക്കുവാനും ഉദ്ദേശിച്ചിട്ടുള്ളതാണോ? ഈ മാർഗ്ഗംമൂലം നിങ്ങൾക്കു് അധികാരം പിടിച്ചെടുക്കാൻ കഴിയുമോ? സാദ്ധ്യമല്ല. സ്നേഹിതരേ, നിങ്ങൾക്കു വലിയ തെറ്റുപറ്റി. ഇതു തെറ്റായ മാർഗ്ഗമാണു്. ഈ മാർഗ്ഗത്തിൽക്കൂടി അധികാരം പിടിച്ചെടുക്കാൻ നിങ്ങൾ ശ്രമിച്ചാൽ വളരെ താമസിയാതെ മറ്റുള്ളവർ നിങ്ങളെ തള്ളിത്താഴെയിടും. എന്തായാലും ഇന്നു ഗവണ്മെൻറിൽ ഇരിക്കുന്ന ജനകീയപ്രതിനിധികൾ വളരെ ആഴത്തിലുള്ള ഉറച്ച അടിസ്ഥാനത്തോടുകൂടിയ ഒരു സംഘടനയിലെ പ്രതിനിധികളാണു്. ചിലപ്പോൾ അതു വളരെ ശക്തിയുള്ളതായി തോന്നിയിട്ടില്ലെന്നുവരാം. എന്നാൽ വളരെക്കാലം യുദ്ധം നടത്തി സ്വാതന്ത്ര്യം സമ്പാദിച്ച ഒരു സംഘടനയ്ക്കു് ആഴത്തിൽ പോയിട്ടുള്ള വേരുകളുണ്ടായിരിക്കും. ഞാൻ ഇതിനുമുൻപു പറഞ്ഞിട്ടുള്ളതു് ഇപ്പോൾ ഒന്നുകൂടി ആവർത്തിക്കുന്നു. പാറ്റികൾ കുമിളകൾപോലെ മുളച്ചു വളർന്നുവരും. എന്നാൽ കോൺഗ്രസ്സ് സ്റ്റീം റോളർ പ്രവർത്തനം തുടങ്ങുമ്പോൾ അതു് എല്ലാ പാറ്റികളേയും നിരപ്പാക്കും. കുറെനാളത്തേക്കു് അതിനെതിരായി

മറെറാരു പാട്ടിക്കു നില്ക്കുവാൻ, ആ പാട്ടി കൂടുതൽ സേവനങ്ങളുടേയും ത്യാഗങ്ങളുടേയും ഒരു ചിത്രം കാണിക്കാതിരിക്കുന്നിടത്തോളം കാലം, സാദ്ധ്യമല്ല. കോൺഗ്രസ്സിൽനിന്നു് ഏതാനുംപേർ പുറത്തു പോയി ഒരു പാട്ടിയുണ്ടാക്കിയേക്കാം. എന്നാൽ ശാഖ ഒരു ശാഖ മാത്രമായിരിക്കും. അതിനു തടിയും വേരുമില്ല. അതു് ഉണങ്ങിപ്പോകും. ഒരു കൊടുംകാറിനെതിരായി നില്ക്കുവാനുള്ള കഴിവു് അതിനുണ്ടാവുകയില്ല. എന്നാൽ വളരെ ആഴത്തിൽ വേരുറച്ചിട്ടുള്ള ഉറച്ച കോൺഗ്രസ്സു് വൃക്ഷത്തിനു് എന്തിനേയും എതിർത്തുനില്ക്കാം. അതിനാൽ ലോകരാഷ്ട്രങ്ങളുടെയിടയിൽ ഈ രാജ്യം അതർഹിക്കുന്ന സ്ഥാനം പ്രാപിക്കുന്നതുവരെ, രാജ്യത്തിനു സ്വാതന്ത്ര്യം നേടിത്തന്ന കോൺഗ്രസ്സ് സംഘടനയെ ശക്തിപ്പെടുത്തേണ്ടതു രാജ്യത്തിന്റെ താല്പര്യത്തിനു് അത്യന്താപേക്ഷിതമാണു്. അതിനെ ഉലയ്ക്കരുതു്.

പ്രജായത്തഭരണം വിജയിക്കണമെങ്കിൽ

ജനകീയമന്ത്രിസഭയിൽ കൂടക്കൂടെയുള്ള മാറ്റം പ്രജായത്തഭരണത്തിന്റെ ഒരു ശാപമാണു്. ജനങ്ങൾക്കു നന്മചെയ്യാൻ തക്കവണ്ണം തങ്ങളുടെ പരിപാടി നിവിഘ്നം കുറെക്കാലം നടപ്പിൽ വരുത്താൻ മന്ത്രിസഭകൾക്കു സന്ദർഭം ലഭിക്കണം. ഞാൻ ഒരു വൃക്ഷം നട്ടുന്നു. എന്റെ അയൽക്കാരൻ വന്നു മറെറാന്നു നട്ടുന്നതിനായി അതു പിഴുതുകളഞ്ഞാൽ അതു ഉണങ്ങിപ്പോവുകയേയുള്ളു. അതിന്റെ സ്ഥാനത്തു നട്ട വൃക്ഷത്തിനു വേരിറങ്ങാൻ കുറെക്കാലം വേണ്ടിവരും. അതിനിടയിൽ മറെറാരാൾ വന്നു് അതു പിഴുതു മാറ്റിയെന്നുവരും. ഉത്തരവാദിത്വം വഹിക്കുന്ന ആളുകളെ എന്നും മാറ്റിക്കൊണ്ടിരുന്നാൽ നിങ്ങൾക്കു് ഒരിക്കലും കായ്മുമായ ഒരു ജോലിയും ചെയ്യാൻ സാദ്ധ്യമല്ല. അവർ തെറ്റു ചെയ്യുന്നവരാം. എന്നാൽ മനുഷ്യനു തെറ്റു പറ്റാവുന്നതല്ലേ? തെറ്റിനതീതരായി ആരാണുള്ളതു്? അതിനാൽ തെറ്റുള്ളപക്ഷം അതു തിരുത്താൻ നാം അവരെ പ്രേരിപ്പിക്കണം. അതുകൊണ്ടാണു് പല സ്റ്റേറ്റുകളും യൂണിയനുകളും എതിർത്തിട്ടും യൂണിയനുകളിലെ ഈ പ്രതിനിധികൾക്കു നിർദ്ദേശങ്ങളും മാർഗ്ഗദർശനവും നൽകി നിയന്ത്രണം നടത്തുന്നതിനുള്ള അധികാരം കേന്ദ്രത്തിനു ലഭിക്കുന്ന ഒരു വകുപ്പു ഭരണഘടനയിൽ കൊള്ളിച്ചതു്. അവർ നല്ലവണ്ണം ഭരണം നടത്തുവാൻ എളുപ്പം അനുവദിക്കുകയില്ലെന്നു ഞങ്ങൾക്കറിയാമായിരുന്നു. നാം ജനകീയഭരണത്തിൽ പ്രവേശിച്ചിട്ടേയുള്ളു. പ്രായപൂർത്തി വോട്ടവകാശത്തോടുകൂടിയ ജനകീയഭരണത്തിന്റെ ആരംഭത്തിൽ അതിൽ പരിചയം സിദ്ധിച്ചിട്ടില്ലാത്ത ആളുകൾക്കു ഗുരുതരമായ തെറ്റുപററാൻ ഇടയുള്ളതാണു്. ഈ യൂണിയനിലെ ജനങ്ങൾ മറെറതൊരു ഭാഗത്തേയും ജനങ്ങളേക്കാൾ കൂടുതൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരാണു്. നിങ്ങൾ സംഗതികൾ കൂടുതൽ വ്യക്തമായും, വേഗത്തിലും മനസ്സിലാക്കുമെന്നാണു് പ്രതീക്ഷ. അതിനാൽ ഈ വിശ്വാസത്തോടുകൂടി കാൺസ്റ്റിറ്റവൻറ് അസംബ്ലിയിൽ ഭരണഘടന പാസ്സാക്കിയപ്പോൾ ഞാൻ ഒരു ഉറപ്പുനൽകി, നിർദ്ദേശവും മേൽനോട്ടവും സംബന്ധിച്ച ഈ രക്ഷാവ്യവസ്ഥ കൊച്ചി, തിരുവിതാംകൂർ, മൈസൂർ എന്നീ രാജ്യങ്ങളിലെ ജനങ്ങളെ ഉദ്ദേശിച്ചുള്ളവയാണു്, സേച്ഛാഭരണത്തിന്റെകൂടെ അല്പം പ്രജായത്തഭരണവുംകൂടി നിലവിലിരുന്ന രാജ്യങ്ങളുമാണു്. കുറഞ്ഞപക്ഷം പ്രജായത്തഭരണത്തിന്റെ ഒരു പ്രകടനമെങ്കിലും ഈ രാജ്യങ്ങളിൽ ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ മുനിസിപ്പാലിറ്റിയെന്നോ, ലോക്കൽ ബോർഡെന്നോ, വില്ലേജു പഞ്ചായത്തെന്നോ പറയാവുന്ന യാതൊന്നും ഇല്ലാത്ത പല യൂണിയനുകളും ഇൻഡ്യയിലുണ്ടായിരുന്നു. പല യൂണിയനുകളിലും ഗ്രാമസംഘടനകളോ, എന്തെങ്കിലും വിധത്തിലുള്ള സ്വയംഭരണമോ കൂടാതെ വലിയ ജമീന്ദാരന്മാരും, ജഗീർദാരന്മാരും അധികാരം വഹിക്കുന്നുണ്ടായിരുന്നു. നേരേമറിച്ചു നിങ്ങൾക്കു് ഏറെക്കുറെ സ്വയംഭരണം നടത്തുന്ന ചില സ്ഥാപനങ്ങളും വളരെ ഉയർന്നതോതിലുള്ള വിദ്യാഭ്യാസവും ഉണ്ടു്. അതിനാൽ നിങ്ങൾ മറുള്ള സ്റ്റേറ്റുകൾക്കു നല്ലമാതൃക കാണിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഞാൻപറയുന്നതു നിങ്ങൾക്കും എളുപ്പംമനസ്സിലാക്കുമെന്നും,തെറ്റായമട്ടോ വാക്യങ്ങൾക്കുമുഖാന്തിരം മാറ്റങ്ങൾക്കും ഉണ്ടാക്കുവാനുള്ള പ്രേരണക്കു് വശംവദരാവുകയില്ലെന്നും എനിക്കുവിശ്വാസമുണ്ടു്. മന്ത്രിമാരെ തങ്ങളുടെ ഇഷ്ടംപോലെ നിയന്ത്രിക്കാൻസാധിക്കയില്ലെന്നുകണ്ടു് നിരാശയും, അസംതൃപ്തിയും ഉണ്ടാകുന്നചിലർ പുറത്തുപോയി ഒരു പുതിയ പാർട്ടിയുണ്ടാക്കുവാൻ ശ്രമിക്കുന്നു. അവർ എന്തുചെയ്യും? ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുവാൻ ആഗ്രഹിക്കുന്നവരായി പല യൂണിയനുകളിലെയും പ്രാവിൻസുകളിലെയും അസംബ്ലിപാർട്ടി കളിൽ ധാരാളം പേരുണ്ടു്. ഭരണപരമായ കാര്യങ്ങളിലും, ഉദ്യോ ഗസംബന്ധമായകാര്യങ്ങളിലും ഇങ്ങനെ ഇടപെടുന്നതു പ്രജായത്ത ഭരണത്തിലെ ആപൽക്കരമായ ഒരു സംഗതിയാണു്. ഉദ്യോഗസം ബന്ധമായ കാര്യങ്ങളിൽ ആരും ഇടപെടാൻപാടില്ല. ഉദ്യോഗസ്ഥ ന്മാർ സേവനം നടത്തുവാൻ അനുവദിക്കണം. അവരിൽ നടപടി പിശകുകാണുന്നപക്ഷം അധികൃതസ്ഥാനങ്ങളിൻ ഹർജികളോ, നി വേദനങ്ങളോ സമർപ്പിച്ചു തെറ്റുപരിഹരിക്കുവാൻ ശ്രമിക്കണം. അതിനു പ്രയാസമുണ്ടാവുകയില്ല. എന്നാൽ അസംബ്ലിയിലേയോ കോൺഗ്രസ്സിലേയോ അംഗമാണെന്ന നിലയിൽ ഓരോരുത്തരും ഭര ണകാര്യങ്ങളിൽ ഇടപെടുകയും താൻപറയുന്നതു ഉദ്യോഗസ്ഥന്മാർ കേൾക്കണമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നതായാൽ അയാൾ ആ സ്ഥാനംവഹിക്കുവാൻ അർഹനല്ല. ഉദ്യോഗസ്ഥന്മാർക്കു് ശരിയാ യി കൃത്യനിർവഹണം നടത്തുവാൻ സാധിക്കുകയുമില്ല. അതാണു പ്രജായത്തഭരണത്തിലെ ആദ്യത്തെപാഠം. സത്യസന്ധമായും, മനസ്സാ ക്ഷിക്കനുസരിച്ചും കൃത്യനിർവഹണം നടത്തുവാൻ ഉദ്യോഗസ്ഥന്മാ ക്കു് സ്വാതന്ത്ര്യമുണ്ടായിരിക്കണം. അതിനാൽ സ്വാധീനശക്തി യുള്ള നിയമസഭാമെമ്പറന്മാരെയോ കോൺഗ്രസ്സ്പ്രവർത്തകരേയോ തങ്ങളുടെകാര്യസാദ്ധ്യത്തിനുവേണ്ടി ഉപദ്രവിക്കരുതെന്നു പൊതുജ നങ്ങളോടും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. അതും പ്രജായത്തഭരണ ത്തിന്റെ ഒരു പാഠമാണു്.എന്നാൽ ഇപ്രകാരമുള്ള കാര്യങ്ങളിൽ താൽ പര്യമില്ലാത്തവരാണു ഭൂരിപക്ഷം ആളുകളും. അവർ തിരഞ്ഞെടു പ്പുവരുമ്പോൾ അവരുടെവോട്ടുനൽകും. അത്രമാത്രം. തിരഞ്ഞെ ടുപ്പു ഇനിയും ദൂരത്താണു്. തിരഞ്ഞെടുപ്പിനു ഇനി കുറ ഞ്ഞപക്ഷം ഒരു കൊല്ലമുണ്ടാകും. ശരിയായപരിപാടിയനുസരിച്ചു് ശരിയായപാർട്ടികളുണ്ടാക്കാമെങ്കിൽ ഇപ്പോഴെ പാർട്ടികളും രൂപീ കരിച്ചു ജനങ്ങളും തിരഞ്ഞെടുപ്പിനു ഒരുക്കങ്ങളുംചെയ്യുന്നതിൽ തക രാറില്ല. എന്നാൽ മതപരമായ അടിസ്ഥാനത്തിൽ പാർട്ടിരൂപീ കരിക്കുകയും, പരിപാടികളും തയാറാക്കുകയും ചെയ്യുന്നതു അത്യന്തം ആപൽക്കരമായസംഗതികളാണു്. ഈ ലോകത്തു് മതഭ്രാന്തിക്കുള്ള കാലം കഴിഞ്ഞുപോയി. രാജ്യത്തിനു സ്വാതന്ത്ര്യംലഭിച്ചുകഴിഞ്ഞി രിക്കുന്നസ്ഥിതിക്കു് ഏതെങ്കിലും മതം അപകടത്തിൽ എന്നു ആരെ ങ്കിലുംപറയുന്നതു് ആപൽക്കരമായ ഒരു കീഴ്നടപ്പായിരിക്കും. കൃ സ്ത്യാനികളും ഇൻഡ്യയിൽ ഒരു ന്യൂനപക്ഷസമുദായമാണു്. എ ന്നാൽ അവരുടെസമുദായത്തെ അസംബ്ലിയിൽ പ്രതിനിധീകരിക്കുന്ന നേതാക്കന്മാരാണു കൃസ്ത്യാനികൾക്കു് യാതൊരു രക്ഷാവ്യവസ്ഥയും ആവശ്യമില്ലെന്നു എന്നെ ആദ്യം അറിയിച്ചതു്. ഞാൻ അവരെ അനുമോദിച്ചു. അവർ ഉത്തമമായ ഒരു മാതൃക സൃഷ്ടിച്ചു. ഒട്ട വിൽ എല്ലാന്യൂനപക്ഷങ്ങളും അവരുടെ ദൃഷ്ടാന്തം അനുകരിച്ചു. ഭര ണഘടനയിൽ പട്ടികജാതിക്കാരൊഴിച്ചുള്ള യാതൊരു ന്യൂനപക്ഷ ത്തിനും സംരക്ഷണവ്യവസ്ഥ കൊള്ളിച്ചിട്ടില്ല. ഹിന്ദുമതം അപക ടത്തിൽ എന്നുപറയുന്ന ആളുകളും ഹിന്ദുക്കളും ഹിന്ദുമതം ശരി ക്കു അനുഷ്ഠിക്കാത്തതു കൊണ്ടാണു് ഹിന്ദുമതം അപകടത്തിലായി ട്ടുള്ളതെന്നു വസ്തുത മനസ്സിലാക്കുന്നില്ല. അയിത്തം ഹിന്ദുമ തത്തിനു ഒരു കളങ്കമാണെന്നും, അതു നിർമ്മാർജ്ജനം ചെ യ്യണമെന്നും ആദ്യം പറഞ്ഞതു് ഗാന്ധിജിയാണു്. എന്നാൽ അ ദ്ദേഹത്തെ നിന്ദിക്കുന്നതിനും, പീഡിപ്പിക്കുന്നതിനും ആക്രമി ക്കുന്നതിനും തുനിഞ്ഞതു ഹിന്ദുക്കൾതന്നെയാണു്. അയിത്തോ ച്ചാടനപ്രവർത്തനം നടത്തിക്കൊണ്ടിരിക്കവെ പൂനാ മുനിസി

പ്പോലിറിയിൽവച്ച് അദ്ദേഹത്തിന്റെനേരെ ബോംബെറിയപ്പെട്ട വസ്തുത നിങ്ങൾമറന്നിരിക്കയില്ല. ഹിന്ദു സമുദായത്തെപിളർക്കാൻ ബ്രിട്ടീഷ്ഗവണ്മെൻറ ശ്രമിച്ചപ്പോൾ ഉപവാസംനടത്തി അദ്ദേഹം ഹിന്ദുമതത്തെ രക്ഷിച്ചു. ഇന്നു വമ്പിച്ചയാതനകൾക്കിടയാക്കിയ ഒരു വിഭജനമുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ഉപവാസമുണ്ടാകാത്തപക്ഷം മറെറാരുവിഭജനംകൂടി അന്നേയുണ്ടാകുമായിരുന്നു. ആ വിഭജനം രാജ്യത്തെനശിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഉപവാസമില്ലായിരുന്നെങ്കിൽ നമുക്ക് സ്വാതന്ത്ര്യം ലഭിക്കുക അസാധ്യമായി തീരുകയുംചെയ്യുമായിരുന്നു. ഹിന്ദുമതം അവലംബിക്കുകയും, ഹിന്ദുമതത്തെ രക്ഷിക്കുകയുംചെയ്ത ഒരു ഹിന്ദു അദ്ദേഹമായിരുന്നു. മതം അപകടത്തിൽ എന്നു മുറവിളി ഭൂതകാലത്തുപലപ്പോഴും ഉണ്ടായിട്ടുണ്ട്. ഏതെങ്കിലും മതത്തിൽ നല്ല ഗുണങ്ങൾ ഇല്ലെന്നുവന്നാൽ അതിനു ഇക്കാലത്തു് പുലരാൻസാദ്ധ്യമല്ല. അതിനാൽ എല്ലാ മതങ്ങളിലും നന്മകൾ ഉണ്ടു്. ഏതെങ്കിലും മതത്തിന്റെനന്മയെ നാം അനുകരിച്ചാൽ അപകടമില്ല. എന്നാൽ മതത്തെ രാഷ്ട്രീയമായും, മറെറുള്ള ലക്ഷ്യപ്രാപ്തിക്കുവേണ്ടി ചൂഷണംചെയ്യാമെന്ന ഉദ്ദേശ്യമുണ്ടെങ്കിൽ തീർച്ചയായും ആ മതം അപകടത്തിലാണു്. അതിനാൽ അപ്രകാരമുള്ള എന്തെങ്കിലും തെറെറായമുറവിളി പുറപ്പെടുവിക്കരുതെന്നു ഞാൻ എല്ലാവർക്കും മുന്നറിയിപ്പു നൽകിക്കൊള്ളുന്നു. അതുപോലുള്ള സംഗതികൾമൂലം നാം ഈ രാജ്യത്തു വലിയയാതന അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ദൈവത്തെവിചാരിച്ചു് ആ മാതിരിയൊന്നും ഇനിമേൽ ഉണ്ടാകരുതു്. ഇവിടെയുള്ള ഹിന്ദുക്കളും, ക്രസ്ത്യാനികളും, പാർസികളും, ജൂതന്മാരും, മുസ്സൽമാന്മാരുമായ നമുക്കു് സമാധാനത്തോടും, സൗഹാർദ്ദതയോടുംകൂടി ജീവിക്കാം. നമുക്കു സന്തോഷമായി കഴിഞ്ഞുകൂടുവാൻ ശ്രമിക്കാം. സമുദായത്തിൽ നല്ലതായുള്ളതിനെ നമുക്കു സംരക്ഷിക്കുകയും, സമുദായത്തിന്റെ ഭാവിശ്രേയസ്സിനുവേണ്ടി നമുക്കു പരിശ്രമിക്കുകയും ചെയ്യാം.

ഇന്ത്യാ ഏകോപിച്ചു് നിൽക്കണം

മഹാരാജാവു് തിരുമനസ്സിനോടും, മന്ത്രിമാരോടും ചെയ്ത വാഗ്ദത്തം പാലിക്കുന്നതിനുവേണ്ടിമാത്രമല്ലാ ഞാനിവിടെ വന്നിട്ടുള്ളതു്. ഈ പുതിയ പരീക്ഷണം, ജനകീയഭരണത്തിന്റെ ഈ പ്രാരംഭം, ഇവിടെ എങ്ങനെ നടക്കുന്നു എന്നു പരിശോധിക്കുകകൂടിയാണു് എന്റെ സന്ദർശനോദ്ദേശ്യം. ഭൂമിശാസ്ത്രപരമായി സംയോജിപ്പിക്കപ്പെട്ട ഇൻഡ്യയിലാകമാനം ഒരേരീതിയിലുള്ള ഭരണപ്രവർത്തനം കാണുവാൻ എനിക്കു ആഗ്രഹമുണ്ടു്. ഉള്ളിൽനിന്നോ, പുറമേനിന്നോ ഉണ്ടാകാവുന്ന ഏതു ആക്രമണത്തിനെതിരായും ഇൻഡ്യ ഉറച്ചുനിൽക്കണം. ജനങ്ങളുടെ കഷ്ടപ്പാടുകൾ അകറെറുന്നതിനായി സർവ്വശക്തികളും ഇപ്പോൾ വിനിയോഗിക്കുകയും വേണം. ജനങ്ങളുടെ ദാരിദ്ര്യമാണു് ആദ്യമായി നേരിടേണ്ട പ്രശ്നം. നാം യാതൊരു കലഹങ്ങളും കൂടാതെ ഒന്നിച്ചുനിന്നു സകല ശക്തികളും സമാഹരിച്ചാൽ മാത്രമേ ആ പ്രശ്നത്തെ നേരിടുവാൻ സാധിക്കുകയുള്ളൂ. ആകയാൽ ഏതെങ്കിലും സമുദായത്തിനോ, മതത്തിനോ അപകടമുണ്ടാകുവാൻപോകുന്നു എന്നു പറയുന്ന സ്നേഹിതന്മാർ ഒന്നുകൂടി ആലോചിച്ചുവേണം എന്തെങ്കിലും നടപടി കൈക്കൊള്ളുവാനെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. അപ്രകാരം യാതൊരു അപകടവുമില്ല. ഈ യൂണിയൻ സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. മഹാരാജാവു തിരുമനസ്സുകൊണ്ടു് അധികാരം കൈമാറിയും ചെയ്തു. തന്റെ അധികാരങ്ങൾ നിലനിറുത്തുന്നതിനേക്കാൾ കൂടുതലായി ജനങ്ങളുടെ ക്ഷേമത്തെകാംക്ഷിക്കുന്ന യുവാവായ ഒരു രാജാവാണു് ഇപ്പോൾ നിങ്ങൾക്കുള്ളതു്, എന്നു പറയുന്നതിൽ എനിക്കു സന്തോഷമുണ്ടു്. എല്ലാ രാജാക്കന്മാരും അപ്രകാരം ചെയ്തു. എന്നാൽ യുവാവായ ഒരു രാജാവു് ഈ പ്രായത്തിൽ തന്റെ സിംഹാസനവും, അധികാരവും ഉപേക്ഷിക്കുക എന്നു പറയുന്നതു് ഒരു നിസ്സാര കാര്യമല്ല. നമുക്കു നമ്മുടെ വീടു ഉപേക്ഷിക്കേണ്ടിവന്നാൽ നാം പലതവണ ആലോചിക്കും. ത്യാഗങ്ങളെ നി

ങ്ങൾ അഭിനന്ദിക്കണം. അതിനെ പരമാവധി പ്രയോജനപ്പെടുത്തുകയും വേണം. അതിനെ ദുർവിനിയോഗം ചെയ്യരുതു്.

മതപരമായ ട്രസ്റ്റ്

ഒരു മതപരമായ എൻഡോവ്മെൻറിനായി ഒരു തുക ട്രസ്റ്റായി ഏർപ്പെടുത്തിയിട്ടുണ്ടു്. തൻറെ മതനിഷ്ഠകൾ ബഹുമാനിക്കപ്പെടുന്നു എന്നും, മതപരമായ കടമകൾക്കു ഹാനിയുണ്ടാകുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതു് ഈ പ്രദേശം അനേകം തലമുറകളായി ഭരിച്ചുവരുന്ന രാജാവിൻറെ കർത്തവ്യമാണു്. അതുപോലെതന്നെ ചില ധാർമ്മികമായ കടമകൾ നിറവേറേണ്ട ചുമതല അധികാരം കൈവിടാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചവർക്കുമുണ്ടു്. അതിനാൽ സംയോജനപ്രമാണത്തിൽ ഒപ്പുവച്ചപ്പോൾ ഹിന്ദുക്ഷേത്രത്തിലെ മതകാര്യങ്ങൾക്കായി ഒരു തുക നീക്കിവയ്ക്കണമെന്നുള്ള വ്യവസ്ഥയ്ക്കു ഞങ്ങൾ സമ്മതം നൽകി. എന്നാൽ ട്രസ്റ്റിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾക്കല്ലാതെ ആ തുക മറെറാരു കാര്യത്തിനും വിനിയോഗിക്കാവുന്നതല്ലെന്നും വ്യവസ്ഥ ചെയ്തു. ട്രസ്റ്റായി ഏർപ്പെടുത്തിയിട്ടുള്ള ധനം ദുർവിനിയോഗം ചെയ്യുവാൻ അനുവദിക്കുന്നതു കുറേകരമായിരിക്കും. അതിനു അനുവദിക്കാതിരിക്കേണ്ട ചുമതല ഞങ്ങൾക്കുണ്ടു്.

ഞങ്ങൾക്കു ഇപ്പോൾ മേൽനോട്ടത്തിനും, നിർദ്ദേശത്തിനും, നിയന്ത്രണത്തിനും ഉള്ള അധികാരമുണ്ടു്. അതിനാൽ മന്ത്രിസഭയെ കുറേം പറയേണ്ട. അസംബ്ളി പാർട്ടിയേയും കുറേം പറയേണ്ട. ഹിന്ദുമതം അപകടത്തിലാകുവാനുള്ള വിദൂരമായ സാദ്ധ്യതയെങ്കിലും ഉണ്ടെന്നു ഞങ്ങൾക്കു തോന്നിയിരുന്നെങ്കിൽ അപ്രകാരമുള്ള ചുമതലകൾ കൈയ്യേൽക്കുന്നതിനുമുൻപു ഞങ്ങൾ പലതവണ ആലോചിക്കുമായിരുന്നു. അതിനാൽ നമ്മുടെ സ്നേഹിതന്മാർ സംഗതി മനസ്സിലാക്കാത്തതിൽ ഞാൻ ഖേദിക്കുന്നു. കവനൻറിൽ ഒപ്പുവച്ചപ്പോൾ, ഓർഡിനൻസു് പാസ്സാക്കിയപ്പോൾ, അതെല്ലാം ഐകകണ്ഠ്യേനയാണു് ചെയ്തതു്. ഈ യൂണിയനിൽ ആരും അതിനെയെതിർത്തില്ല. ഓർഡിനൻസിനുപകരം നിയമം നിർമ്മിക്കുമ്പോൾ എന്താണീ എതിർപ്പു്? ഒരു ഓർഡിനൻസിനുപകരം നിയമം പാസ്സാക്കുക ഒരു സാധാരണസംഭവം മാത്രമാണു്. നിയമം പാസ്സാക്കുന്ന പാർട്ടി ഹിന്ദുക്കളുൾപ്പെട്ടതാണു്. പിന്നെ എന്തുകൊണ്ടു് അതിനെ എതിർക്കുന്നു? നിങ്ങളെല്ലാം ഒരു സംഗതി മനസ്സിലാക്കണം. തെറേറായ ഒരു മറവിളികേൾക്കുമ്പോൾ നിങ്ങൾ അതിൽ ഇളകിപോകരുതു്. അതാണു് നിങ്ങളോടു് എനിക്കു ഉൽബോധിപ്പിക്കുവാനുള്ളതു്.

സ്വാതന്ത്ര്യം ലഭിച്ചതുകൊണ്ടു് എല്ലാം നേടികഴിഞ്ഞിട്ടില്ല

സ്വാതന്ത്ര്യം നേടിക്കഴിഞ്ഞതിനാൽ നമ്മുടെ കൃത്യം അവസാനിച്ചു എന്നു നിങ്ങൾ കരുതരുതു്. അതാണു് നിങ്ങളോടു് എനിക്കു പറയുവാനുള്ള മറെറാരു സംഗതി. അതൊരു പ്രാരംഭമെ ആയിട്ടുള്ളു. നാം ഇപ്പോൾ സ്റേററുകളുടെ യൂണിയനുകൾ സ്ഥാപിച്ചിട്ടുണ്ടു്. സാമ്പത്തികവശത്തെ സംബന്ധിച്ചിടത്തോളം സമീകരണം കൈവരുത്തുന്നതിനും, നാം നടപടി എടുത്തിട്ടുണ്ടു്. താമസിയാതെതന്നെ ഇൻഡ്യൻ ശിക്ഷാനിയമവും ക്രിമിനൽ നടപടി നിയമവും നിങ്ങളെ ബാധിക്കുന്നതാണു്. കേന്ദ്രത്തിൽ പാസ്സാക്കുന്ന എല്ലാ പ്രധാന നിയമങ്ങളും നിങ്ങൾക്കു ബാധകമാകും. ഒരുപക്ഷെ ചില ഹിന്ദുക്കളെ പരിഭ്രമിപ്പിക്കുന്ന സംഗതികളിലൊന്നു ഹിന്ദുകോഡായിരിക്കും. അതു സ്വാഭാവികമായി പല ഹിന്ദുക്കളുടേയും മനസ്സിൽ സന്ദേഹം ജനിപ്പിച്ചിട്ടുണ്ടു്. ഇപ്പോൾനാം കോഡുരൂപത്തിലാക്കാത്ത ഹിന്ദുനിയമമാണു് ഹിന്ദുക്കളെ ഭരിച്ചിരുന്നതു്. ഹിന്ദുസമുദായം എപ്പോഴും മാറിവരുന്ന പരിതഃസ്ഥിതിയുമായി ഇണങ്ങിക്കൊള്ളും. അതുകൊണ്ടാണു് ഹിന്ദുമതം ഇപ്പോഴും നിലനിൽക്കുന്നതു്. മതത്തിനുവേണ്ടി പീഡനം അനുഭവിച്ച അനേകം ആളുകൾ ഇൻഡ്യയിൽ വന്നിട്ടുണ്ടു്. ജൂതന്മാർ വന്നിട്ടുണ്ടു്. പാർസികൾ വന്നിട്ടുണ്ടു്. അവരെല്ലാം ഇവിടെ താമസമുറപ്പിച്ചു് ഇൻഡ്യയിലെ പൗരന്മാരായി കഴി

യുന്നു. ഹിന്ദുക്കൾ അവരെ സ്വാഗതം ചെയ്യുകയും, സ്വജനങ്ങളായി കരുതുകയും ചെയ്യുകയാൽ അവർക്ക് ഹിന്ദുക്കളോട് കൃതജ്ഞതയുണ്ട്. ഹിന്ദുസമുദായം അതിന്റെ കവാടം തുറന്നിട്ടേക്കുകയായിരുന്നു. അതു മാറികൊണ്ടിരുന്ന പരിതഃസ്ഥിതികളുമായി ഇണങ്ങിക്കഴിഞ്ഞു. അതിനാൽ അതു് ഇപ്പോഴും നിലനിൽക്കുന്നു. എന്നാൽ അവരെ ഗുരുതരമായി ബാധിക്കുന്ന പരിഷ്കാരങ്ങൾ ഹിന്ദുകോഡിലുണ്ട്. അതിനാൽ എതിർപ്പുണ്ടാവുക സ്വാഭാവികമാണു്. കേന്ദ്രത്തിലും, പാർലിമെന്ററിലും ഭൂരിപക്ഷം ഹിന്ദുക്കളാണു്. അവർ സ്ഥിതി ഗതികളെ ശരിക്കു പരിശോധിക്കും. സമുദായത്തിനു ഭയങ്കരമായ ഞെട്ടൽ ഉണ്ടാകാത്തവിധത്തിൽ ഹിന്ദുകോഡു രൂപീകരിക്കുന്നതിനു അവർ ശ്രദ്ധിച്ചുകൊള്ളും. ഇവിടത്തെ പിൻതുടച്ചവകാശനിയമം യു. പി., ബോംബെ മുതലായ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ നിലവിലിരിക്കുന്ന നിയമത്തിൽനിന്നു വ്യത്യസ്തമാണു്. സമൂല പരിവർത്തനം ഈ പ്രദേശത്തെ സമുദായത്തെ തലകീഴ്മറിക്കുമോ എന്നു് നിങ്ങൾ ആലോചിക്കേണ്ടതുണ്ടു്. അതിനാൽ തങ്ങളുടെ വിവക്ഷയനുസരിച്ചുള്ള ഹിന്ദുമതം അപകടത്തിലാണെന്നു ചില ഹിന്ദുക്കൾ ധരിച്ചേക്കാം. അതെനിക്കു മനസ്സിലാക്കാൻ കഴിയും. എന്നാൽ ഹിന്ദു എൻഡോവുമെൻറ് ബോർഡിൽ ചിലക്കു സ്ഥാനം കിട്ടാത്തതുകൊണ്ടു് തീച്ചയായും ഹിന്ദുമതം അപകടത്തിലാവുകയില്ല. മറ്റു ഹിന്ദുക്കൾ അവർക്കു പകരം ആ സ്ഥാനങ്ങളിലുണ്ടാകും. അവർമുസ്ലീമങ്ങൾ ആയിരിക്കുകയില്ല. എങ്ങനെയാണു് ആപത്തുവരിക! നിങ്ങളുടെ ചീഫ് മിനിസ്റ്റരുണ്ടു്. അദ്ദേഹം ഹിന്ദുവാണു്. പിന്നെ രാജപ്രമുഖനുണ്ടു്. അദ്ദേഹംകൂടി ട്രസ്റ്റിയായിരിക്കുന്ന സമുദായത്തെ ബാധിക്കുന്ന എന്തെങ്കിലും അപകടമുണ്ടായാൽഅദ്ദേഹം ഞങ്ങളുടെ ശ്രദ്ധയെ അതിലേക്കു ക്ഷണിക്കാതിരിക്കുകയില്ല. ആ വിശാലമായ അർത്ഥത്തിൽ അദ്ദേഹമാണു ഈ പ്രദേശത്തെ ഏറ്റവും വലിയ ട്രസ്റ്റി. അപ്രകാരമുള്ള സംഗതികൾ ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നതു് അദ്ദേഹത്തിന്റെ മുമതലയാണു്. ഹിന്ദു കോഡിനെ സംബന്ധിച്ചു ഇവിടെയുള്ള ആളുകൾക്കു് സന്ദേഹങ്ങളുണ്ടു്. ഞങ്ങൾ തീച്ചയായും അതിനെപ്പറ്റി പര്യാലോചിക്കും. നിങ്ങളുടെ സമുദായക്രമത്തിൽ വലിയ പരിവർത്തനമുണ്ടാവുകയില്ല. അതിനാൽ ഞാൻ വീണ്ടും പറയുന്നതു് സ്വാതന്ത്ര്യം കിട്ടിയതുകൊണ്ടു് എല്ലാം കഴിഞ്ഞു എന്നു കരുതി അടങ്ങിയിരിക്കരുതെന്നാണു്. നമ്മുടെ ഇഷ്ടപ്രകാരം ഭാവിസംവിധാനം ചെയ്യുന്നതിനുള്ള ഭാരിച്ച ഉത്തരവാദിത്വത്തിന്റെ പ്രാരംഭം മാത്രമാണു വിദേശമേധാവിത്വത്തിൽ നിന്നുള്ള മോചനം. എല്ലാവരും സന്തോഷമായികഴിയത്തക്കവിധം സാമൂഹ്യക്രമം ശരിപ്പെടുത്തുകയായിരിക്കണം നമ്മുടെ ലക്ഷ്യം. സന്മനോഭാവവും, സൗഹാർദ്ദതയുമുള്ള അന്തരീക്ഷം സൃഷ്ടിച്ചു സമാധാനപരമായി കഴിഞ്ഞുകൂടുവാൻ ഞാൻ നിങ്ങളോടു അഭ്യർത്ഥിക്കുന്നു. സമാധാനപരമായി ജീവിക്കുന്നതിനും, അയൽക്കാരനെ സ്നേഹിക്കുന്നതിനും പഠിക്കുക—അയാൾ ക്രൈസ്തവനിയോ, മുസ്സൽമാനോ മറ്റു് ഏതു ജാതിക്കാരനോ ആയിക്കൊള്ളട്ടെ. നമ്മുടെ വിശ്വാസപ്രമാണങ്ങളും മനസ്സാക്ഷിയും അനുസരിച്ചു് നമ്മുടെ മതങ്ങളെ അനുകരിക്കാം. എണ്ണമല്ല കാര്യമായിട്ടുള്ളതു്. കാര്യഭാഗമാണു് ഗണനീയമായിട്ടുള്ളതു്. അതു എല്ലാ മതങ്ങളിലും ധാരാളമുണ്ടു്. നാം എന്തിനു പരിഭ്രാന്തരാകുന്നു.

നിങ്ങളുടെ കർത്തവ്യം

അടുത്തതായി എനിക്കു നിങ്ങളോടു് പറയാനുള്ളതു് ഇതാണു്. നമുക്കു് സ്വാതന്ത്ര്യം നേടിത്തന്ന സംഘടനയുണ്ടു്. അതിനെ ശക്തിപ്പെടുത്തുകയും, അതിനു പിൻബലം നൽകുകയും, അതിനെ പരിപോഷിപ്പിക്കുകയും, വേണ്ടിവരുമ്പോൾ സകല ആക്രമണങ്ങൾക്കും എതിരായി ഉറച്ചുനിൽക്കുവാൻ അതിനു കഴിവുണ്ടാക്കിത്തീർക്കുകയും ചെയ്യുക നിങ്ങളുടെ കർത്തവ്യമാണു്. നേരെമറിച്ചു് അക്കാര്യം വിസ്മരിച്ചു് മുദ്രാവാക്യങ്ങളിലും, ഗ്രന്ഥതന്ത്രങ്ങളിലും; ക്ലിക്കുകളിലും നിങ്ങൾ കൂടുങ്ങുകയാണെങ്കിൽ നിങ്ങൾക്കു കിട്ടിയതു നഷ്ടപ്പെടും,



സർദാർ വല്ലഭായി പട്ടേൽ കന്യാകുമാരി ക്ഷേത്രത്തിൽ—ബഹു. ചീഫ് മന്ത്രിയും ബഹു. വിദ്യാഭ്യാസമന്ത്രിയും അദ്ദേഹത്തിന്റെ ഇരുവശത്തും നില്ക്കുന്നു.


(ഫോട്ടോ—ഇന്ത്യാഗവണ്മെൻറ് പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ.)



സംസ്ഥാനത്തോട്ട യാത്രപറയുന്നു

(ഫോട്ടോ—റോയൽ സ്റ്റുഡിയോ, എറണാകുളം.)

നാലദിവസത്തെ താമസത്തിനുശേഷം ബഹു. ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ വല്ലഭായി പട്ടേൽ എറണാകുളം മേയ് ടന്നംനം എറണാകുളം വിട്ടു. ഈ സുർ ജട്ടിയിൽവെച്ചു എടുത്ത ഈ ചിത്രത്തിൽ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു്, ബഹു. ചീഫ് മിനിസ്റ്റർ ശ്രീ. ടി. കെ. നാരയാണപിള്ള, മന്ത്രിമാരായ ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ, ബഹു. ശ്രീ. ഇ. ജെ. ഫിലിപ്പോസു് എന്നിവരേയും ശ്രീ. വി. പി. മേനോൻ, ശ്രീ. കെ. ജി. മേനോൻ എന്നിവരേയും കാണാം.



വള്ളംകളി

(ഫോട്ടോ—റോയൽ സ്റ്റുഡിയോ, എറണാകുളം.)

ബഹു. പ്രധാനമന്ത്രിയുടേയും ബഹു. ഡെപ്യൂട്ടി പ്രധാനമന്ത്രിയുടേയും സന്ദർശനാവസരത്തിൽ എറണാകുളം കായലിൽവെച്ചു ഗംഭീരമായ ഒരു വള്ളംകളി നടത്തപ്പെട്ടു. മത്സരത്തിൽ ഏർപ്പെട്ട ഒരു ചുണ്ടൻവള്ളമാണു് ചിത്രത്തിൽ കാണുന്നതു്.



ചുണ്ടൻവള്ളത്തിന്റെ പാച്ചിൽ


വഞ്ചിപ്പാട്ടിന്റേയും താളത്തിന്റേയും ഗതിക്കൊപ്പിച്ചു പങ്കായം വലിക്കുന്നു.

(ഫോട്ടോ—റോയൽ സ്റ്റുഡിയോ, എറണാകുളം.)

ബഹു. ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ വല്ലഭായി പട്ടേൽ യൂണി
വേഴ്സിറ്റി സ്റ്റഡിയത്തിലെ പൊതുയോഗത്തിൽ പ്രസംഗിക്കുന്നു.



(ഫോട്ടോ—മെട്രോ സ്റ്റുഡിയോ, തിരുവനന്തപുരം.)



ഫർ ഇം മേയ് ഫർ-ാംസ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽവച്ചു നടന്ന പൊതുയോഗത്തിനു ബഹു സർദാർ വല്ലഭായി പട്ടേൽ രാജപ്രമുഖൻ തിരുമനസ്സുമൊന്നിച്ചു വന്നുചേരുന്നു. ശ്രീ. വി. പി. മേനോൻ, ബഹു. ചീഫ് മിനിസ്റ്റർ എന്നിവരാണ് അടുത്തു നില്ക്കുന്നതു്.

(ഫോട്ടോ—മെട്രോ സ്റ്റുഡിയോ, തിരുവനന്തപുരം.)

നിങ്ങൾക്കു ക്ഷേമം കൈവരികയുമില്ല. എന്തായാലും സ്വേച്ഛാഭരണം എളുപ്പമുള്ളകാര്യമാണു്. ഒരാൾ ഭരിക്കുന്നതു നന്നായിരിക്കും. പക്ഷേ അതിനു പൊതുജനപിൻതുണയുണ്ടായി എന്നുവരികയില്ല. എങ്കിലും നല്ല കാര്യങ്ങൾ ചെയ്യുവാൻ കഴിയും. എന്നാൽ ജനകീയഭരണത്തിൽ ഒരാൾക്കു ഭരിക്കണമെങ്കിൽ എല്ലാവരുടേയും സമ്മതം സമ്പാദിക്കണം. അതു പ്രയാസമുള്ള ഒരു കാര്യവുമാണു്. ഒരു മന്ത്രിക്കു് അദ്ദേഹത്തിന്റെ പരിപാടി നടപ്പിൽ വരുത്തണമെങ്കിൽ ധാരാളംപേരെ സന്തോഷിപ്പിക്കുവാൻ സാധിക്കണം. അവരെ സന്തോഷിപ്പിക്കുവാൻ കഴിവില്ലെങ്കിൽ ഒന്നും ചെയ്യുന്നതിനും സാദ്ധ്യമല്ല. അങ്ങനെയായാൽ ആക്കാണനഷ്ടം? നമുക്കുതന്നെ. എന്തെന്നാൽ ജോലി നടക്കുകയില്ല. അതിനാൽ നിരവധി പാർട്ടികളും ക്ലിക്കുകളും സൃഷ്ടിക്കുവാൻ ശ്രമിക്കാതെ, ഐകൃത്തിന്റെയും, സൗഹാർദ്ദതയുടേയും ഉറച്ച അടിസ്ഥാനം സൃഷ്ടിക്കുന്നതിനു നമുക്കു ശ്രമിക്കാം. രാജ്യം ഏകീകരിച്ചു് ശക്തി സംഭരിക്കുകയും സ്വന്തം കാലിൽ ഉറച്ചു നിൽക്കുവാൻ കഴിവുണ്ടാവുകയും ചെയ്യുന്ന ഒരു കാലം വരും. അപ്പോൾ പുതിയ പാർട്ടികളും സൃഷ്ടിക്കാം. അതിനാൽ ഓടാൻ തുടങ്ങുംമുമ്പേ നടക്കാൻ പഠിക്കണം. ഇല്ലെങ്കിൽ മറിഞ്ഞുവീഴും.

കൃതജ്ഞതയും ആശംസയും

നിങ്ങൾ നൽകിയ സ്വീകരണത്തിനും, ക്ഷമയോടുകൂടി പ്രസംഗംകേട്ടതിനും വീണ്ടും ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. എന്നെപ്പോലെ വൃദ്ധനായ ഒരാൾക്കു് ഇത്രദൂരം സഞ്ചരിച്ചു് ഇവിടെവന്നു് നിങ്ങളെ വീണ്ടും കാണാൻ സൗകര്യപ്പെട്ടെന്നുവരികയില്ല. അങ്ങനെ ചെയ്യണമെന്നു എനിക്കു ആഗ്രഹമുണ്ടു്. എന്തെന്നാൽ ഈ പ്രദേശം ഇൻഡ്യയിലുള്ള മറ്റു യൂണയനുകൾക്കു ഒരു മാതൃകസൃഷ്ടിക്കുമെന്നാണു എന്റെ പ്രതീക്ഷ. നിങ്ങളിൽ ഞാൻ വലിയ പ്രത്യാശകളാണു അർപ്പിക്കുന്നു. എനിക്കു വീണ്ടും വരുവാൻ സാധിച്ചില്ലെങ്കിൽ ഞാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളും മനസ്സിൽവച്ചുകൊള്ളുക. ഞാൻ നൽകിയ ഉപദേശമനുസരിച്ചു് പ്രവർത്തിക്കുന്നതായാൽ നിങ്ങൾക്കു കീർത്തിയും, ക്ഷേമവുമുണ്ടാകുമെന്നു ഓർമ്മിക്കുക. അപ്രകാരം ചെയ്യുവാൻ ദൈവം നിങ്ങൾക്കു സന്മനസ്സു നൽകട്ടെ!

1524

ബഹുമാനപ്പെട്ട പ്രധാനമന്ത്രി എറണാകുളത്ത്

വിശ്വവിഖ്യാതനായ ഇന്ത്യാ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ദർശിക്കുവാനും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാനുമായി ഫെബ്രുവരി ജൂലായി ൨-ാംന- സംസ്ഥാനത്തിന്റെ ഉത്തരപ്രദേശങ്ങളിലെ കുഗ്രാമങ്ങളിൽനിന്നുപോലും ആബാലവൃദ്ധം ജനങ്ങൾ എറണാകുളത്ത് സന്നിഹിതരായിരുന്നു. പൊതുയോഗത്തിനു നിശ്ചയിച്ചിരുന്ന സമയത്തിനു വളരെ മുമ്പുതന്നെ കോളേജ് മൈതാനം ജനനിബിഡമായിക്കഴിഞ്ഞു. ആ ജനമഹാസമുദ്രത്തെ അഭിമുഖീകരിച്ച പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇങ്ങനെ പ്രസ്താവിച്ചു:—

"സ്നേഹിതരേ, സഖാക്കളേ,

എന്റെ കഴിഞ്ഞ സന്ദർശനത്തെപ്പറ്റി സജീവമായ മധുര സ്മരണകളാണുള്ളത്. എന്തെന്നാൽ ഈ സ്ഥലം അത്രയ്ക്കു മനോഹരമാണ്. ഒരിക്കൽ കണ്ടാൽ മറക്കാൻ സാദ്ധ്യമല്ല. മറേറതൊരു സ്ഥലത്തെയുംകാൾ സാമർത്ഥ്യമുള്ള സ്ത്രീപുരുഷന്മാരെ സൃഷ്ടിച്ചിട്ടുള്ള ഒരു പ്രദേശമാണ് കൊച്ചി. അതിനാൽ ഇൻഡ്യയുടെ ഈ തെക്കെ പടിഞ്ഞാറൻ തീരപ്രദേശത്തെ, ഇവിടത്തെ പ്രകൃതിസൗകുമാര്യവും ജനങ്ങളുടെ സാമർത്ഥ്യവും സ്നേഹവുംമൂലം ഞാൻ എപ്പോഴും സ്മരിക്കുന്നുണ്ട്. ഈ ചുരുങ്ങിയ കാലത്തേക്കാണെങ്കിലും രാജ്യത്തിന്റെ ഈ ഭാഗവുമായുള്ള പരിചയം പുതുക്കുന്നതിനുവേണ്ടി ഇവിടെ വന്നുചേരുവാൻ സാധിച്ചതിൽ എനിക്കു അതിയായ ആനന്ദമുണ്ട്.

കഴിഞ്ഞ മുന്നാലു കൊല്ലങ്ങൾക്കിപ്പുറംതന്നെ ഒട്ടേറെ സംഭവങ്ങളുണ്ടായി. ഭൂമിശാസ്ത്രപരമായി വലിയ മാറ്റങ്ങളും സംഭവിച്ചിട്ടുണ്ട്. ആദ്യത്തെ മാറ്റം രാജ്യത്തെ വിഭജനംമൂലമുണ്ടായ മാറ്റമാണ്. വിഭജനത്തിന്റെ പ്രത്യാഘാതമെന്നവണ്ണം ആട്ടത്തതായി സംയോജനം നടന്നു. അങ്ങനെ രാജ്യത്തു പൊതുവേയും നാട്ടുരാജ്യങ്ങളിൽ പ്രത്യേകമായും വലിയ മാറ്റങ്ങൾ സംഭവിച്ചു. ചിലതു പ്രത്യേക സംസ്ഥാനങ്ങളെന്ന നിലയിൽ അന്തർധാനം ചെയ്തു. ചിലതു പ്രാവിൻസുകളിൽ ലയിച്ചു. ചിലതെല്ലാം ചേർന്നു യൂണിയനുകളായി. നാട്ടുരാജ്യങ്ങളെന്ന പഴയ വിവക്ഷ മാറി. പുതിയ സ്റ്റേറ്റുകൾ രൂപീകൃതമായി. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾക്കിടയിൽ നടന്ന സംഭവങ്ങളിൽ ഇതാണ് പ്രധാനമായി നമുക്കു അഭിമാനകരമാംവിധം മുന്നിൽനിൽക്കുന്നതു്. അതായതു നാട്ടുരാജ്യങ്ങളുടെ സംയോജനം. ചിലർക്ക് പരാതികൾ ഉണ്ടായേക്കാം. ചില നിസ്സാര സംഗതികളെപ്പറ്റി ചിലർക്കു എതിർപ്പുണ്ടായേക്കാം. എന്നാൽ ഭാവിയിൽ ജനങ്ങൾ ചരിത്രപരമായി വീക്ഷിക്കുമ്പോൾ ഇന്നലെവരെ ബഹുശതം സംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ടിരുന്ന ഇൻഡ്യയിൽനിന്നു ഒരു ഏകീകൃത രാഷ്ട്രം സൃഷ്ടിച്ചതു് ഗവൺമെൻറി

ന്റെ ഇക്കാലത്തെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നായി ശേഷിക്കുമെന്നുള്ളതിൽ സന്ദേഹമില്ല.

ഞാൻ പോകുന്നിടത്തെല്ലാം, മിക്കവാറും എല്ലായ്പോഴും ഇൻഡ്യയുടെ ഐക്യത്തെപ്പറ്റി ഞാൻ വളരെയൊക്കെ പ്രസംഗിക്കാറുണ്ട്. നമ്മുടെ ദേശീയപ്രസ്ഥാനം ആരംഭിച്ചതു മുതൽക്കേ ഇൻഡ്യയുടെ ഐക്യത്തെപ്പറ്റി സംസാരിക്കുന്നുണ്ട്. ഇൻഡ്യയുടെ വിഭജനം ഐക്യത്തിനു ലഭിച്ച പ്രഹരമായിരുന്നു. അതുകൊണ്ടുകൂടിയാണ് ഐക്യത്തെപ്പറ്റി ഊന്നിപ്പറയേണ്ടിവരുന്നതു്. കൂടുതൽ അപകടങ്ങൾക്കു് ഇടം കൊടുക്കാൻ നിവൃത്തിയില്ല. നിങ്ങൾ എപ്പോഴും പരിചയിക്കുന്ന ഒരു സംഗതിക്ക് അതു വില കല്പിച്ചെന്നുവരികയില്ല—ചിരപരിചയംമൂലം. എന്നാൽ അതു നഷ്ടപ്പെട്ടുമെന്നു കാണുമ്പോൾ അതിനെ വിലവയ്ക്കുന്നു. വിലയേറിയ ഒരു സംഗതി വിഭജനംമൂലം നമുക്കു് നഷ്ടപ്പെട്ടതിനാൽ ഇൻഡ്യയുടെ ശേഷിച്ച ഭാഗത്തിന്റെ ഐക്യത്തെപ്പറ്റി നാം ഗൗരവമായി ചിന്തിക്കാൻ തുടങ്ങി. അതിന്റെ ഫലമായി ഇൻഡ്യൻ സംസ്ഥാനങ്ങളുടെ ഈ സംയോജനം നടപ്പിൽവന്നു. ഇന്നു ഭൂപടത്തിൽ കാണുന്ന ഭാരതം യാതൊരു വ്യത്യാസവുംകൂടാതെ ഇന്നത്തെ നിലയിൽ തുടർന്നു കാണപ്പെടുമോ എന്നു സംശയമാണു്. അല്പം ചില മാറ്റങ്ങൾ ഉണ്ടായേക്കാം. എന്നാൽ ഇതുവരെയുണ്ടായ മുഖ്യമായ മാറ്റങ്ങൾ അതുപോലെതന്നെ തുടരുന്നതാണു്.

ഭാഷാപരമായ അടിസ്ഥാനത്തിലെ പ്രവിശ്യകൾ

"ഭാഷാപരമായ അടിസ്ഥാനത്തിലോ മറ്റുവിധത്തിലോ പ്രവിശ്യകളുടെ ഇന്നത്തെ അതിർത്തികൾക്കു് മാറ്റമുണ്ടാക്കുന്ന കാര്യത്തിൽ വലിയ ആവേശവും ഒച്ചപ്പാടും കാണുന്നുണ്ടു്. ആ മനോഭാവത്തെ ഞാൻ ബഹുമാനിക്കുന്നു. എന്നിരുന്നാലും അതിനുവേണ്ടി ജനങ്ങൾക്കു് ഇത്ര വികാരാവേശം ഉണ്ടാകുന്നതു എന്തെന്നു എനിക്കു മനസ്സിലാകുന്നില്ല. ജനങ്ങൾക്കു് എവിടെയെങ്കിലും ഭാഷാപരമായ പ്രവിശ്യവേണമെന്നു അഭിനിവേശമുണ്ടായാൽ എപ്പോഴെങ്കിലും അതു അവർക്കു ലഭിക്കുന്നതാണു്. ഞാൻ തീച്ചയായും അവർക്കു പ്രതിബന്ധമുണ്ടാക്കുകയില്ല. എന്നാൽ അതിനുള്ള കാലം വരുന്നതുവരെ ധൃതികൂട്ടാൻ പാടില്ല. ഈ പരീക്ഷണഘട്ടത്തിൽ ഇൻഡ്യയുടെ ഘടനയെ ദുർബ്ബലമാക്കുന്ന യാതൊന്നും നാം ചെയ്യാൻ പാടില്ല. സുപ്രധാനങ്ങളായ മറ്റു കാര്യങ്ങളെപ്പറ്റി നമുക്കു് ആലോചിക്കാം. ഭാഷാപരമായ പ്രവിശ്യകളെ സംബന്ധിച്ച പ്രശ്നവും പ്രധാനംതന്നെയാണു്. എന്നാൽ എവിടെയെങ്കിലും ഒരു നടപടി കൈക്കൊള്ളുന്നതുമൂലം മറെറവിടെയെങ്കിലും വിലയേറിയ ഒന്നു നഷ്ടപ്പെട്ടുന്നെങ്കിൽ അതു നാം ചെയ്യാൻ പാടില്ല. അതിനാൽ ശാന്തമായും വികാരാധീനമാകാതെയും ശരിയായ സന്ദർഭം വരുമ്പോൾ അതിനെപ്പറ്റി ആലോചിച്ചു ഒരു തീരുമാനം ചെയ്യാം. ധൃതിയും മത്സരവും കൂടാതെ നമ്മുടെ ഇഷ്ടംപോലെ തീരുമാനം ചെയ്യാം.

തിരുവിതാംകൂർ-കൊച്ചി സംയോജനം

"കൊച്ചിയും തിരുവിതാംകൂറും സംയോജിച്ചു ഒരു യൂണിയൻ സ്ഥാപിക്കുന്നതിൽ കൊച്ചിയിലെ ചില ആളുകൾക്കു തൃപ്തിയില്ലായിരുന്നു എന്നു് ഞാൻ അറിയുന്നു. കൊച്ചി പല കാര്യങ്ങളിലും ഉയർന്ന മാനദണ്ഡം പ്രാപിച്ചിട്ടുണ്ടെന്നും തിരുവിതാംകൂറുമായുള്ള സംയോജനം ഈ നിലക്കു ഹാനികരമാകുമെന്നും ആണു് അവരുടെ വാദം. അതിൽ കാര്യവുമുണ്ടെന്നുവരാം. എന്നാൽ വലിയ കാര്യമൊന്നുമില്ല. എന്തെന്നാൽ നാം പ്രാപിക്കുന്ന മാനദണ്ഡം ഇൻഡ്യയുടെ പൊതുവായ മാനദണ്ഡംതന്നെയായിരിക്കുമെന്നുള്ളതിൽ എനിക്കു യാതൊരു സംശയവുമില്ല. ചില സ്ഥലങ്ങളിലെ ജനങ്ങൾ മറ്റുള്ളിടത്തെ ജനങ്ങളേക്കാൾ ബുദ്ധിയുള്ളവരാണെങ്കിൽ അവർ വളരെ മുന്നോട്ടുപോകും. അവർ നല്ല പ്രയത്നശാലികളാണെങ്കിൽ കൂടെ

ക്കൂടി മുന്നോട്ടുപോകും. അതു വ്യക്തികളെ സംബന്ധിച്ചാണു്. എന്നാൽ സംസ്ഥാനങ്ങളുടെ അതിർത്തികൾക്കു ഭാവിയിൽ വലിയ കാര്യമുണ്ടാകുമെന്നു പോകുന്നില്ല. ഇൻഡ്യയുടെ ഒരു കോണിനെപ്പറ്റി ചിന്തിക്കാതെ എപ്പോഴും ഇൻഡ്യയെപ്പറ്റി പൊതുവേ ചിന്തിക്കുകയാണു് വേണ്ടതു്. നിങ്ങൾ എവിടെയായാലും നിങ്ങളുടെ പ്രത്യേക കോണിനെപ്പറ്റി കൂടുതൽ പ്രതിപത്തി തോന്നുന്നതു ശരിതന്നെ. സ്വന്തം സ്ഥലത്തെപ്പറ്റി ഒരു പ്രത്യേക മനോഭാവം നിങ്ങൾക്കുണ്ടാകുന്നതും ശരിതന്നെ. അതിൽ അപകടമില്ല. എന്നാൽ ഇൻഡ്യയുടെ മറ്റു ഭാഗങ്ങളുമായി മത്സരിക്കുകയും അതു മുഖേന ഭിന്നിപ്പുകളും ശക്തിദുർവിനിയോഗവും സംഭവിക്കുകയും ചെയ്യുമെങ്കിൽ അതു അപകടമാണു്. നമുക്കു എന്താണു് വേണ്ടതു്? നമുക്കു ഇൻഡ്യയെ ഒന്നാകെ ഉയർത്തണം. ഇൻഡ്യയുടെ ഒരു ഭാഗത്തെ ശേഷംഭാഗത്തിനു ഹാനിയുണ്ടാകുന്നവിധത്തിൽ ഉയർത്തുന്നതു് ആധുനികകാലത്തു സാധിക്കുന്ന കാര്യമല്ല. അതിൽ യാതൊരു സംശയവുമില്ല. ഇൻഡ്യയുടെ ഒരു ഭാഗം മുന്നോട്ടുപോവുകയും ശേഷിച്ച ഭാഗങ്ങൾ പിന്നാക്കം നില്ക്കുകയും ചെയ്താൽ അവ മുന്നോട്ടു പോയ ഭാഗത്തെ പിന്നിലേക്കു പിടിച്ചുകൊണ്ടുവരും. ഒരു വിശാലമായ അർത്ഥത്തിൽ പറഞ്ഞാൽ 'ഉള്ള രാജ്യങ്ങൾ' എന്നും 'ഇല്ലാത്ത രാജ്യങ്ങൾ' എന്നും ലോകത്തെ തിരിച്ചിരിക്കുന്നതു ലോകത്തിന്റെ ഉറപ്പിനെ ഉലക്കുകയും കലഹങ്ങൾക്കിടനല്കുകയും ചെയ്യുന്നു. കൂടുതൽ സമത്വം ഉണ്ടായില്ലെങ്കിൽ യഥാർത്ഥമായ ഉറപ്പു ഉണ്ടാകുന്നതല്ല. ലോകത്തിന്റെ കാര്യം അങ്ങനെയാണെങ്കിൽ ഒരു രാജ്യത്തിന്റെ കാര്യം പറയേണ്ടതില്ല. അതിനാൽ മറ്റുള്ളവരുടെ ചിലവിൽ നമ്മുടെ പ്രദേശം, നമ്മുടെ സ്റ്റേറ്റു്, നമ്മുടെ പട്ടണം, അഥവാ ഗ്രാമം ഉയർത്താമെന്നു കരുതുന്നതു തെറ്റാണു്. നമുക്കു് നമ്മുടെ പ്രദേശത്താണു് എപ്പോഴും പണിയെടുക്കേണ്ടതെന്നുള്ളതു് ശരിതന്നെ. നാം നമ്മുടെ ഗ്രാമത്തിലോ, പട്ടണത്തിലോ, സംസ്ഥാനത്തിലോ, പ്രോവിൻസിലോ ജോലിചെയ്യുന്നു. അതു് സമീപ ഗ്രാമത്തിനോടൊ, പട്ടണത്തിനോടൊ, സംസ്ഥാനത്തിനോടൊ, പ്രവിശ്യയോടൊ സ്നേഹപൂർവ്വമായ മത്സരത്തിലാണെങ്കിൽ തകരാറില്ല. എന്നാൽ അതു് ശത്രുതയിലാണെങ്കിൽ, മറ്റുള്ളവർക്കു് ഹാനികരമായവിധത്തിലാണെങ്കിൽ, അതു് തെറ്റായ മാർഗ്ഗമാണു്. ആ മത്സരത്തിലും കലഹത്തിലും നിങ്ങൾ സ്വയവും നഷ്ടപ്പെടുന്നു. നിങ്ങൾ മറ്റുള്ളവർക്കു ക്ഷതമേല്പിക്കുന്നു, മറ്റുള്ളവർ നിങ്ങൾക്കും ക്ഷതമേല്പിക്കുന്നു. അതിനാൽ നമുക്കു പുരോഗതി വേണമെന്നുണ്ടെങ്കിൽ ആദ്യം ഇൻഡ്യാക്കാരെന്നും പിന്നീടുമാത്രം മറ്റു കാര്യങ്ങളെപ്പറ്റിയും ചിന്തിക്കണം. ഇൻഡ്യയുടെ സ്വാതന്ത്ര്യം ഭീഷണിക്കു വിധേയമാകുന്നു എന്നു കരുതുക. ഇൻഡ്യയുടെ ഒരു ഭാഗത്തു അപകടംവരുമ്പോൾ മറ്റു ഭാഗങ്ങളെ അതു് ബാധിക്കാതിരിക്കുകയില്ല. അതിനാൽ ഇൻഡ്യയ്ക്കു് ഒരൊറ്റ കരസൈന്യത്തേയും ഒരൊറ്റ നാവിക സേനയേയും ഒരൊറ്റ വിമാനസേനയേയും നാം പുലർത്തുന്നു. നാം പ്രത്യേകം പ്രത്യേകം സൈന്യങ്ങളെ വച്ചിട്ടില്ല. എന്തെന്നാൽ ഇൻഡ്യയുടെ രാജ്യരക്ഷയെപ്പറ്റി പൊതുവായ ഒരു വിഭാവനയാണുള്ളതു്. അതുപോലെതന്നെ വ്യാവസായികം, സാംസ്കാരികം തുടങ്ങിയ ഏതു് മേഖലയിലും നമുക്കു് ഈ പൊതുവായ വിഭാവന ഉള്ളിടത്തോളം പൊതുവായ പുരോഗതിക്കുപുറമെ ഓരോഭാഗത്തിനും പ്രത്യേകമായ പുരോഗതിയും ഉണ്ടാകുന്നു. ഇതു് ആവർത്തിച്ചു പറയേണ്ടതാവശ്യമായിരിക്കുന്നു. ഒരു വിപൽഘട്ടത്തിൽ ജനങ്ങൾ അവരുടെ നിസ്സാര വഴക്കുകൾ വിസ്മരിച്ചു അണിനിരക്കുന്നു. നാം രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്തപ്പോൾ സ്വാഭാവികമായി നമ്മുടെ മനസ്സിൽ രാജ്യത്തിന്റെ പൊതുസ്വാതന്ത്ര്യമാണുണ്ടായിരുന്നതു്. സുശക്തനായ ഒരു ശത്രുവിനെതിരായുള്ള സമരത്തിൽ നമുക്കു് ആ ഐക്യം ഉണ്ടായി. എന്നാൽ ആ സമരം കഴിഞ്ഞെന്നു കാണുമ്പോൾ ആ ഐക്യമെല്ലാം മാറുന്ന പഴയ നിസ്സാരഭിന്നതകളിൽ വീണ്ടും എത്തിച്ചേരുന്നു. അതു് എപ്പോഴായാലും നല്ലതല്ല.

നമ്മുടെ ലക്ഷ്യം വലുതായിരിക്കണം

നാം വലിയ ലക്ഷ്യംവച്ചുകൊണ്ട് പ്രവർത്തിച്ചാൽ നമ്മുടെ വളർച്ച അതിനനുരൂപമായിരിക്കും. നമ്മുടെ ലക്ഷ്യം ചെറുതാകുംതോറും നമ്മുടെ വളർച്ചയും അതിനനുസരിച്ചാകും. ഇവിടെ യുവതികളും യുവാക്കന്മാരും ഇരിക്കുന്നുണ്ട്. സമയമുണ്ടായിരുന്നെങ്കിൽ നിങ്ങളെ ഓരോരുത്തരേയും കണ്ട്, "നിങ്ങളുടെ ജീവിതലക്ഷ്യം എന്താണ്? നിങ്ങൾ എന്തുചെയ്യുവാനാണ് ആഗ്രഹിക്കുന്നത്? നിങ്ങൾ എന്തു നേട്ടമാണ് കൊതിക്കുന്നത്?" എന്നു ഞാൻ ചോദിക്കുമായിരുന്നു. ഭിന്നരീതിയിലുള്ള മറുപടികൾ ലഭിക്കുമെന്നുള്ളതിൽ എനിക്കു സംശയമില്ല. നിങ്ങളുടെ മറുപടി എന്തായിരിക്കുമെന്നു എനിക്കറിയാൻ പാടില്ല. എന്നാൽ ഒരു ചെറുപ്പക്കാരന്റെയോ ചെറുപ്പക്കാരിയുടെയോ വലിയ ജീവിതാഭിലാഷം സാധാരണമായി ഗവണ്മെൻറിലോ മറ്റു വല്ല ഔദ്യോഗമോ ഒരു ചെറിയ ഉദ്യോഗം കിട്ടണമെന്നാണ്. ഗവണ്മെൻറിനെ സേവിക്കുന്നവർ ശരിയായി സേവനം നടത്തുന്നപക്ഷം ഒരു പ്രധാന കൃത്യംതന്നെയാണ് നിർവ്വഹിക്കുന്നത്. ഗവണ്മെൻറ് എന്നു പറയുന്നത് സ്റ്റേറ്റിന്റെ സംഘടനയാണ്. അത് ശരിയായി പ്രവർത്തിക്കണം. അതിന്റെ നടത്തിപ്പിനു യോഗ്യരായ യുവാക്കളും യുവതികളും ആവശ്യംതന്നെയാണ്. അത് ശരിതന്നെ. ഒരാൾക്കു സർക്കാരുദ്യോഗംതന്നെ വേണമെന്നു പറഞ്ഞാൽ ഞാൻ അയാളെ വിമർശിക്കുകയോ കുറ്റം പറയുകയോ ചെയ്യുന്നതല്ല. എന്നാൽ അയാളെപ്പറ്റി എനിക്കുള്ള മതിപ്പ് ഉയരുന്നില്ല. തങ്ങൾക്കു വളരെ ഉയർന്ന ലക്ഷ്യമാണുള്ളതെന്നു യുവാക്കൾ എന്നോടു പറയണമെന്നാണ് എന്റെ ആഗ്രഹം. ആ ലക്ഷ്യം എന്താണെന്നു പറയുക. നിങ്ങൾക്കു ഒരു പടയാളി ആകണമെന്നുണ്ടെങ്കിൽ ഒരു നെപ്പോളിയനെപ്പോലെ ആകണമെന്നാണ് ഞാൻ പറയുന്നത്; നെപ്പോളിയനെപ്പറ്റി എനിക്കു വലിയ ബഹുമാനമുണ്ടെന്നല്ല അതിന്റെ അർത്ഥം. എന്നാൽ അദ്ദേഹത്തിന്റെ കാലത്തു് അദ്ദേഹം ഒരു മഹാനായിരുന്നു. നിങ്ങൾക്കു ഒരു ശാസ്ത്രജ്ഞനാകണമെന്നുണ്ടെങ്കിൽ ഒരു എയിൻസ്റ്റീനോ രാമനോ ആകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. നിങ്ങൾ ഒരു എഞ്ചിനീയറാകാൻ ആഗ്രഹിക്കുന്നെങ്കിൽ രാജ്യത്തിനുവേണ്ടി വമ്പിച്ച സംഗതികൾ നിർമ്മിക്കുന്നതിനെപ്പറ്റി ചിന്തിക്കണമെന്നാണ് ഞാൻ പറയുന്നത്. ആകയാൽ നിങ്ങൾ എന്തിനു പുറപ്പെട്ടാലും ഉയർന്ന ലക്ഷ്യംവച്ചുകൊള്ളുക. ഉദ്യോഗാർത്ഥനെക്കാൾ വലിയ ജീവിതാഭിലാഷങ്ങളാണുണ്ടാകേണ്ടത്. സ്വാർത്ഥമാത്രമായ ജീവിതാഭിലാഷമാണെങ്കിൽ, അതായതു തന്റെ കാര്യം ഒരു വിധത്തിൽ മുന്നോട്ടു കൊണ്ടുപോകണം എന്നു മാത്രമാണ് ആഗ്രഹിക്കുന്നതെങ്കിൽ, അതു നിങ്ങൾക്കു ഹീനകരമായെന്നുവരാം, ഇല്ലെന്നുംവരാം. എന്നാൽ നിങ്ങൾക്കു ഒരിക്കലും വളർച്ചയുണ്ടാവുകയില്ല.

ഒരു മഹാചാര്യൻ

കഴിഞ്ഞ മുപ്പതു കൊല്ലങ്ങളായി ഒരു മഹാന്റെ, ഒരു മഹാചാര്യന്റെ നേതൃത്വത്തിലും പ്രചോദനത്തിലും ഈ രാജ്യം സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള രാഷ്ട്രീയസമരം നടത്തി. ഞാൻ കുറച്ചുകൂടി പുറകോട്ടുപോകട്ടെ. അതിനു മുമ്പു് അദ്ദേഹം ദക്ഷിണാഫ്രിക്കയിൽ പ്രവർത്തനം നടത്തിയിരുന്നു. മഹാത്മാഗാന്ധിയെ കാണുന്നതിനായി ദക്ഷിണാഫ്രിക്കയിലേക്കു പോയിരുന്ന ഗോപാലകൃഷ്ണ ഗോഖലേ പറഞ്ഞിട്ടുള്ളതു ഞാൻ ഓർക്കുന്നുണ്ട്. അന്നു ഇൻഡ്യാഗാന്ധിജിയെപ്പറ്റി അധികമൊന്നും അറിഞ്ഞിരുന്നില്ല. മി. ഗോഖലേ ഇപ്രകാരം പറഞ്ഞു. "കളിമൺ മനുഷ്യരിൽനിന്നു വീരന്മാരെ സൃഷ്ടിക്കുവാനുള്ള കഴിവു് ഗാന്ധിജിക്കുണ്ടു്" പിന്നീടു് ഗാന്ധിജി ഇൻഡ്യയിലേക്കു വന്നു. അദ്ദേഹം കളിമൺമനുഷ്യരായ നമ്മിൽനിന്നു എത്രയോ വീരന്മാരോടു സമമായ ആളുകളെ സൃഷ്ടിച്ചു. കുറെ പണമുണ്ടാക്കുവാനോ ഏതെങ്കിലും ജോലിയിൽ വിജയിക്ക

വാനോ കഴിവുണ്ടായിരുന്ന നാം കൊച്ചുമനുഷ്യരായി കഴിഞ്ഞു വന്നു. അദ്ദേഹം നമ്മെ തട്ടിയുണർത്തി. നമ്മുടെ പഴയ ചിന്താഗതി മറക്കാൻ പ്രേരിപ്പിച്ചു. പുതിയ ആശയങ്ങളും നമ്മുടെ തലയിൽകയറ്റി. നാം ഭോഷന്മാരെപ്പോലെയും ഭ്രാന്തന്മാരെപ്പോലെയും പെരുമാറി എന്നുവരാം. എന്നാൽ നമുക്കു യാതൊന്നും നഷ്ടപ്പെട്ടില്ല. ആ മഹാത്മാവിന്റെ തണലിൽ നാം വർത്തിച്ചതുകൊണ്ടു ഉന്നത നിലയിൽ പ്രവർത്തനം നടത്തണമെന്നു കരുതുന്ന ഓരോ ആളിനും ഓരോ രാജ്യത്തിനും ഉണ്ടാകുന്ന നേട്ടം നമുക്കും ലഭിച്ചു. നമുക്കു വളർച്ചയുണ്ടാവുകയും അദ്ദേഹം കാണിച്ചുതന്ന മാർഗ്ഗത്തിൽകൂടി സഞ്ചരിക്കുന്നതിനു നമ്മുടെ എളിയ രീതിയിൽ നാം ശ്രമിക്കുകയും ചെയ്തു. നാം ദുർബലരാവുകയാൽ പലപ്പോഴും മറിഞ്ഞുവീണു. എങ്കിലും നമുക്കു മാർഗ്ഗദർശനം നൽകുന്ന നക്ഷത്രത്തെ എപ്പോഴും മുമ്പിൽ കാണുമായിരുന്നു. നമുക്കു കുറെയൊക്കെ വളർച്ചയുണ്ടായതിനാൽ സാധാരണ നമുക്കു സാദ്ധ്യമല്ലെന്നു തോന്നാവുന്ന കാര്യങ്ങളും സാധിക്കുകയുണ്ടായി. എല്ലാം ലക്ഷ്യത്തെ ആശ്രയിച്ചിരിക്കുകയാണു്. ഞാൻ നേരത്തെ പറഞ്ഞതുപോലെ നിങ്ങളുടെ ലക്ഷ്യം ഉന്നതമായാൽ നിങ്ങൾക്കു വളർച്ചയുണ്ടാകും. സാധാരണ കഴിവുകൾക്കുപരിയായ നേട്ടങ്ങളുമുണ്ടാകും. അതിനാൽ ഇക്കാര്യത്തെപ്പറ്റി നിങ്ങൾ നല്ലവണ്ണം ആലോചിക്കണമെന്നു ഞാൻ വീണ്ടും ആവശ്യപ്പെടുന്നു. എന്തെന്നാൽ നാം സ്വാതന്ത്ര്യം സമ്പാദിച്ചുഎങ്കിലും ഇൻഡ്യക്കു് മഹത്തായ കഴിവുകളുണ്ടെങ്കിലും, ഒട്ടു വളരെ ആളുകൾ, യുവാക്കന്മാരും യുവതികളും, എന്തുചെയ്യണം, എന്തു ചെയ്യണ്ടാ എന്നറിഞ്ഞുകൂടാതെ മറ്റുള്ളവരെ വിമർശിച്ചുകൊണ്ടും അവർ ഇന്നതു ചെയ്യണമെന്നു പറഞ്ഞുകൊണ്ടും നിരാശയിൽ കഴിയുന്നതായിട്ടാണു് കാണുന്നതു്. എന്നാൽ മഹാത്മാഗാന്ധി നമ്മെ പഠിപ്പിച്ചതു് മറ്റുള്ളവർ ഇന്നതു ചെയ്യണമെന്നു പറഞ്ഞുകൊണ്ടു നടക്കാതെ നാംതന്നെ വല്ലതും ചെയ്യണമെന്നാണു്. ഓരോരുത്തരും അവരുടെ കൃത്യത്തിന്റെ ഒരംശം നിർവഹിച്ചാൽ ഉണ്ടാകാവുന്ന പൊതുനേട്ടം വിസ്മയം തോന്നത്തക്കതായിരിക്കും. എന്നാൽ മറ്റുള്ളവർ ഇന്നതു ചെയ്യണമെന്നുമാത്രം പറഞ്ഞുകൊണ്ടു നടന്നാൽ ആരും ഒന്നും ചെയ്യാതിരിക്കുകയായിരിക്കും ഫലം. അതുകൊണ്ടു നമ്മുടെ ലക്ഷ്യമെന്തെന്നും നാം എന്തു ആഗ്രഹിക്കുന്നുവെന്നുമുള്ളതിനെപ്പറ്റി വ്യക്തമായ അഭിപ്രായം നമുക്കുണ്ടായിരിക്കണം.

കഴിഞ്ഞുപോകുന്ന തലമുറയെയാണു ഞാൻ പ്രതിനിധീകരിക്കുന്നതു്. ന. ള സംവത്സരത്തിലധികം ഞാൻ ഇൻഡ്യയിലെ ദേശീയ പ്രസ്ഥാനത്തിൽ കഴിച്ചുകൂട്ടി. ഒരു മഹാചായ്ന്റെ കീഴിലും അതൃത്തമന്മാരായ സഹപ്രവർത്തകരുമൊന്നും സേവനം അനുഷ്ഠിക്കുന്നതിനുള്ള മഹാഭാഗ്യം എനിക്കു ലഭിച്ചു. ഇതിനെക്കാൾ വലിയ ഭാഗ്യം ഒരു വ്യക്തിക്കു അയാളുടെ ജീവിതത്തിലുണ്ടാകാനില്ല. ഇൻഡ്യയിലെ ഈ തലമുറയിൽപെട്ട ഞങ്ങളെല്ലാം വളരെ വേഗം അന്തർധ്യാനംചെയ്യും. ഞങ്ങൾ കാര്യമായി എന്തെങ്കിലും ചെയ്തോ ഇല്ലയോ എന്നതു ചരിത്രം തീരുമാനിക്കും. കഴിയുന്നതെല്ലാംചെയ്യാൻ ശ്രമിച്ചുകൊണ്ടു് ഞങ്ങൾ കടന്നുപോവുകയാണു്. ഞങ്ങൾ അങ്ങനെ ഓരോ കൊല്ലവും കടന്നുപോകുമ്പോൾ ഈ ജോലിയുടെ ഭാരം ഇന്നത്തെ യുവാക്കളുടെ ചുമലിൽ കൂടുതലായി വന്നുചേരുന്നു. നിങ്ങൾ ആ ഭാരം ഏതു രീതിയിൽ വഹിക്കുന്നോ അതിന്നനുസരണമായിട്ടായിരിക്കും ഇൻഡ്യയുടെ ഭാവിരൂപം പ്രാപിക്കുന്നതു്. അതിനാൽ നിങ്ങളുടെ മനസ്സിൽ എന്താണുള്ളതെന്നറിയാൻ, നിങ്ങൾക്കു എന്തു അന്തസ്സുത്തയുണ്ടെന്നറിയാൻ എനിക്കു താൽപര്യമുണ്ടു്. ബുദ്ധിശാലികളായ ആളുകളെ ഞാൻ ഇഷ്ടപ്പെടുന്നു. എന്തെന്നാൽ മനുഷ്യൻ പ്രവർത്തനം നടത്തുന്നതു് ബുദ്ധിയുള്ളതുകൊണ്ടാണു്. കടുത്ത പ്രയത്നം ഞാൻ ഇഷ്ടപ്പെടുന്നു. എന്തെന്നാൽ പ്രയത്നം ചെയ്യാതെ യാതൊന്നും സാദ്ധ്യമല്ലെന്നും ബുദ്ധികൊണ്ടതന്നെ പ്രയോജനമില്ലെന്നും പ്രയത്നംതന്നെ തെളിയിക്കുന്നു. എന്നാൽ എല്ലാറ്റിനും ഉപരിയായി മനുഷ്യന്റെ ആന്തരികശക്തിയെ—ആ

ദർശം തേടുന്നതിനും പ്രാപിക്കുന്നതിനും മനുഷ്യനെ പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്ന തീഷ്ണതയെ—ഞാൻ ഇഷ്ടപ്പെടുന്നു. വിഷമതകളെ വിഗണിക്കാൻ അവനു കഴിവു നൽകുന്നതു ഈ ശക്തിയാണു്. അങ്ങനെയുള്ള ശക്തി നിങ്ങൾക്കു, ഇൻഡ്യയിലെ യുവാക്കൾക്കു, ഉണ്ടാകുമെങ്കിൽ ഇൻഡ്യക്കു നല്ലതു്. നിങ്ങൾക്കു തെറ്റു പറ്റിയെങ്കിലും സാരമില്ല. ഒടുവിൽ വിജയം ലഭിക്കും. മുന്നോട്ടുപോകാനുള്ള കഴിവു് ആ ശക്തി ഉദ്ദീപിപ്പിക്കും. അതില്ലാതെ പരീക്ഷ പാസ്സാകുന്നതിനുള്ള മിടുക്കുണ്ടാക്കി ഉദ്യോഗങ്ങൾ അന്വേഷിച്ചു മറ്റുള്ളവരെ വിമർശിച്ചു ഭിന്നിപ്പുകൾ വളർത്തികൊണ്ടു ചുറ്റിനടക്കുകയാണെങ്കിൽ നിങ്ങളുടെ മിടുക്കുകൊണ്ടു് യാതൊരു പ്രയോജനവുമില്ല.

ഇന്ത്യയുടെ ഐക്യം

ഇൻഡ്യയുടെ ഐക്യത്തെപ്പറ്റിയും വൈവിധ്യങ്ങളെപ്പറ്റിയും ഞാൻ പറയുകയുണ്ടായി. വടക്കു ഹിമാലയംമുതൽ തെക്കു കന്യാകുമാരിവരെ ഞാൻ സഞ്ചരിച്ചിട്ടുണ്ടു്. ഇൻഡ്യയുടെ സമ്പന്നതയെയും വൈവിധ്യത്തെയുംപറ്റി ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ടു്. അന്നേരസമയംതന്നെ രാഷ്ട്രീയമായ പിളർപ്പുകളും അടിമതത്വവുമുണ്ടായിട്ടുണ്ടു്. അനേക തലമുറകളായി ഇൻഡ്യയുടെ ഐക്യം പുലർത്തുവാൻ കഴിഞ്ഞതിലും എനിക്കു അത്ഭുതമാണുള്ളതു്. ഇന്നു നിലവിലിരിക്കുന്ന പരിതഃസ്ഥിതികളും പണ്ടത്തെപ്പോലെയുള്ളവയല്ല. ഭൂതകാലത്തു കഴിഞ്ഞതുപോലെ ഇന്നു കഴിയുക സാദ്ധ്യമല്ല. രാഷ്ട്രീയമായ വിഭജനങ്ങളുണ്ടായിരുന്നിട്ടും സാംസ്കാരികമായും മറ്റും ഇൻഡ്യയുടെ ഐക്യം നിലനിറുത്താൻ കഴിഞ്ഞു. ഇന്നത്തെ സ്ഥിതികളും കൂടുതൽ സഹായകവും കൂടുതൽ വിഷമകരവുമാണു്. രാഷ്ട്രീയബന്ധത്തിൽ എന്തെങ്കിലും ദുർബ്ബലത ഉണ്ടാകുന്നതിനു ഇന്നു അനുവദിക്കാൻ നിവൃത്തിയില്ല. അതു രാജ്യത്തിനു ശക്തിക്ഷയമുണ്ടാക്കും. കഴിഞ്ഞ കാലത്തു ശക്തിക്ഷയമുണ്ടാക്കുകയും ചെയ്തു. അതായിരുന്നു നമ്മുടെ പരാജയത്തിനു കാരണം. ഇന്നു അങ്ങനെ ശക്തിക്ഷയമുണ്ടാകുന്നതു കൂടുതൽ അപകടകരമായിരിക്കും. അതിനാൽ രാഷ്ട്രീയബന്ധത്തിനു്, നിയമപരവും ഭരണഘടനാപരവുമായ അർത്ഥത്തിലുള്ള രാഷ്ട്രീയബന്ധത്തിനു് മാത്രമല്ല മനസ്സിലും ഹൃദയത്തിലുമുള്ള രാഷ്ട്രീയബന്ധത്തിനും കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. നിങ്ങൾ ഇൻഡ്യക്കു പുറത്തു പോയാൽ ഈ പ്രദേശക്കാരായാലും, പഞ്ചാബുകാരായാലും, ബംഗാളികളായാലും, കാശ്മീരിയായാലും, നിങ്ങൾക്കു പരസ്പരം ബന്ധമുള്ളതുപോലെ തോന്നുന്നു. നിങ്ങളെല്ലാം ഇൻഡ്യയിലെ പൗരന്മാർ. നിങ്ങളുടെ രക്ഷക്കായി നിങ്ങൾ ഇൻഡ്യയുടെ നേരെയാണു് നോക്കുന്നതു്. ഇൻഡ്യക്കുള്ളിൽ താമസിക്കുമ്പോഴത്തേക്കാൾ ഇൻഡ്യയുടെ ഐക്യത്തെപ്പറ്റി നിങ്ങൾക്കു ബോദ്ധ്യം വരുന്നതു ഇൻഡ്യക്കു പുറത്തുപോകുമ്പോഴാണു്.

ഈ രാജ്യത്തെ ചില ആളുകൾ മതപരമോ വർഗ്ഗീയമോ പ്രാദേശികമോ ആയ ഭിന്നിപ്പുകൾ വളർത്തുന്നുണ്ടു്. ഇവിടത്തെ സ്ഥിതി എനിക്കറിവില്ല. എന്നാൽ വടക്കെ ഇൻഡ്യയിൽ കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങൾക്കു മേലായി ഈ വർഗ്ഗീയതയോടു ഞങ്ങൾ സമരം ചെയ്തുവരികയാണു്. ഒരുവിധത്തിൽ നാം പരാജിതരായി എന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഇൻഡ്യയുടെ വിഭജനം നമ്മുടെ പരാജയത്തിന്റെ ഒരു ലക്ഷണമായിരുന്നു. എന്നാൽ ആ പരാജയം സംഭവിച്ചുകഴിഞ്ഞ സ്ഥിതിക്കു ഇനി നാം വലിയ ജാഗ്രതയോടെ കഴിയണം. ആ പാഠം പഠിക്കാത്ത ചില ആളുകൾ ഉണ്ടെന്നുള്ളതാണു് മറ്റെല്ലാറ്റിനും ഉപരിയായി എന്നെ അലട്ടുന്നതു്. പഴയ മുസ്ലീം ലീഗിന്റെ ലക്ഷ്യങ്ങളെയും പരിപാടികളെയും എതിർക്കുമെങ്കിലും അതിന്റെ വർഗ്ഗീയതയും വേർതിരിയൽ മനോഭാവവും നമ്മുടെ സ്വന്തം ചില ആളുകൾ പകർത്തുന്നു എന്നുള്ളതു വിചിത്രമായിരിക്കുന്നു. അപകടം കഴിഞ്ഞു എന്നു അവർ കരുതുന്നതാണു് ഇതിനു കാരണം. സ്വാതന്ത്ര്യം സമ്പാദിച്ചു കഴിഞ്ഞതിനാൽ ഇനി ഒരു

അപകടവുമില്ലെന്നും നമുക്കു എന്തും ചെയ്യാമെന്നും എങ്ങനെ വേണമെങ്കിലും വഴക്കടിക്കാമെന്നും അവർ കരുതുന്നു. യഥാർത്ഥത്തിൽ ഇന്നു ഗുരുതരമായ അപകടങ്ങൾ എല്ലാ രാജ്യങ്ങളെയും ചുറ്റിനില്ക്കുന്നു. ലോകം തുടച്ചയായ വിപൽഘട്ടങ്ങളും അപകടവും നിറഞ്ഞ ഒരു പരിതഃസ്ഥിതിയിലാണ്. യുദ്ധത്തിന്റെ സാദ്ധ്യതകളുമുണ്ട്. വലിയ യുദ്ധമൊന്നുമില്ലെങ്കിലും പല വിധത്തിലുള്ള വഴക്കുകളും തുടച്ചയായുണ്ടായിക്കൊണ്ടിരിക്കുന്നു. വിശേഷിച്ചും ഈയിടെ മാത്രം സ്വതന്ത്രയായ ഇൻഡ്യയുടെ നില സുരക്ഷിതമല്ല. ഏഷ്യയുടെ ഭൂപടം നോക്കുക. എങ്ങും തീജ്വാലകൾ കാണാം. എന്തു സംഭവിക്കുവാൻപോകുന്നു എന്നു നമുക്കു നിശ്ചയമില്ല. എന്നാൽ അനേകശതാബ്ദങ്ങളായി അനക്കമില്ലാതെയും ഏതാണ്ടു് അടിമസ്ഥിതിയിലും കഴിഞ്ഞ ഏഷ്യ ഇന്നു ഉണർന്നിരിക്കുന്നു എന്നു നമുക്കറിയാം. ഭൂപടത്തെ ആകമാനം സമാധാനത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാലും യുദ്ധത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാലും ഏഷ്യ മുന്നണിയിൽ നില്ക്കുന്നതു് കാണാം. കുഴപ്പത്തിനു സാദ്ധ്യതയുള്ള ധാരാളം സ്ഥലങ്ങൾ ഏഷ്യയിലുണ്ട്. ആശങ്ക വകനൽകുന്ന പല സംഗതികളും അതുപോലെതന്നെ ഏഷ്യയിലുണ്ട്. ഒരു മണിക്കുറിനുള്ളിൽ ഏഷ്യയിലെ മറ്റൊരു രാജ്യത്തേക്കു്, ഇൻഡോനേഷ്യയിലേക്കു്, ഞാൻ പുറപ്പെടുന്നു. അതു നമ്മിൽ പ്രത്യാശ ഉളവാക്കിയിട്ടുള്ള ഒരു രാജ്യമാണു്. അക്ഷീണമായ പ്രയത്നവും ധീരതയുംകൊണ്ടു് ഗുരുതരങ്ങളായ വൈഷമ്യങ്ങളെ നേരിട്ടു ഇന്ത്യയുടെ സ്വാതന്ത്ര്യം നേടിയ ഒരു രാജ്യമാണതു്. സഹിഷ്ണുതയോടുകൂടിയ വിശാലവീക്ഷണമുള്ള രാജ്യമാണതു്. അതുകൊണ്ടു് ആ രാജ്യവുമായി നാം അടുത്ത സ്നേഹം പുലർത്തുന്നു. ഏഷ്യയിൽ ധാരാളം പ്രത്യാശകളുണ്ടു്, ധാരാളം കുഴപ്പങ്ങളുണ്ടു്, ധാരാളം വിപത്തുകളുണ്ടു്. ഏഷ്യ മാറിക്കൊണ്ടിരിക്കുന്നു എന്നും അതിശീഘ്രം മാറിക്കൊണ്ടിരിക്കുന്നു മനസ്സിലാക്കാതെ ഏഷ്യക്കു എന്തു സംഭവിക്കാൻപോകുന്നു എന്നു ആർക്കും അറിയാൻ പാടില്ല.

അതിനാൽ ലോകത്തേയും, ഏഷ്യയിലേയും സംഭവഗതികളെ അടിസ്ഥാനമാക്കി നോക്കുമ്പോൾ ഇൻഡ്യ ഇതിൽനിന്നെല്ലാം ഒറ്റതിരിഞ്ഞു നില്ക്കുകയാണെന്നും, ഒരു തണുത്ത മനുഷ്യമഹാസമുദ്രമാണെന്നും, കലഹങ്ങളും മത്സരങ്ങളും നടത്താവുന്ന സ്ഥലമാണെന്നും കരുതുന്നവർ ഗുരുതരമായ തെറ്റു പറ്റിയിരിക്കുന്നു. അവർ രാജ്യത്തിന്റെ ഭാവിയെ അപകടത്തിലാക്കുന്നു. സിക്കുകാർ, ക്രിസ്ത്യാനികൾ, മുസ്ലീമുകൾ എന്നീ സമുദായങ്ങൾക്കെതിരായി നാം ഒരു ഹിന്ദുസമുദായമെന്ന നിലയിൽ ഉറച്ചുനില്ക്കണമെന്നു ചിലർ കരുതുന്നു. മുസ്ലീമുകൾ തീർച്ചയായും ഇന്നു ഇൻഡ്യയെ ഭീഷണിപ്പെടുത്തുന്നുണ്ടു്. അതുപോലെ പാക്കിസ്ഥാനിലെ ഹിന്ദുക്കൾക്കും ആ രീതിയിൽ ഭീഷണിപ്പെടുത്താൻ സാദ്ധ്യമല്ല. വർഗ്ഗീയമായി ചിന്തിക്കുന്നതു ഭോഷത്വമായ ഒരു ചിന്താഗതിയാണു്. അതു് കോൺഗ്രസ്സിന്റെയും ഗാന്ധിജിയുടെയും തേതൃത്വത്തിൽ വളർന്നുവന്ന ഇൻഡ്യൻ ദേശീയപ്രസ്ഥാനത്തിനു കടകവിരുദ്ധമാണു്. അതു നമ്മുടെ ഭരണഘടനക്കും വിരുദ്ധമാണു്. നിശ്ചയമായും അതു് സാമാന്യബുദ്ധിക്കും പ്രായോഗിക രാജ്യതന്ത്രത്തിനും വിരുദ്ധമാണു്. എന്തെന്നാൽ ആരെങ്കിലും ഒരു സമുദായത്തെ, അതു എത്ര വലുതും ആയിക്കൊള്ളട്ടെ, മറ്റുള്ളവർക്കെതിരായി സംഘടിപ്പിക്കുവാൻ ആലോചിക്കുന്നപക്ഷം അതുവഴി അഭ്യന്തര മത്സരവും ശൈഥില്യവും വളർത്തിവയ്ക്കുന്ന ശക്തികളെ അഴിച്ചുവിടുകയായിരിക്കും ചെയ്യുന്നതു്. ഒരു വിഭാഗമോ സമുദായമോ സംഘടിക്കുന്നതിൽ തകരാറില്ല. അതിനു നാമെന്തുചെയ്യാൻ കഴിയും. എന്നാൽ മറ്റൊന്നിനെതിരായ മനോഭാവത്തോടുകൂടിയാണു് അങ്ങനെ സംഘടിക്കുന്നതെങ്കിൽ മറ്റേതും അതുപോലെതന്നെ പൊരുതുമാവും. ഇൻഡ്യയുടെ ശക്തിക്കു ക്ഷയമുണ്ടാകുന്നവിധത്തിൽ അവരുടെ ശക്തി പരസ്പരമുള്ള കലഹത്തിനായി ഉപയോഗിക്കപ്പെടുന്നതുമാണു്. വർഗ്ഗീയതവാദം എന്നു പറയുന്നതു യഥാർത്ഥത്തിൽ ഒരു വിഭാഗത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്നു എന്ന സങ്കല്പത്തിൽക്കൂടി സ്വന്തം ബലഹീനത

ഒയ വഷ്ിപ്പിക്കുന്ന ഒന്നാണ്. സാരാംശത്തിൽ അതു തികച്ചും പ്ര തിലോമപരമായ ഒരു സിദ്ധാന്തമാണ്. അതു പ്രശ്നങ്ങളെ സമീ പിക്കുന്നതിനുള്ള ബാലിശമായ ഒരു മാർഗ്ഗമാണ്. അതു പരിപ കുവമായ ഒരു വീക്ഷണമല്ല. തീച്ചയായും ബുദ്ധിമാന്റെ വീക്ഷണമ ല്ല. അതിനാൽ നമുക്കു ഈ വിപത്തിനെ പൂർണ്ണമായും നേരിടാം. ഞാൻ ഇതിനെപ്പറ്റി വീണ്ടും വീണ്ടും പറഞ്ഞെന്നുവരാം. എന്തെ ന്നാൽ ആകർഷണിയമായ മുദ്രാവാക്യങ്ങളുടെ മറവിൽ യുവാക്കളുടെ മനസ്സു അതിലേക്കു് ആകർഷിക്കപ്പെടുന്നതായി ഞാൻ കാണുന്നു. പാ ക്കിസ്ഥാനിൽ ഹിന്ദുക്കളുടേയും ന്യൂനപക്ഷങ്ങളുടെയും നേരെ അനീ തി പ്രവർത്തിക്കുന്നു എന്ന വിചാരത്തിന്റെ മറ ഉത്തരേൻഡ്യയിൽ ഉപയോഗിക്കപ്പെടുന്നതായികാണുന്നുണ്ട്. ആ വിചാരം ഇൻഡ്യ യിൽ വർദ്ധിയ വിദ്വേഷം ഇളക്കിവിടാൻ, പാക്കിസ്ഥാനിലുണ്ടെന്നു നാം വെറുപ്പോടെ പറയുന്ന വർദ്ധിയ വിദ്വേഷം ഇൻഡ്യയിൽ ഇള ക്കിവിടാൻ, ഉപയോഗപ്പെടുത്തുന്നു. അതു വളരെ വിചിത്രമാണ്. തിന്മയെ തിന്മകൊണ്ടു കീഴടക്കുവാൻ സാധ്യമല്ലെന്നും നന്മകൊണ്ടു കീഴടക്കണമെന്നും ആണ് നമ്മുടെ പഴയ ആചാര്യന്മാരെല്ലാം നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. അതു കടുത്ത തത്വജ്ഞാനമെന്നു പറഞ്ഞേക്കാം. എന്നാൽ അതു നല്ല പ്രായോഗിക രാജ്യതന്ത്രവുമാണ്. ഒരു ദേശിയ അടിസ്ഥാനത്തിൽ നിങ്ങൾ ഒരു തെറ്റായ മാർഗ്ഗം, ദുഷിച്ചമാർഗ്ഗം സ്വീകരിച്ചാൽ അതു ഒടുവിൽ നിങ്ങളെ ബലഹീനരാക്കും. ഒരുപക്ഷെ അങ്ങുമിങ്ങും നിങ്ങൾക്കു ചില നേട്ടങ്ങളുണ്ടായെന്നുവരാം. എന്നാൽ അവസാനം അതു നിങ്ങളേയും നിങ്ങളുടെ രാഷ്ട്രത്തേയും ക്ഷയിപ്പിക്കും. നിങ്ങൾ കഷ്ടപ്പെടുന്നതിനിടവരികയും ചെയ്യും.

ഇൻഡോ–പാക്കിസ്ഥാൻ ഉടമ്പടി

ഈയിടെ ബംഗാളിൽ ഭയങ്കരമായ ഒരു കലാപമുണ്ടായി കിഴ ക്കെ ബംഗാളിൽ അത്യന്തം അപമാനകരമായ സംഭവങ്ങൾ നടന്നു. പടിഞ്ഞാറെ ബംഗാളിലും അതുണ്ടായി. അതുപോലെതന്നെ ആസ്സാമിലും. വമ്പിച്ച തോതിൽ ആളുകൾ രാജ്യംവിട്ടുപോയി. ജന ങ്ങളുടെ വികാരങ്ങൾ ഇളകി. പാക്കിസ്ഥാനുമായുള്ള ഒരു യുദ്ധ ത്തിന്റെ വിളുമ്പുവരെ നാം എത്തി. യുദ്ധം സന്തോഷകരമായ ഒരു സംഗതിയല്ല. ആധുനികലോകത്തു യുദ്ധത്തെപ്പറ്റി ചിന്തിക്കുന്ന ആൾ വളരെ ബുദ്ധിയൊന്നുമുള്ള ആളായിരിക്കുകയില്ല. എന്തെ ന്നാൽ യുദ്ധം ഭയങ്കരമായ ഒരു കാര്യമാണ്. യുദ്ധം വന്നുകഴിഞ്ഞാൽ അതു എപ്പോൾ അവസാനിക്കുമെന്നും എന്തെല്ലാം അപകടമുണ്ടാകു മെന്നും എവിടെയെല്ലാം വ്യാപിക്കുമെന്നും അറിയാൻ കഴിയുന്നതല്ല. എന്നിരുന്നാലും ആ വിഷമസ്ഥിതിയെ നേരിടുന്നതിനു യാതൊരു മാർഗ്ഗവും കാണാത്തതിനാലാണ് നാം പാക്കിസ്ഥാനുമായുള്ള ഒരു യുദ്ധത്തിന്റെ വിളുമ്പുവരെ എത്തിയതു്. രണ്ടു കക്ഷികളും ഈ അപ കടങ്ങൾ മനസ്സിലാക്കി ഒരുമിച്ചുകൂടി ഒരു പോംവഴി കണ്ടുപിടി ക്കാൻ ശ്രമിച്ചു. എന്നാൽ ഈ വിഷമ പ്രശ്നങ്ങളെല്ലാം പരിഹരി ക്കുക എളുപ്പമായ ഒരു സംഗതിയായിരുന്നില്ല. എന്നിരുന്നാലും ഉട നടിയുള്ള പ്രശ്നങ്ങൾക്കു ഉടനടി പോംവഴി കണ്ടുപിടിക്കപ്പെട്ടു. അതൊരു പൂർണ്ണമായ പരിഹാരമായിരുന്നില്ല. എന്നാലും യുദ്ധത്തി ന്റെ വിളുമ്പിൽനിന്നു മാറിപ്പോരാൻ തക്ക ഒരു വലിയ നടപടിത ന്നെയായിരുന്നു അതു്. യുദ്ധം വേണമെന്നു കൊതിച്ച ചിലർ ഇ തിൽ ഖേദിച്ചു എന്നുള്ളതാണ് വിചിത്രമായ സംഗതി. ഇൻഡ്യയി ലും പാക്കിസ്ഥാനിലുമുള്ള ആളുകൾ എതായാലും ആശ്വാസപൂർവ്വം നി ശ്വസിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം ഞാൻ കറാച്ചിയിൽപോ യി. അവിടത്തെ ഗവർമ്മെന്റു എന്നെ സ്വാഗതം ചെയ്തു. ഗവർമ്മ ണ്ടുകൾ തീച്ചയായും അതിഥികളെ സ്വാഗതം ചെയ്യണം. എന്നാൽ എന്നെ ആകർഷിച്ചതു അതല്ല. എന്റെ നേരെ പ്രത്യേകമായ സ്നേ ഹമോ ബഹുമാനമോ ഇല്ലാത്ത ജനക്കൂട്ടം എന്നെ സ്വാഗതം ചെയ്യുന്ന തിനായി തെരുവുകളിൽ നിറഞ്ഞുനിന്നു. അതെന്തുകൊണ്ടാണ്? വ്യ ക്തിപരമായ ഒന്നും അതിലില്ല. ഗുരുതരമായ പരിതഃസ്ഥിതി കളിൽനിന്നു അവർക്കുണ്ടായ ആശ്വാസമാണ് അവർക്കു പ്രേരണ നൽകി

യതു്. കിഴക്കെ പാക്കിസ്ഥാനിലെ ന്യൂനപക്ഷങ്ങളുടെ മനസ്സിൽ ആശ്വാസമുണ്ടായി, ഇൻഡ്യയിലെ ന്യൂനപക്ഷങ്ങളുടെ മനസ്സിൽ ആശ്വാസമുണ്ടായി. അതുതന്നെ ഒരു വലിയ നേട്ടമായിരുന്നു. തന്നെയല്ല, നാം പ്രശ്നത്തിനു പരിഹാരമുണ്ടാക്കിയാലും ഇല്ലെങ്കിലും ജനങ്ങൾക്കു സഞ്ചരിക്കാൻ നാം എളുപ്പമുണ്ടാക്കി. ഇൻഡ്യയിൽനിന്നും പാക്കിസ്ഥാനിലേക്കും പാക്കിസ്ഥാനിൽനിന്നു ഇൻഡ്യയിലേക്കും അത്യാവശ്യമുള്ളപക്ഷം ആളുകൾക്കു നിയമപരമായ സൗകര്യങ്ങളുമായി സഞ്ചരിക്കുന്നതിനു എളുപ്പമുണ്ടാക്കി. അതൊരു വമ്പിച്ച നേട്ടമായിരുന്നു. ആകരാറിന്റെ ഫലമായി മറ്റൊന്നും ഉണ്ടായില്ലെങ്കിൽത്തന്നെയും ഈ നേട്ടം ആ കരാറിനെ നീതീകരിക്കുന്നതായി ഞാൻ കരുതുന്നു.

എല്ലാം ശരിയായി മുന്നോട്ടു പോകുന്നു എന്നും കുഴപ്പമൊന്നുമുണ്ടായിട്ടില്ലെന്നും വരുത്താൻ ഞാൻ ശ്രമിക്കുകയല്ല. പല ഗർഹണീയങ്ങളായ സംഭവങ്ങളും നടന്നു. പലതും നമ്മെ വേദനിപ്പിക്കുകയുണ്ടായി. ധാരാളം ആളുകൾ രാജ്യം വിട്ടുപോകുന്നുണ്ടു്. വിട്ടുപോയവർ തിരിച്ചുവരികയും ചെയ്യുന്നുണ്ടു്. അതുകൊണ്ടു നാം വളരെ സൂക്ഷിച്ചിരിക്കണം. ഞാൻ കഠിനമായി വെറുക്കുന്ന പല സംഗതികളുമുണ്ടു്. എന്നാൽ അതുകൊണ്ടുനോക്കിയാൽ ഏപ്രിൽ മാസത്തിലുണ്ടാക്കിയ ഈ ഉടമ്പടി ജനങ്ങൾക്കു രക്ഷനൽകുന്ന കാര്യത്തിൽ ഗണ്യമായ ഫലം ഉളവാക്കിയിട്ടുണ്ടു്. ഈ ഉടമ്പടിക്കെതിരായി ചില ആളുകളും ചില പത്രങ്ങളും—ഇവിടെയല്ല—പ്രചരണം നടത്തുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ഈ കരാർ പരാജയപ്പെട്ട എന്നു മന്ത്രം ജപിക്കുംപോലെ അവർ ആവർത്തിച്ചു പറയുന്നു. തങ്ങൾക്കു പരാജയമുണ്ടായി എന്നു ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടു നടക്കുന്നവരുടെ മനഃസ്ഥിതി എനിക്കു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നു. ധീരന്മാർ സാധാരണ പരാജയത്തിനെതിരായി സമരംചെയ്തു അതിനെ വിജയമാക്കുവാൻ ശ്രമിക്കും. എന്നാൽ ഓരോ വിജയത്തേയും പരാജയമാക്കുവാൻ പണിപ്പെടുന്ന ചിലർ നമ്മുടെയിടയിലുണ്ടു്. അതു വിചിത്രമായ ഒരു മനോഗതിയാണു്. എന്നാൽ ഒരുകാര്യം തീർച്ചയാണു്. ആരുടെയെങ്കിലും കുറ്റംകൊണ്ടു, പാക്കിസ്ഥാന്റെയോ, നമ്മുടെയോ, കുറ്റംകൊണ്ടോ രണ്ടുപേരുടെയും കുറ്റംകൊണ്ടോ, ഈ കരാർ നിഃശ്ശേഷം പരാജയപ്പെട്ടുകയാണെങ്കിൽ അപകടമുണ്ടു്. ഇൻഡ്യക്കും പാക്കിസ്ഥാനും അപകടമുണ്ടു്. ആ അപകടം എളുപ്പം ഇല്ലാതാകുന്നതുമല്ല. ജനങ്ങളുടെ വികാരങ്ങളെ ഇളക്കത്തക്ക സംഭവങ്ങളുണ്ടായി എന്നു എനിക്കറിയാം. ഡൽഹി നഗരത്തിലും പഞ്ചാബിലും ഈ വിപത്തുകൾ മൂന്നുകൊല്ലംമുമ്പു് ഞാൻ നേരിട്ടുകണ്ടിട്ടുള്ളതാണു്. ആ മാതിരിയുള്ള സംഭവങ്ങൾ കാണേണ്ടിവരുമെന്നു ഒരിക്കലും ഞാൻ കരുതിയിട്ടില്ല. അന്നു ഞാൻ കണ്ടതുപോലെ ക്രൂരമൃഗങ്ങളായി രൂപാന്തരപ്പെടാൻ മനുഷ്യർക്കു കഴിയുമെന്നു് ഒരിക്കലും ചിന്തിക്കുവാൻ എനിക്കു കഴിയുമായിരുന്നില്ല. എന്നാൽ നാം കുറ്റമറ്റവരാണെന്നുള്ള ഭാവത്തിൽ മറ്റുള്ളവരുടെ ദോഷങ്ങൾ ചുണ്ടിക്കാണിക്കാൻ ശ്രമിക്കരുതു്. മറ്റുള്ളവർ നിസ്സംശയമായും വലിയകുറ്റങ്ങൾ ചെയ്തിട്ടുണ്ടു്. എന്നാൽ നാം കുറ്റത്തിനതീതരായിരുന്നിട്ടില്ല. അതിനാൽ ജനങ്ങളുടെ വികാരങ്ങൾ ഇളകുന്നതു് സ്വാഭാവികമാണു്. എന്നാൽ ഒരു രാഷ്ട്രത്തിന്റെ കാര്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ വികാരത്തിനധീനരായി പ്രവർത്തിക്കാവുന്നതല്ല. നാം നല്ലവണ്ണം, ശാന്തമായും വ്യക്തമായും ആലോചിച്ചു ഖണ്ഡിതമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു. അതിനാൽ നമ്മുടെ രാജ്യത്തിന്റെ ആത്മാഭിമാനത്തിനു ക്ഷതം തട്ടാതെയും നമ്മുടെ രക്ഷയ്ക്കു് ഉലച്ചിലുണ്ടാകാതെയും സൂക്ഷിക്കുന്നതോടൊപ്പം നാം ഏതു തത്വങ്ങൾക്കുവേണ്ടി നിലകൊള്ളുന്നുവോ ആ തത്വങ്ങളെ സംരക്ഷിക്കേണ്ടതും നമ്മുടെ മുമ്പിലുള്ള കടമയാണു്. നമ്മുടെ സൗഹാർദ്ദം അനുസ്യൂതീകരിക്കുവാൻ ആർക്കു ഇഷ്ടമുണ്ടോ അവർക്കായി നീട്ടുന്നു. അതു് ലോകത്തിനു പൊതുവെ ആവാലും കൊള്ളാം, പാക്കിസ്ഥാനായാലും കൊള്ളാം. നാം ബ്രിട്ടീഷ് ഗവൺമെണ്ടിനെതിരായി സമരം ചെയ്തപ്പോഴും ബ്രിട്ടീഷുകാരുടെ നേരെ യാതൊരു ശത്രുതയും കാണിക്കരുതെന്നാണു മഹാ

ത്മാഗാന്ധി നമ്മോടാവശ്യപ്പെട്ടതു്. നാം സ്വതന്ത്രരായി ബ്രിട്ടീഷു സാമ്രാജ്യത്തിനു പുറത്തിറങ്ങുമെങ്കിലും ബ്രിട്ടിഷുകാരുടെ നേരെ നമുക്കു പ്രത്യേകമായ വിരോധമൊന്നുമില്ല. പല കാര്യങ്ങളിലും നാം അവരുമായി സ്നേഹപൂർവ്വം സഹകരിച്ചു പ്രവർത്തിക്കുന്നു. അതുപോലെതന്നെ ഈ രാജ്യത്തു ഭാവിമത്സരങ്ങളുടെ വിത്തു വിതയ്ക്കാതിരിക്കുവാൻ നാം സൂക്ഷിക്കണം.

പാക്കിസ്ഥാൻ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. അതിന്റെ സ്ഥാപനം ഇന്ത്യയേയും പാക്കിസ്ഥാനെയും ഭയങ്കരമായി ക്ഷതപ്പെടുത്തി. തുടച്ചയായ വഴക്കുകളും വിദ്വേഷവും ഉണ്ടായാൽ അതിന്റെ ഞെട്ടലിൽനിന്നു നമുക്കു ഒരിക്കലും മുക്തി ലഭിക്കുന്നതല്ല. എന്നാൽ ഗാന്ധിജിയുടെ മാർഗ്ഗത്തിലൂടെ അതിനെ സമീപിച്ചാൽ അതിൽ നിന്നു നാം രക്ഷപ്രാപിക്കും. അതിന്റെ വേദനതന്നെ നമുക്കു അനുഭവപ്പെടാതിരിക്കും. അതു ഓർമ്മിച്ചുകൊള്ളുക. ഗാന്ധിജി ഭർ ബലനായിരുന്നില്ല. തെറ്റായ യാതൊന്നിനും അദ്ദേഹം ഒരിക്കലും കീഴടങ്ങിയിട്ടില്ല. താൻ വിശ്വസിച്ച തത്വങ്ങളിൽ അദ്ദേഹം പാറപോലെ ഉറച്ചുനിന്നു. എന്നാൽ അദ്ദേഹം ഉദ്ദേശ്യത്തിലും പ്രവൃത്തിയിലും ഉറച്ചുനിൽക്കുമ്പോഴും സ്നേഹപൂർണ്ണമായി പെരുമാറി. അദ്ദേഹത്തിന്റെ ഉദ്ധതത്തെ ഒരിക്കലും കോപമോ വിദ്വേഷമോ ആയി രൂപാന്തരപ്പെടുത്തിയില്ല. അതാണു് അനുകരണീയമായ മാർഗ്ഗം.

ഈയിടെ ക്യാബിനറ്റിൽനിന്നും രാജിവച്ച എന്റെ സഹപ്രവർത്തകൻ ഡാ: ശ്യാമപ്രസാദ് മുഖർജി ഇന്നലെ കൽക്കട്ടയിൽവച്ചു ചെയ്ത ഒരു പ്രസംഗമദ്ധ്യേ ഈ കരാറിനേയും അതിന്റെ ഭവിഷ്യത്തുകളെയും വിമർശിക്കയുണ്ടായി. മറ്റു പല സംഗതികളും അദ്ദേഹം പറഞ്ഞു. എന്നാൽ അപ്രകാരമുള്ള പ്രശ്നങ്ങളെപ്പറ്റി ഒരു വാദപ്രതിവാദത്തിൽ ഏർപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അവ തത്വത്തിന്മേൽ നേരിടേണ്ടതാണു്. ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെയും മഹാത്മാ ഗാന്ധിയുടേയും പാരമ്പര്യത്തിലാണ് ഞാൻ വളർന്നിട്ടുള്ളതു്. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഡാ: മുഖർജിക്കു അതിൽനിന്നു തികച്ചും ഭിന്നമായ ഹിന്ദുമഹാസഭയുമായി ബന്ധപ്പെട്ട പാരമ്പര്യമാണുള്ളതു്. ഹിന്ദുമഹാസഭ വർഗ്ഗീയ സംഘടനയാണു്. അതിന്റെ ലക്ഷ്യം തികച്ചും വർഗ്ഗീയവുമാണു്. അതിന്റെ പ്രവർത്തനത്തിൽ കടുത്ത ഹിന്ദു വർഗ്ഗീയതയാണു കാണുന്നതു്. അതിനാൽ വിഭിന്ന പശ്ചാത്തലങ്ങളിൽ കഴിയുന്ന ഞങ്ങൾ ഈ സംഭവങ്ങളെ ഭിന്നരൂപത്തിൽ അഭിമുഖീകരിക്കുക സ്വാഭാവികമാണു്. ഇതിനപ്പുറം ഈ വിവാദത്തിൽ കടക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. മഹാത്മാ ഗാന്ധിയും കോൺഗ്രസ്സും നിർദ്ദേശിച്ചമാർഗ്ഗം അവലംബിക്കണമോ ഹിന്ദുമഹാസഭയെപ്പോലുള്ള വർഗ്ഗീയസംഘടനകൾ നിർദ്ദേശിച്ച മാർഗ്ഗം അവലംബിക്കണമോ എന്നു നിശ്ചയിക്കേണ്ടതു് ജനങ്ങളാണു്. ഇതായിരുന്നു പ്രധാനമായും ഞങ്ങൾ തമ്മിൽ ഉണ്ടായ ഭിന്നത. ഡാ: മുഖർജിയുടെ കഴിവുകളെ ഞാൻ ബഹുമാനിക്കുന്നു. അദ്ദേഹം രാജ്യത്തെ സ്നേഹിക്കുന്നു എന്നും രാജ്യസേവനമാണു് അദ്ദേഹത്തിന്റെ അഭിവാഞ്ഛയെന്നും ഉള്ളതിൽ സംശയമില്ല. എന്നാൽ അതുകൊണ്ടുമാത്രം ഞാൻ തൃപ്തിപ്പെടുന്നില്ല. രാജ്യത്തെ സ്നേഹിക്കയും രാജ്യസേവനത്തിനഭിലഷിക്കയും ചെയ്യുന്നതോടൊപ്പം തെറ്റായ മാർഗ്ഗത്തിൽ സഞ്ചരിക്കുന്ന ആളുകളുണ്ടു്. എന്റെ സകല ശക്തികളും കഴിവുകളും ഉപയോഗിച്ചു് അവരെ എതിർക്കുക എന്റെ കർത്തവ്യമാണു്. വർഗ്ഗീയതത്തെ സംബന്ധിച്ചിടത്തോളം അതോടുള്ള യാതൊരു ദാക്ഷിണ്യവും കാണിക്കുവാൻ എനിക്കു സാദ്ധ്യമല്ല. അതു എവിടെ തല ഉയർത്തിയാലും അങ്ങു അറ്റംവരെ ഞാൻ എതിർക്കും, വ്യക്തിപരമായ തത്വത്തിന്മേലല്ല—അതു ഇൻഡ്യയുടെ ഭാവിയേയും ശക്തിയേയും ക്ഷേമത്തേയും സാരമായി ബാധിക്കുന്നതുകൊണ്ടു്. നാം ബാഹ്യവും ആഭ്യന്തരവുമായ കലഹങ്ങളുടെ നടുവിൽ ചാടുവാൻ ഉദ്ദേശിക്കുന്നോ, അതോ ഒരു നവഭാരതത്തിന്റെ സൃഷ്ടിക്കായി പ്രയത്നിക്കാൻ ഉദ്ദേശിക്കുന്നോ? സ്വാതന്ത്ര്യസമരം എത്രമാത്രം ക്ലേശപൂർണ്ണമാ

യിരുന്ന എന്നെ ഒരുപക്ഷേ നിങ്ങളുടെ കൂട്ടത്തിൽ പെടുപ്പിക്കാരായുള്ളവർ മനസ്സിലാക്കിയില്ലെന്നുവരാം. എന്നാൽ ലോകത്തിനറിയാം. അതു ഒരു ഭീമയത്നമായിരുന്നു. അതു ഭീമയത്നമായിരുന്നു എന്നു മാത്രമല്ല മഹത്തായ മാർഗ്ഗത്തിൽകൂടിയാണു നാം സ്വാതന്ത്ര്യം സമ്പാദിച്ചതെന്നും ലോകത്തിനു ബോദ്ധ്യം വന്നിട്ടുണ്ട്. ഇനി അതിലും വലിയ കൃത്യമാണു് നമ്മുടെ മുമ്പിലുള്ളതു്. അതായതു്, ഇൻഡ്യയെ നൂതനമായി സൃഷ്ടിക്കുന്ന കൃത്യം. അതു് സ്വാതന്ത്ര്യ സമ്പാദനത്തെക്കാൾ വലുതായ ഭീമയത്നമാണു്. അതിനു നമ്മുടെ ഒന്നടങ്കം ശക്തിയും പ്രയത്നവും ആവശ്യമാണു്. ഇൻഡ്യയുടെ സൃഷ്ടിയെപ്പറ്റി പറയുമ്പോൾ, നാം സ്വാതന്ത്ര്യ സമരത്തിനു പുറപ്പെട്ടപ്പോഴുണ്ടായതുപോലെയുള്ള ചിന്തയാണു ചിലർക്കുണ്ടാകുന്നതു്—ഞാൻ എന്റെ സകലഭാവിയും ബലികഴിക്കണമെന്നോ? എന്താണു ആ ചോദ്യത്തിന്റെ അർത്ഥം. ആ ചോദ്യത്തിനു ഉത്തരം പറയുക വിഷമമാണു്. എന്തെന്നാൽ ജീവിതത്തെസംബന്ധിച്ചിടത്തോളം ആളുകൾ ഭിന്നങ്ങളായ മാനദണ്ഡങ്ങളും മൂല്യങ്ങളുമാണു് കല്പിക്കുന്നതു്. ഒരു കാര്യം ഞാൻ പറയാം. പല ആളുകളും അവരുടെ അജ്ഞതമൂലം എന്റെ കഴുത്തിൽ ഹാരങ്ങൾ അണിയിച്ചുകൊണ്ടു സ്തുതിഗീതം പാടുകയും എന്റെ ത്യാഗങ്ങളെപ്പറ്റി പറയുകയും ചെയ്യുന്നുണ്ടു്. അതു വെറും അസംബന്ധമാണു്. എന്തെന്നാൽ ഞാൻ യാതൊന്നും ബലികഴിച്ചിട്ടില്ല. എന്റെ പ്രവർത്തനങ്ങൾമൂലം എനിക്കു വലുതായ ലാഭമാണുണ്ടായിട്ടുള്ളതു്. മറ്റൊന്നുമില്ലെങ്കിൽതന്നെയും ഈ രാജ്യത്തുള്ള അനേകലക്ഷം ജനങ്ങളുടെ സ്നേഹവിശ്വാസങ്ങൾ ആർജ്ജിക്കുന്നതിനു എനിക്കു കഴിഞ്ഞിട്ടുണ്ടു്. അതിനെക്കാൾ വലിയ ഒരു ലാഭമുണ്ടാകാനില്ല.

കഠിനമായി അദ്ധ്വാനിക്കണം

അപരിമിതമായ വിവേശക്തിയാൽ അനുഗൃഹീതമായ ഒരു രാജ്യമാണു് നമുടേതു്. പുരാതനമായ പാരമ്പര്യവും സംസ്കാരവും അളവറ്റ പ്രകൃതിവിഭവങ്ങളും, ശാരീരികമായും മാനസികമായും നല്ല കഴിവും സാമർത്ഥ്യവുമുള്ള ആളുകളും, ഇവയെല്ലാം നമുക്കുണ്ടു്. പിന്നെ എന്തിന്റെ കുറവാണു നമുക്കുള്ളതു്? എന്തുകൊണ്ടു് നാം ഇതൊന്നും പ്രയോജനപ്പെടുത്തിയില്ല. നിശ്ചയമായും നാം പ്രയോജനപ്പെടുത്താതിരിക്കുകയില്ല. എന്നാൽ എന്തുകൊണ്ടു നാം വേഗം അതു് ചെയ്തില്ല, നമ്മളിൽ ചിലർ സംഗതികളെ തെറ്റായ മാർഗ്ഗത്തിൽ സമീപിച്ചു സമയം വൃഥാ കളഞ്ഞതുകൊണ്ടു്. നാം ശിക്ഷണമില്ലാത്ത മടിയന്മാരാണു്. ഏഷ്യയിൽ എവിടെയെങ്കിലും പോയിനോക്കുക. കഠിനമായി അദ്ധ്വാനിക്കുന്ന ജനങ്ങളെ നിങ്ങൾക്കു കാണാം. ഭാരതം കെട്ടി ഉയർത്തണമെങ്കിൽ നിങ്ങൾ കഠിനമായി അദ്ധ്വാനിക്കണം. അതുകൊണ്ടാണു മഹാത്മാ ഗാന്ധി പ്രയത്നത്തിനു പ്രാധാന്യം നൽകിയതു്. ഗാന്ധിജി എന്തെല്ലാം ഉപദേശിച്ചിട്ടും പാടത്തും ഫാക്ടറിയിലും പണിയെടുക്കുന്നതിനെക്കാൾ ഭേദം ഉദ്യോഗസ്ഥനായിരിക്കയാണെന്നു ജനങ്ങൾ കരുതുന്നതായി തോന്നുന്നു. ശരീരംകൊണ്ടുള്ള അദ്ധ്വാനം കുറച്ചിലാണെന്നു് അവർ കരുതുന്നു. ഈ വിചാരം തലയിൽനിന്നു പോകാതെ നിങ്ങൾക്കു മുന്നോട്ടു പോകാൻ സാദ്ധ്യമല്ല. നിങ്ങൾ ബോംബെയിലോ, കല്ക്കട്ടയിലോ പോവുക. ഹൗറായിലെ ഒരു റെയിൽവേ പോർട്ടർക്കു നഗരത്തിലുള്ള ഒരു ബിരുദധാരിക്കുള്ള വരുമാനത്തിന്റെ നാലിരട്ടി വരുമാനമുണ്ടെന്നു കാണാം. എന്നാൽ കൈയിൽ എന്തെങ്കിലും തൊട്ടുകൊണ്ടു വഹിക്കുകയോ ചെയ്യുന്നതു കുറച്ചിലാണെന്നാണു് ബി.എ.ക്കാരും എം.എ.ക്കാരും കരുതുന്നതു്. പേന എടുത്താൽ പെരിയ ആളായി എന്നാണു് അവർ കരുതുന്നതു്. അതു തികച്ചും അസംബന്ധം. വേലയുടെ മഹത്വം നിങ്ങൾ മനസ്സിലാക്കണം. ഇതു സോഷ്യലിസ്റ്റിന്റെ സിദ്ധാന്തമോ കമ്മ്യൂണിസ്റ്റിന്റെ സിദ്ധാന്തമോ അല്ല. വലിയ മുതലാളിമാരുടെ രാജ്യമായ അമേരിക്കയിൽ പോയാൽ നിങ്ങൾക്കു കാണാം അവിടെ വേലയ്ക്കു് എന്തു മഹത്വം കല്പിക്കപ്പെട്ടുന്നു എന്നു്. ഒരു പണക്കാരന്റെ മകൻ തൊഴിലാളികളോടുകൂടിയാൽ അയാൾ കൂടു

തൽ ബഹുമാനിക്കപ്പെടുന്നു. അനായാസേന ജീവിതം നയിച്ചാൽ അയാളെ ബഹുമാനിക്കുന്നതല്ല. തിരുവിതാംകൂർ–കൊച്ചി അസംബ്ലി ബിരുദധാരികളെ സൃഷ്ടിക്കുന്നുണ്ട്. നിങ്ങൾ എന്തുചെയ്യാൻ പോകുന്നു? നമ്മുടെ സാമൂഹ്യഘടനയുടെ തകരാറുകൊണ്ടാണ് നാം കഷ്ടത അനുഭവിക്കുന്നത്. ജോലിയും ധനവും ഉണ്ടാകണമെങ്കിൽ അതു മാറണം. സാമൂഹ്യഘടന മാറ്റാൻ ഒരു വ്യക്തിക്കു സാധ്യമല്ല. എന്നാൽ അയാളുടെ തലയിൽനിന്നു ചില ധാരണകൾ മാറ്റുവാൻ കഴിയും. വേലചെയ്യുന്നതു കുറച്ചിലാണെന്നും ശമ്പളം എത്രയുണ്ടെങ്കിലും ഒരു ആഫീസിൽ ഇരുന്നു ജോലിചെയ്യുന്നതു് ഒരു വലിയ കാര്യമാണെന്നും ഉള്ള ധാരണ പോകണം. യാതൊരു ജോലിയും ചെയ്യാതെ മറ്റുള്ളവരെക്കൊണ്ടു വേലചെയ്യിച്ചു ജീവിതം നയിക്കുന്നവനാണ് സമുദായത്തിൽ ഏറ്റവും ഉന്നതസ്ഥാനിയെന്നുള്ളതു ഇടപ്രഭുക്കന്മാരുടെകാലത്തെ ചിന്താഗതിയാണ്. ഈ ചിന്താഗതി നാം കൈവെടിയണം.

അതിനാൽ നിങ്ങളുടെ കാനാഖ്യാനത്തെ ആശ്രയിച്ചാണ് ഭാവിഭാരതസൃഷ്ടി നിലകൊള്ളുന്നതെന്നു നിങ്ങൾ കരുതുക. ഞങ്ങൾ ഇൻഡ്യാക്കാരാണ്, ഇൻഡ്യാക്കാരെന്നു പറയുന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു, എന്നായിരിക്കണം നിങ്ങളുടെ ചിന്താഗതി. നിങ്ങൾ തിരുവിതാംകൂറുകാരെന്നോ കൊച്ചീക്കാരെന്നോ ഉള്ള വസ്തുത വിസ്മരിക്കേണ്ടതില്ല. അതിൽ അഭിമാനം കൊള്ളുക. എന്നാൽ ഇൻഡ്യാക്കാരെന്നും ഇൻഡ്യക്കുവേണ്ടി പ്രയത്നിച്ച് ഇൻഡ്യയുടെ ഭാവി സംവിധാനംചെയ്യേണ്ടതു ഞങ്ങളുടെ അഭിമാനകരമായ കൃത്യമാണെന്നും ഉള്ള ചിന്ത എപ്പോഴും ഉണ്ടായിരിക്കണം. അതു നിങ്ങൾക്കുണ്ടായാൽ അതനുസരിച്ച് ആത്മാർത്ഥമായി പ്രവർത്തിച്ചാൽ അതിന്റെ ഫലം വളരെ വേഗം സിദ്ധിക്കുമെന്നും അതു ലോകത്തെ വിസ്മയിപ്പിക്കുമെന്നും എനിക്കു വിശ്വാസമുണ്ട്.

ജയ് ഹിന്ദ്!


ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രധാനമന്ത്രി വീണ്ടും കുളത്തെ പൊതുയോഗത്തിൽ

"ചേതോഹരമായ ഈ പ്രദേശം ഞാൻ ആദ്യമായിട്ടാണ് സന്ദർശിക്കുന്നതു്. പ്രകൃതി ഇതു ഉദാരമായി അനുഗ്രഹിച്ചിട്ടുള്ള പ്രദേശങ്ങൾ വളരെ വിരളമാണ്. പ്രകൃതിസൗന്ദര്യത്തെ ആസ്പദമാക്കി നോക്കിയാൽ ഇതു് ഭൂമിയിലെ സ്വർഗ്ഗമാണ്. ഈ പ്രദേശത്തെ അധിവസിക്കുന്ന നിങ്ങൾ ഭാഗ്യശാലികളാണ്. പ്രകൃതിയുടെ അനുഗ്രഹം കിട്ടിക്കൊണ്ടിരിക്കുന്നവർക്കു അതു എപ്പോഴും തോന്നിയെന്നു വരികയില്ല. ഈ അനുഗ്രഹത്തിന്റെ യഥാർത്ഥ വില മനസ്സിലാക്കുന്നതു പുറമെനിന്നും വരുന്നവരാണ്."

എന്നിങ്ങനെയാണ് ബഹുമാനപ്പെട്ട ഇന്ത്യാ ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ വല്ലഭായി പട്ടേൽ ഏറണാകുളം കോളേജ് മൈതാനത്തു വെച്ചു ഫൻ ഫെയർ മേയ് ഫ്ലവർ ഓണം മണിക്കു് കൂടിയ മഹായോഗത്തെ അഭിമുഖീകരിച്ചുകൊണ്ടു പ്രസംഗിച്ചതു്. തന്റെ സന്ദർശനോദ്ദേശത്തെപ്പറ്റിയുള്ള ഊഹാപോഹങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടു അദ്ദേഹം ഇങ്ങനെ തുടർന്നു.—

"തിരുവിതാംകൂർ—കൊച്ചി സംയോജനസമയത്തു സന്നിഹിതനായിരുന്നു കർമ്മം നിർവ്വഹിക്കാമെന്നു് രാജപ്രമുഖൻ തിരുമനസ്സിനോടും മന്ത്രിമാരോടും കൊച്ചി മഹാരാജാവു തിരുമനസ്സിനോടും ഞാൻ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ നിർഭാഗ്യവശാൽ എന്റെ ആരോഗ്യസ്ഥിതി അതിനനുവദിച്ചില്ല. ഡാക്ടർമാർ എനിക്കു നിരോധനാജ്ഞ നൽകി. അതിനാൽ ക്ഷമിക്കണമെന്നു ഞാനാവശ്യപ്പെടുകയും പിന്നിട്ടു് ഇവിടെ സന്ദർശിക്കാമെന്ന വ്യവസ്ഥയിന്മേൽ എനിക്കു സദയം മാപ്പു നൽകുകയും ചെയ്തു. അന്നത്തെ വാഗ്ദത്തം പരിപാലിക്കേണ്ട കർത്തവ്യം എന്റെ ചുമലിൽ ശേഷിച്ചു. ഇവിടം സന്ദർശിക്കുവാൻ എന്നെ പ്രേരിപ്പിച്ച മറ്റൊരു സംഗതിയുണ്ടു്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പുരോഗതി പ്രാപിച്ചിട്ടുള്ള കൊച്ചി, തിരുവിതാംകൂർ, മൈസൂർ എന്നീ സംസ്ഥാനങ്ങളെപ്പറ്റി ഞാൻ വളരെയൊക്കെ കേട്ടിട്ടുണ്ടു്. ഞാൻ പലതവണ മൈസൂർ സന്ദർശിച്ചിട്ടുണ്ടു്. അവരുടെ വിഷമകാലത്തു ഞാൻ അവരുടെ കഷ്ടപ്പാടുകളിൽ പങ്കുവഹിച്ചിട്ടുണ്ടു്. അവരുടെ സന്തോഷങ്ങളിലും അതുപോലെതന്നെ ഞാൻ പങ്കുവഹിച്ചു. വിദൂരത്തുനിന്നുകൊണ്ടു് തിരുവിതാംകൂറിലേയും കൊച്ചിയിലേയും ദേശീയപ്രസ്ഥാനങ്ങളുമായി ഞാൻ സമ്പർക്കം പുലർത്തിയിരുന്നുവെങ്കിലും ഈ സംസ്ഥാനങ്ങൾ സന്ദർശിക്കുവാൻ എനിക്കു കഴിഞ്ഞിട്ടില്ല.


നിങ്ങളുടെ സ്വന്തം ഭാഷയിൽ സംസാരിച്ചാൽ കൊള്ളാമെന്നു എനിക്കു ആഗ്രഹമുണ്ടു്. എന്നാൽ നിർഭാഗ്യവശാൽ അതിനെനിക്കു നിവൃത്തിയില്ല. ഭാഷ ആശയവിനിമയത്തിനുള്ള ഉപാധിയാണു്. എന്നാൽ അതുതന്നെയാണു് എനിക്കും നിങ്ങൾക്കും മദ്ധ്യേയുള്ള ബാഹ്യമായ പ്രതിബന്ധം. ഒരുപക്ഷെ വിദേശഭാഷ സംസാരിക്കുന്നവർ ഏറ്റവും കൂടുതലുള്ളതു് ദക്ഷിണേന്ത്യയിലാണു്. അതുകൊണ്ടു നമ്മുടെ അടിമത്വകാലത്തെ ഭാഷ പതിനഞ്ചു കൊല്ലങ്ങളിലേക്കുകൂടി സർക്കാർ ഭാഷയായി വച്ചേക്കുന്നതിനു ഭരണഘടനയിൽ വ്യവസ്ഥചെയ്തുകൊണ്ടു് ദക്ഷിണേന്ത്യയിലെ ജനങ്ങളോടു് ഒരു സൗജന്യം



ബോംഗാട്ടി കൊട്ടാരത്തിൽ

(ഫോട്ടോ—റോയൽ സ്റ്റുഡിയോ, എറണാകുളം.)

ബോംഗാട്ടി കൊട്ടാരത്തിൽ വന്നുചേർന്ന ബഹു. ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ വല്ലഭായി പട്ടേലിനെ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു സ്വീകരിക്കുന്നതു്. കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു്, ശ്രീ. വി. പി. മേനോൻ ബഹു. സർദാർ വല്ലഭായി പട്ടേൽ, മിസ്സിസ്സ് ശങ്കർ, മിസ്സ് ശങ്കർ, കമ്മൊഡാർ എച്ചു്. സി. എല്ലിസൺ എന്നിവരേയും ഈ ചിത്രത്തിൽ കാണാം.



എറണാകുളത്തെ പൊതുയോഗത്തിൽ

(ഫോട്ടോ—റോയൽ സ്റ്റുഡിയോ, എറണാകുളം.)

ഫെബ്രുവരി മേയ് മാസം വൈകുന്നേരം എറണാകുളം മഹാരാജാസ് കോളേജ് മൈതാനത്തിൽ കൂടിയ ഒരു വമ്പിച്ച പൊതുയോഗത്തിൽ ബഹു. സർദാർ വല്ലഭായി പട്ടേൽ പ്രസംഗിച്ചു. ശ്രീ. വി. പി. മേനോൻ, ബഹു. സർദാർ വല്ലഭായി പട്ടേൽ, രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് എന്നിവരാണ് പ്ലാറ്റ്ഫാറത്തിൽ ഇരിക്കുന്നത്.

കാണിച്ചിരിക്കുകയാണ്. അതുകൊണ്ട് ഞാൻ വിദേശഭാഷയിൽ സംസാരിക്കുന്നതു ക്ഷമിക്കണം. ഇൻഡ്യയിലെങ്ങുമുള്ള ജനങ്ങളോടു് അവർ മനസ്സിലാക്കുന്ന ഭാഷയിൽ സംസാരിച്ചു പരിചയിക്കുകയാണു ഞാൻ ചെയ്തിട്ടുള്ളതു്. ഭാഷയുടെ പ്രതിബന്ധംമൂലം എന്റെ ഹൃദയാന്തർഭാഗത്തുണ്ടാകുന്ന വിചാരങ്ങൾ അതുപോലെ നിങ്ങളെ അറിയിക്കുക പ്രയാസമാണു്. നിങ്ങൾ ക്ഷമിക്കണം.

കൊച്ചി മഹാരാജാവു് തിരുമനസ്സിലേക്കു ഇപ്പോൾ പ്രാർത്ഥന സമയമാകയാൽ ഈ യോഗത്തിൽ സന്നിഹിതനാകാതിരിക്കുകയാണു്. അദ്ദേഹത്തിന്റെ പ്രാർത്ഥനക്കു വിഘ്നമുണ്ടാക്കുന്നതു് എനിക്കിഷ്ടമല്ല. അദ്ദേഹം സന്നിഹിതനല്ലെങ്കിലും അദ്ദേഹത്തിന്റെ ഹൃദയം ഇവിടെ ഉണ്ടു്. അദ്ദേഹത്തോടൊരാജപ്രമുഖൻ തിരുമനസ്സിനോടൊ എനിക്കൊന്നും പറയാനില്ല. എനിക്കു പറയുവാനുള്ളതു നിങ്ങളോടാണു്, രാജാക്കന്മാരോടല്ല. എന്തെന്നാൽ അവർ അവരുടെ കർത്തവ്യങ്ങൾ നിറവേറിക്കഴിഞ്ഞു. സ്വാംസ്ഥാനിക ഭരണകാര്യങ്ങളിൽ അവർ ഇടപെടുകയില്ല. എന്നാൽ നിങ്ങളുടെയെല്ലാം ക്ഷേമത്തെ അവർ സൂക്ഷ്മമായും അനുഭാവത്തോടുകൂടിയും വീക്ഷിച്ചുകൊണ്ടിരിക്കും. നിങ്ങൾക്കു അവരുടെ അനുഗ്രഹമുണ്ടു്. അതൊരു വലിയ കാര്യമാണു്. ഇന്ത്യയുടെ ഭൂപടത്തിൽ ഇത്ര വലിയ മാറ്റമുണ്ടാകുമെന്നു വിദേശശക്തി അധികാരം കൈമാറ്റം ചെയ്യുന്നതിനുമുൻപു് ആരെങ്കിലും കരുതിയിട്ടുണ്ടാകുമോ? അതൊരു മഹാകാര്യമാണു്. ഇപ്പോഴത്തെ തലമുറ അതു ശരിക്കു മനസ്സിലാക്കിയില്ലെന്നുവരാം. എന്നാൽ ഭാവിചരിത്രകാരന്മാർ അതു മഹാകാര്യമായി രേഖപ്പെടുത്തും. ഏറ്റവും പരിമിതമായ പ്രയത്നംകൊണ്ടാണു് നാം സ്വാതന്ത്ര്യം സമ്പാദിച്ചതു്. അതിഭീമമായ ത്യാഗങ്ങൾ സഹിച്ചാണു് മറ്റു രാജ്യങ്ങൾ സ്വാതന്ത്ര്യം സമ്പാദിച്ചിട്ടുള്ളതു്. അവരുടെ ത്യാഗങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ നമ്മുടെ ത്യാഗം അത്രയ്ക്കു വലുതല്ല.


അദ്ദേഹത്തെ മറക്കുവാൻ പാടില്ല

നമുക്കു ഈ രാജ്യത്തു ഒരു മഹാചായ്പിനെ, ഒരു വലിയ മനുഷ്യസ്നേഹിയെ, ലഭിച്ചു. ഏറ്റവും കുറഞ്ഞ ത്യാഗംകൊണ്ടു സ്വാതന്ത്ര്യം സമ്പാദിക്കുന്നതെങ്ങിനെയെന്നു അദ്ദേഹം നമ്മെ പഠിപ്പിച്ചു. അതിനാൽ ഒരു തുള്ളി രക്തംപോലും ചിന്താതെ നാം നമ്മുടെ ലക്ഷ്യം പ്രാപിച്ചു. സ്വാതന്ത്ര്യം കിട്ടിയ ഉടൻതന്നെ അദ്ദേഹത്തിന്റെ ജീവനെ അപഹരിക്കത്തക്കവണ്ണം നാം അത്ര നിസ്സാരന്മാരായിരുന്നു. നാം അദ്ദേഹത്തെ വധിച്ചു. അതു അക്ഷന്തവ്യമായ ഒരു നടപടിയായിരുന്നു. അതു ലോകത്തിനാകമാനം ഒരു ഞെട്ടലുണ്ടാക്കി. അദ്ദേഹത്തിനാകട്ടെ, അതു ജീവിതത്തിലെ ഏറ്റവും വലിയ നേട്ടമായിരുന്നു. നമുക്കു എക്കാലവും ലജ്ജിച്ചു തലതാഴ്ത്തത്തക്ക ഒരു നടപടിയായിരുന്നു അതു്. അദ്ദേഹത്തെ മറക്കാൻ പാടില്ല. എന്തെന്നാൽ ജീവിതകാലത്തു നൽകുന്നതിനായി അദ്ദേഹത്തിനുണ്ടായിരുന്നതെല്ലാം നമുക്കു നൽകി. സർവ്വോപരി അദ്ദേഹം നമ്മെ വിട്ടുപിരിയുന്നതിനു മുമ്പായി നമുക്കു സ്വാതന്ത്ര്യം നേടിത്തന്നു. നമ്മുടെ രാജ്യം സ്വതന്ത്രമാകുന്നതു നമുക്കു കാണുവാൻ കഴിഞ്ഞു.

നമ്മുടെ കർത്തവ്യം

ഇപ്പോൾ ഇന്ത്യ ഒരു സ്വതന്ത്രരാജ്യമെന്ന നിലയിൽ നമ്മുടെ കയ്യിൽ ലഭിച്ചിരിക്കുകയാണു്. അതിൽ നാം കൃതജ്ഞരായിരിക്കണം. നമുക്കു അധികാരം നമ്മുടെ കയ്യിൽതന്നെ കിട്ടിയിരിക്കുന്നു. വിദേശീയമേധാവിത്വത്തിൽനിന്നു മോചനം സിദ്ധിച്ചു. ഈ രാജ്യത്തിനു ഒരു ശോഭനഭാവി ഉണ്ടാവുകയോ ഭാവിയെ തകരാറാക്കുകയോ ചെയ്യുവാനുള്ള പരിപൂർണ്ണസ്വാതന്ത്ര്യമാണു് നമുക്കു് ലഭിച്ചിട്ടുള്ളതു്. നാം എങ്ങനെ മുന്നോട്ടു പോകണം. സ്വാതന്ത്ര്യം നേടിയതുകൊണ്ടു് നാം തൃപ്തിപ്പെടുമോ? അങ്ങനെയാണെങ്കിൽ നാം ഇനി ഒന്നും ചെയ്യേണ്ടതായിട്ടില്ല. രാജ്യത്തിന്റെ സ്വാതന്ത്ര്യം എന്നു പറ

ഞ്ഞാൽ എന്താണെന്നു ശരിക്കു മനസ്സിലാകുന്നതുവരെ സ്വാതന്ത്ര്യത്തിന്റെ ഫലങ്ങൾ അനുഭവിക്കുക സാധ്യമല്ല. വിദേശീയാധിപത്യത്തിൽനിന്നുള്ള മോചനം, യഥാർത്ഥസ്വാതന്ത്ര്യമല്ല. സ്വരാജിന്റെ സൌധം നാം ഇപ്പോൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. അതിനാൽ നാം ആദ്യംമുതല്ലു തുടങ്ങണം. പ്രതിബന്ധം നാം നീക്കിക്കഴിഞ്ഞു. എന്നാൽ രാജ്യത്തിന്റെ ഭാവി അടിസ്ഥാനംമുതൽ കെട്ടിത്തുടങ്ങണം. അതിനാൽ നിസ്സഹായതയും നിരാശയും ഉണ്ടാകുന്നെങ്കിൽ, സ്വാതന്ത്ര്യത്തിന്റെ ഫലങ്ങൾ അനുഭവിക്കാൻ ഉടൻ കിട്ടണം എന്നു തോന്നുന്നെങ്കിൽ, നമുക്കു എന്തു ലഭിച്ചിട്ടുണ്ടെന്നും ഇനി എന്തു ചെയ്യേണ്ടിയിരിക്കുന്നു എന്നും മനസ്സിലാക്കിയിട്ടില്ലെന്നാണ് ഞാൻ കരുതുന്നതു്. നമുക്കു പ്രായപൂർത്തിവോട്ടവകാശം ലഭിച്ചു. അതു വലിയൊരു കാര്യമാണു്. എന്നാൽ ആ അവകാശം എങ്ങിനെ വിനിയോഗിക്കണമെന്നു ജനങ്ങളെ ശരിയായി പഠിപ്പിച്ചില്ലെങ്കിൽ അതു ഗുണത്തെക്കാൾ കൂടുതൽ ദോഷമായിരിക്കും ചെയ്യുന്നതു്. അതിനാൽ ജനങ്ങളെ ഇപ്പോൾതന്നെ അക്കാര്യം പഠിപ്പിക്കേണ്ടതു് നമ്മുടെ കർത്തവ്യമാണു്. ജനങ്ങളെ തെറ്റായ മാർഗ്ഗത്തിലേക്കു നയിക്കുവാൻ മുനിഞ്ഞിറങ്ങിയിട്ടുള്ളവർ ധാരാളമുണ്ടു്. നമ്മുടെ സ്വന്തം ജനങ്ങളുടെ മേൽ ഏതാനും ബോംബുകൾ എറിയുകയോ, ഏതാനും കൊലപാതകങ്ങളോ കൊള്ളകളോ നടത്തുകയോ ചെയ്താൽ ഈ രാജ്യത്തെ സ്വർഗ്ഗരാജ്യമായി രൂപാന്തരപ്പെടുത്താമെന്നും ചൈനയിൽ അപ്രകാരം സംഭവിച്ചു എന്നും കരുതുന്ന ചില ചെറുപ്പക്കാരുണ്ടു്—വിശേഷിച്ചും തെക്കെ ഇൻഡ്യയിൽ; അതിലും വിശേഷിച്ചു മലബാറിൽ. കൊച്ചിയിൽ എങ്ങിനേയാണെന്നു എനിക്കറിയാൻ പാടില്ല. എന്നാൽ കൊച്ചിയെ കേരളത്തിന്റെ ശേഷം ഭാഗത്തുനിന്നും വേർതിരിക്കാൻ സാധ്യമല്ലല്ലോ. ചൈനയുടെ പുനഃസംവിധാനത്തിനു ഇനി ദീർഘകാലം വേണ്ടിവരും. അതുക്കു്വമ്പിച്ച നാശമാണു്അവിടെ ഉണ്ടായിട്ടുള്ളതു്. കൂട്ടക്കൊലയും നശീകരണവും കൊണ്ടു യാതൊരു രാജ്യത്തിനും ഗുണം ഉണ്ടാകാൻ പോകുന്നില്ല. ഇൻഡ്യക്കു് അതൊരിക്കലും ഗുണമുണ്ടാക്കുകയില്ല. പല ജാതിക്കാരും, മതക്കാരും, ഭിന്നരീതിയിലുള്ള സംസ്കാരമുള്ളവരും വസിക്കുന്ന ഒരു രാജ്യമാണു് ഇൻഡ്യ. എന്നാൽ ഈ വലുതായ ഭിന്നതകൾക്കിടയിലുള്ള ഇൻഡ്യയിൽ വലുതായ ഐക്യമുണ്ടു്. നൂറോ നാട്ടുരാജാക്കന്മാരുണ്ടായിരുന്നു. ലോകത്തിനാകമാനമുള്ള രാജാക്കന്മാരുടെ എണ്ണവും നമ്മുടെ രാജ്യത്തെ രാജാക്കന്മാരുടെ എണ്ണവും തമ്മിൽ യാതൊരു സാമ്യവുമില്ല. എന്നാൽ മാറിവന്ന പരിതഃസ്ഥിതിയിൽ തങ്ങളുടെ സ്ഥാനം ഏതാണെന്നു എത്ര എളുപ്പം അവർ മനസ്സിലാക്കിയെന്നു നോക്കുക. നാം അങ്ങിനെ ചെയ്യുകയും നമ്മുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുകയും ചെയ്യുമോ? പുതിയ വ്യവസ്ഥിതിയിൽ നമ്മുടെ സ്ഥാനം ഏതാണു്. യുവാക്കന്മാർ എന്തുകൊണ്ടു തെറ്റായ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നു. അവർ എന്തിനു പോലീസുകാരെ കൊല ചെയ്യുന്നു. അതിൽനിന്നു എന്തു നേട്ടമാണു അവർക്കുണ്ടാകുന്നതു്? ഒരു പോലീസുദ്യോഗസ്ഥനെ വധിക്കുമ്പോൾ ആലോചിക്കേണ്ടതല്ലേ അയാൾ ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒരു പൊതുജനസേവകനാണെന്നു്? അയാൾ സ്വേച്ഛാധിപത്യത്തേയോ വിദേശീയശക്തിയേയോ ആണോ പ്രതിനിധീകരിക്കുന്നതു്? അയാൾ നമ്മിലൊരാൾതന്നെയല്ലേ? അങ്ങിനെയാണെങ്കിൽ നാം സമ്പാദിച്ചതെന്താണെന്നു നാം ശരിക്കു മനസ്സിലാക്കിയിട്ടില്ല. ഇന്നു പോലീസുകാരനെയാണു് രാജ്യത്തിന്റെ ഉത്തമസേവകനായി കരുതേണ്ടതു്. അയാളുടെ കൃത്യം ശരിയായി നിർവ്വഹിക്കാത്തപക്ഷം അയാളെ ഉടനെ ഉദ്യോഗത്തിൽനിന്നു നീക്കം ചെയ്യാം. പിന്നെ എന്തിനാണു്അയാളെ കൊലചെയ്യുന്നതു്? കുറെ കൊള്ളകളും കൊലപാതകങ്ങളും നടത്തി ഈ രാജ്യത്തു ഒരു വിപ്ലവം ഉണ്ടാക്കാമെന്നു ഏതാനും ചെറുപ്പക്കാർ കരുതുന്നുണ്ടെങ്കിൽ അവർക്കു് തെറ്റു പറ്റിയിരിക്കുന്നു. ഭാഗ്യവശാൽ നാം സുശക്തമായ ഒരു കേന്ദ്രഗവർമ്മെൻറ് സ്ഥാപിച്ചിട്ടുണ്ടു്. ഈ മാതിരി പ്രവർത്തനങ്ങൾ കൊണ്ടു അതിനെ എളുപ്പം ഇളക്കുവാൻ സാധ്യ



ബഹു. സർദാർ വല്ലഭായി പട്ടേൽ വള്ളംകളി കൗതുകപൂർവ്വം കാണുന്നു. രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു, ശ്രീമതി മണിബെൻ പട്ടേൽ, ശ്രീ. വി. പി. മേനോൻ എന്നിവരേയും ചിത്രത്തിൽ കാണാം.

(ഫോട്ടോ—റോയൽ സ്റ്റുഡിയോ, എറണാകുളം.)



ഗാർഡ് ഓഫ് ഓണർ പരിശോധിക്കുന്നു

(ഫോട്ടോ—റോയൽ സ്റ്റുഡിയോ, എറണാകുളം.)

ബോംഗാട്ടിയിൽവെച്ച് തിരുവിതാംകൂർ–കൊച്ചി സായുധ പോലീസ് സേനയുടെ ഒരു വിഭാഗം നൽകിയ ഗാർഡ് ഓഫ് ഓണർ ബഹു. ഡപ്യൂട്ടി പ്രധാനമന്ത്രി സർദാർ വല്ലഭായി പട്ടേൽ പരിശോധിക്കുന്നു.

മല്ല. ഇവരെ നേരിടാൻ തക്ക സുശക്തമായ ഭരണകൂടവും ശക്തി മത്തായ സൈന്യവുമാണ് നമുക്കുള്ളത്. എന്നാൽ നമ്മുടെ ജന ങ്ങൾക്കെതിരായി, അവരെ അമർത്തുന്നതിനുവേണ്ടി, ആ ശക്തി വി നിയോഗിക്കുന്നതല്ല. അതിനു നിർബ്ബന്ധിതമാകുന്നതുവരെ ഞങ്ങൾ അങ്ങിനെ ചെയ്യുന്നതല്ല. എന്നാൽ നിർബന്ധിതരായാൽ അതു ചെയ്യാതിരിക്കയുമില്ല. കേരളമായാലും, കാശ്മീരായാലും, കത്തിയ വാറായാലും, കച്ചായാലും, അസ്സാമായാലും മണിപ്പൂർ അതിർത്തി യായാലും ഭരണം നടത്താനുള്ള ചുമതല ഞങ്ങൾക്കുണ്ട്. ഇൻഡ്യ ഉറപ്പുള്ള ഒരൊറ്റ ഘടകമാണ്. നമ്മുടെ അഭിലാഷങ്ങൾക്കനുസ രണമായി ലോകത്തിന്റെ ബഹുമതി ആർജ്ജിക്കുകയും നമുക്കെല്ലാം ഐശ്വര്യവും സന്തുഷ്ടിയും ഒരുപോലെ അനുഭവിക്കുകയും ചെയ്യുന്ന കറുപ്പും, ഇൻഡ്യയുടെ ഭാവി ഘടനക്കു രൂപം നൽകുന്ന തിനു വേണ്ടി നാം ഈ രാജ്യത്തെ ഏകീകരിക്കേണ്ടിയിരിക്കുന്നു. എന്നാൽ വിദേശീയമായ സിദ്ധാന്തങ്ങളുടെ ആക്രമണത്തിനെ തിരായി ഇൻഡ്യ യോജിച്ചുറച്ചു നിൽക്കും. ഈ രാജ്യത്തിനു അനുയോജ്യമല്ലാത്ത വിദേശീയ സിദ്ധാന്തങ്ങൾക്കു ഇവിടെ ഇടം നൽകുന്നതല്ല. മതപീഡനത്തിൽനിന്നു രക്ഷനേടാനായി അന്യ രാജ്യങ്ങളിൽനിന്നു ആളുകൾ ഇവിടെ വന്നു ഇവിടം അവരുടെ സ്വന്തം സ്ഥലമാക്കിയിട്ടുണ്ട്. അവരുടെ പള്ളികളും, കൊട്ടാരങ്ങളും, ജൂതന്മാരുടെ ദേവാലയങ്ങളും എല്ലാം അടുത്തടുത്തു സ്ഥിതിചെയ്യുന്നു. ഇതു് സഹിഷ്ണുതയുടെ ഒരു രാജ്യമാണ്. ഗാന്ധിജി അന്ത്യദിനം വരെ പഠിപ്പിച്ചതും സഹിഷ്ണുതയുടെ പാഠമാണ്. അദ്ദേഹം പഠി പ്പിച്ചതെല്ലാം നാം മറക്കുകയോ? അങ്ങിനെ ചെയ്താൽ നമുക്കു എന്തു നേട്ടമുണ്ടാകും? നിങ്ങൾ സാമ്പത്തിക സമീകരണം ആവശ്യപ്പെടുന്നു. ഞങ്ങളും അതു ആവശ്യപ്പെടുന്നുണ്ട്. എന്നാൽ നിരപ്പാക്കാൻ ഈ രാജ്യത്തു വേണ്ടത്ര ധനമുണ്ടോ? ദാരിദ്ര്യം മാത്രമാണുള്ളതു്. ദാരി ദ്ര്യം വീതിച്ചു വിതരണം ചെയ്യുന്നതുകൊണ്ടു് യാതൊരു ഗുണവുമില്ല. അതിനാൽ നാം സമ്പത്തുണ്ടാക്കണം. അലസതകൊണ്ടു സമ്പത്തു ണ്ടാകുകയില്ല. നമ്മുടെ വിദ്യാഭ്യാസസംപ്രദായത്തിൽ വലിയ ന്യൂനതകളുണ്ട്. തൊഴിൽ ശൂന്യരായി കഴിയുന്ന ധാരാളം വിദ്യാസ മ്പന്നരെ അതു് സൃഷ്ടിച്ചിട്ടുണ്ട്. ഈ രാജ്യത്തെ എത്ര യുവാക്ക ന്മാർക്കാണ് വേണ്ടിടത്തോളം ജോലിയുള്ളതു്. സർക്കാരുദ്യോഗത്തിൽ പ്രവേശിച്ചു അവക്കല്ലാം തൊഴിലുണ്ടാക്കി കൊടുക്കുവാൻ ഗവ മെന്റിനു എങ്ങിനെയാണ് കഴിയുക? സർക്കാരുദ്യോഗത്തെ മാത്രം പ്രതീക്ഷിച്ചു യുവാക്കന്മാർ കഴിയരുതു്. സമർത്ഥരായ യുവാക്കന്മാർ ഉപരിലെത്തിലെത്തിക്കൊള്ളും. എന്നാൽ സാധാരണക്കാരായ യുവാ ക്കന്മാർക്കു അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്താൻ വേണ്ടത്ര സൗകര്യമുണ്ടാക്കണം. പല ചെറുപ്പക്കാരും വർത്തമാനപ്പത്രങ്ങൾ നടത്തുന്ന ജോലിയിൽ ഏർപ്പെടുന്നു. അതു വളരെ നല്ല ഒരു തൊഴിലാ ണ്. സംശയമില്ല. പുതിയ ഭരണഘടനയിൽ പത്രങ്ങൾക്കു വേണ്ടത്ര സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. എന്തെന്നാൽ പത്രസ്വാതന്ത്ര്യം അഭി ലഷണീയമായ ഒരു ആദർശവും ജനകീയ ഭരണത്തിന്റെ ആവശ്യാ പാധിയുമാണ്. ഒരു ജനായത്തഭരണകൂടം ശരിക്കു പ്രവർത്തിക്കണമെ ങ്കിൽ പത്രസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം മുതലായവ അത്യന്താപേക്ഷിതമാണ്. ഇതെല്ലാം നല്ലതുതന്നെ. എ ന്നാൽ ഇന്നാരീതിയിലുള്ള ഒരു സമ്മേളനത്തിൽ ബോംബോ, പടക്കമോ എറിഞ്ഞു കുഴപ്പമുണ്ടാക്കുന്നതിനു ഒരു ചെറുപ്പക്കാരൻ തുനിഞ്ഞാൽ നാം എന്താണ് ചെയ്യേണ്ടതു്? അയാൾക്കു അതിനുള്ള സ്വാതന്ത്ര്യം അനുവദിക്കുകയും അയാളെ തൊട്ടുപോകരുതെന്നു പോലീസുകാര നോടു് പറയുകയുമാണോ വേണ്ടതു്? അതു സ്വാതന്ത്ര്യമാണോ? അതു ഭ്രാന്തിനുള്ള ലൈസൻസായിരിക്കും. ഭ്രാന്തന്മാരെ ഭ്രാന്താസ്പ ത്രിയിലാക്കുകയാണ് വേണ്ടതു്. അതിനാൽ ഉൽഘ്ജുസചലരായ ചെറുപ്പക്കാർ വിദ്യാസമ്പന്നരായിട്ടും തൊഴിൽകൂടാതെ നടക്കുന്ന പക്ഷം അവരെ സൃഷ്ടിപരമായ പ്രവർത്തനത്തിലേക്കു തിരിച്ചുവി ടാൻ നിങ്ങൾ ശ്രമിക്കണം. നമ്മുടെ വിദ്യാഭ്യാസസംപ്രദായത്തി ലും മാറ്റം വരുത്തണം. ഈ നാട്ടിലെ ചെറുപ്പക്കാർക്ക് അഭിമാന

കരവും ആനന്ദപ്രദവുമായ ജീവിതം സുരക്ഷിതമാകണമെങ്കിൽ അവർ വിവേചനത്തോടുകൂടി വർത്തിക്കണം.

പത്രപ്രവർത്തനം

പത്രപ്രവർത്തനം ഒരു നല്ല തൊഴിലാണ്. എന്നാൽ നാം ജനകീയഭരണത്തിന്റെ പ്രാരംഭഘട്ടത്തിലാകയാൽ പത്രങ്ങളും ജനകീയഭരണത്തെ സംബന്ധിച്ചിടത്തോളം ശൈശവദശയിലാണ്. എന്നാൽ അസഭ്യവും ആഭാസവുമായ ആരോപണങ്ങൾക്കും വ്യക്തിപരമായ വിദ്വേഷങ്ങൾക്കും പത്രപ്രവർത്തനം വിനിയോഗിക്കുന്നതായാൽ ജനകീയഭരണത്തിന്റെ ആത്മഹത്യയായിരിക്കും അവർ പഠിപ്പിക്കുന്നത്. നമുക്കു ലഭിച്ചതു് നഷ്ടപ്പെടാൻ അതു ഇടയാക്കും. അതിനാൽ തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുവാൻ പത്രങ്ങളോടും പൊതുജനങ്ങളോടും ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു പത്രം നടത്തുന്നതിനു ആവശ്യമായ പരിചയവും പരിജ്ഞാനവും പരിപക്വതയും ഇല്ലാത്തവർ വർത്തമാനപ്പത്രം തുടങ്ങിയിട്ടാവശ്യമില്ല. ഇതാണ് ജനങ്ങൾക്കു നൽകാനുള്ള ഉപദേശം. മന്ത്രിമാർ ഇപ്രകാരമാണ് പ്രവർത്തിക്കേണ്ടതു് എന്നൊക്കെ ദിവസവും കാലത്തേ പത്രാധിപകസേരയിൽ ഇരുന്നു എഴുതിവിടുകയും എന്നാൽ ഒരിക്കലും തന്റെ ചുമതല എന്താണെന്നു അറിയാതിരിക്കുകയും ചെയ്യുവാൻ എളുപ്പമാണ്. ഇവിടത്തെ പത്രാധിപന്മാരെ വിമർശിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. നിങ്ങളുടെ ഭാഷ വശമില്ലാത്തതിനാൽ ഇവിടത്തെപത്രങ്ങളൊന്നും ഞാൻ വായിച്ചിട്ടില്ല. പത്രാധിപന്മാർക്കും വായനക്കാർക്കും പൊതുവിൽ ഉപദേശം നൽകുവാനേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. എന്തെന്നാൽ വായനക്കാരില്ലെങ്കിൽ പത്രങ്ങളും കാണുകയില്ല. ജനകീയഭരണത്തിനു് അനുയോജ്യമായ ഒരു മാന്യസ്ഥാനത്തിനു താഴെ പോകാതിരിക്കുവാൻ പത്രങ്ങൾക്കു് ചുമതലയുള്ളപോലെ നിന്ദ്യവും അസഭ്യംനിറഞ്ഞതുമായ പത്രങ്ങളും വായിക്കുന്നശീലം വളർത്താതിരിക്കേണ്ടചുമതല വായനക്കാർക്കുമുണ്ട്.

ചില നിവേദനങ്ങൾ

"തിരുവിതാംകൂറിനെയും കൊച്ചിയേയും മദ്രാസ് പ്രാവിൻസിനോടു ചേർക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് അനേകംപേർ ഒപ്പിട്ട ഒരു മെമ്മൊറാണ്ടം ചിലർ എനിക്കു നൽകുകയുണ്ടായി. അതു് ഒരു നല്ല ആശയമാണ്. എല്ലാ പ്രാവിൻസുകളും എല്ലാ സംസ്ഥാനങ്ങളും ഉടനടി കേന്ദ്രത്തിനോടു് ചേർന്നാൽ കൊള്ളാമെന്നാണു് എന്റെയും അഭിപ്രായം. എന്നാൽ നിങ്ങൾ വേർതിരിഞ്ഞുനില്ക്കുന്ന എന്നു കരുതുന്നതെന്തിനാണു്?. അപ്രകാരം വേർതിരിയൽ മനോഭാവം പുലർത്തരുതു്. ചിലർക്കു് ഐക്യകേരളം വേണമെന്നുപറയുന്നു. ആകാശത്തിൽനിന്നു അടർന്നുവീഴാവുന്ന പക്വമായ ഒരു ഫലമാണു് അതെന്നമട്ടിൽ. അവധാനതയോടും സൂക്ഷ്മതയോടും ഗാഢമായി ആലോചിച്ചും ആസൂത്രണം ചെയ്യാതെ ഇപ്രകാരം മാറ്റം വരുത്തുവാൻ ശ്രമിക്കുന്നതിലുള്ള വൈഷമ്യങ്ങളെപ്പറ്റി അവർക്കു അറിയാൻ പാടില്ല. അതു അത്ര എളുപ്പമായ കാര്യമല്ല. അതുകൊണ്ടാണു് ഈ നടപടികളിൽ നിന്നു ഉടനടി ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ എന്തെല്ലാമെന്നു ഉത്തരവാദിത്വബോധമുള്ളവർ ആലോചിക്കേണ്ടതാണു്. ചിലർ പറയുന്നു ഞങ്ങൾക്കു ഭാഷാപരമായ പ്രവിശ്യകൾ വേണം. അതുകൊണ്ടു് ഉടൻതന്നെ ആന്ധ്രാ, തമിഴ്, കേരളം മുതലായ പ്രവിശ്യകൾ രൂപീകരിക്കുക എന്നു്. എന്നാൽ ഇന്ത്യയുടെ ഉത്തരഭാഗത്തും പശ്ചിമഭാഗത്തും മറ്റും അതിന്റെ ഫലങ്ങൾ എന്തായിരിക്കുമെന്നു ആരും ആലോചിക്കുന്നില്ല. രാഷ്ട്രത്തെകെട്ടി ഉയർത്തുവാനുള്ള മാർഗ്ഗം ഇതല്ല. അതിനാൽ രാഷ്ട്രത്തിന്റെ ഭാഗധേയം ആരിൽ നിക്ഷേപിച്ചിരിക്കുന്നുവോ അവരിൽ നാം വിശ്വാസം അർപ്പിക്കണം. വേണ്ടസമയത്തു വേണ്ടതു അവർ ചെയ്യുമെന്നു വിശ്വസിക്കുക. നിങ്ങളുംപ്പെടെയുള്ള ജനങ്ങളുടെ എല്ലാം ക്ഷേമമല്ലാതെ മറ്റു എന്തു താല്പര്യമാണു് ഞങ്ങൾക്കുള്ളതു്. അതിനുവേണ്ടിയാണു് ഞങ്ങൾ ജീവിതകാലമത്രയും പ്രവർത്തിച്ചിട്ടുള്ളതു്. അതിനുവേണ്ടിയാണു് ഞങ്ങൾ ജീവിക്ക

ന്നതും. അതിനാൽ അടുത്ത ഭാവിയിൽ നിറവേറാൻ നവ്യാഹമില്ലാത്ത പുതിയ ആശയങ്ങൾ ഉന്നയിക്കാതിരിക്കുകയാണ് നിങ്ങളുടെ ചുമതല. കിട്ടിയതു ദഹിക്കട്ടെ. വീണ്ടും വിശക്കുമ്പോൾ വീണ്ടും ആഹാരം കിട്ടും.

ഐക്യബോധം വളർത്തുക; പൊതുഭാഷ പഠിക്കുക

ആകയാൽ നിങ്ങൾ കൊച്ചീക്കാരെന്നും തിരുവിതാംകൂർകാരെന്നും ഉള്ള വസ്തുത വിസ്മരിച്ചു തിരുവിതാംകൂർ-കൊച്ചി യൂണിയനിലെ ജനങ്ങൾ എന്നു കരുതുക. ആ ഐക്യബോധമുണ്ടാകുന്നെങ്കിൽ കൊച്ചിയേയും തിരുവിതാംകൂറിനേയും തന്നെ മറന്നു ഇൻഡ്യയുടെ ഐക്യമെന്നും ഇൻഡ്യൻ പൌരന്മാരെന്നും ചിന്തിക്കത്തക്ക ഉയർന്ന മണ്ഡലത്തിൽ നിങ്ങൾ എത്തിച്ചേരും. അതിനാൽ നിങ്ങൾ ആദ്യമായി ചെയ്യേണ്ടതു് രാജ്യകാര്യങ്ങളിൽ നിങ്ങൾക്കു ശരിയായ സ്ഥാനം വേണമെന്നുണ്ടെങ്കിൽ ഭരണഘടനയനുസരിച്ചു ഇൻഡ്യയുടെ പൊതുഭാഷയായി തീരാൻപോകുന്ന ഭാഷ പഠിക്കുകയാണ്. അല്ലാത്ത പക്ഷം നിങ്ങൾ പിൻതള്ളപ്പെട്ടുപോകും. അങ്ങനെ പിൻതള്ളപ്പെടാതിരിക്കണമെങ്കിൽ ഉടൻതന്നെ ശ്രമം തുടങ്ങുക. ഫ്രഞ്ച് കൊല്ലംവരെ ഇംഗ്ലീഷ് ഭാഷക്കു് സൌജന്യം അനുവദിക്കേണ്ടതില്ലെന്നു വന്നാൽ നന്നു്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും പല സ്ഥാനങ്ങളിലേക്കും നിങ്ങളെ നിയമിക്കാനുണ്ടു്. വളരെ സാമർത്ഥ്യമുള്ള പല ചെറുപ്പക്കാരും ഇവിടെ ഉണ്ടായിരിക്കാം. അവർക്കു് എവിടെ പോയാലും ഉയർന്നവരാം. ഭാവിയിലും അപ്രകാരം തന്നെ. അതിനാൽ പൊതുഭാഷപഠിക്കുകയാണു് നിങ്ങൾ ആദ്യമായി ചെയ്യേണ്ടതു്.

നമുക്കു പലതും ചെയ്യുവാനുണ്ടു്

രണ്ടാമതായി നിങ്ങൾ മനസ്സിലാക്കേണ്ടതു് സമ്പത്തു ഉല്പാദിക്കുന്നതിനുള്ള കഴിവിനെ ആശ്രയിച്ചാണു് രാഷ്ട്രത്തിന്റെ ഭാവി സ്ഥിതിചെയ്യുന്നതു് എന്നാണു്. കേരളവും മദ്രാസ്മുഴുവനുംതന്നെ പുറമേനിന്നുള്ള ഭക്ഷ്യധാന്യ ഇറക്കുമതിയെ ആശ്രയിക്കുന്നെന്നു നിങ്ങൾക്കറിയാമല്ലോ. ഏതായാലും അതു് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണു്. ഇവിടെ വേണ്ടത്ര ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കുന്നില്ല. നിങ്ങൾക്കു് വേണ്ടത്ര അരി ലഭിക്കുന്നില്ല. വേണ്ടത്ര ഭൂമിയും നിങ്ങൾക്കില്ല. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പ്രദേശങ്ങളാണു് ഇവിടെയുള്ളതു്. ജനസംഖ്യ ഏറിയിരിക്കുന്നതു് പ്രയോജനകരമാണു്. എന്നാൽ അതേസമയം അതൊരു വലിയ ഭാരവുമാണു്. നാം ലോകത്തെ ജനസംഖ്യയുടെ അഞ്ചിലൊരുഭാഗമാണു്. അതു ഇക്കാലത്തു ഒരു വലിയ കാര്യമാണെന്നുപറയാം. എന്നാൽ ലോകത്തെ ജനസംഖ്യയുടെ അഞ്ചിലൊരുഭാഗം ദരിദ്രരും യാചകരും അടങ്ങിയവരാണെങ്കിൽ അതൊരു വലിയ ഭാരമാകുന്നു. നമ്മുടെ അഭിലാഷപ്രകാരം ഈ രാജ്യത്തിന്റെ ഭാവി രൂപീകരിക്കുവാനുള്ള സന്ദർഭം നമുക്കു ലഭിച്ചിരിക്കുന്നു. ഭാഗ്യവശാൽ നമ്മുടെ വിഭവസമ്പത്തുകൾ ഇതുവരെ ചൂഷണം ചെയ്യപ്പെട്ടിട്ടില്ല. ഈ രാജ്യത്തു വേണ്ടത്ര സമ്പത്തുണ്ടു്. അവയെല്ലാം നാം വഴിപോലെ പ്രയോജനപ്പെടുത്തിയാൽ ഇൻഡ്യ ലോകത്തിലേക്കു ഏറ്റവും ധനസമ്പന്നമായ രാജ്യമായി തീരും. നൂറ്റാണ്ടുകാലങ്ങളായി വിദേശിയരാൽ ഭരിക്കപ്പെട്ടിരുന്നതുകൊണ്ടു് നമുക്കു് എന്തെങ്കിലും മുൻകൈ എടുത്തു പ്രവർത്തിക്കുവാനുള്ള കഴിവു് ഇല്ലാതെ പോയി. അതു നാം വീണ്ടെടുക്കണം. ഇവിടെ നിങ്ങൾക്കു് മനോഹരമായ ഒരു തുറമുഖമുണ്ടു്. നമ്മുടെ കയറ്റുമതി വ്യാപാരം പൂർണ്ണമായും നമ്മുടെ കയ്യിലല്ല. അതുപോലെതന്നെ നമ്മുടെ കപ്പൽ ഗതാഗതവും തീരസംരക്ഷണത്തിനു ചെറുപ്പക്കാർക്കു പരിശീലനം നല്കുന്ന ഒരു നാവിക വിദ്യാലയം ഇവിടെ ഉണ്ടു്. ഇതുവരെ ബ്രിട്ടീഷ് നാവികപ്പടയുണ്ടായിരുന്നതുകൊണ്ടു് നമ്മുടെ സമുദ്രതീരം സുരക്ഷിതമായിരുന്നു. കച്ചവടക്കപ്പലുകളാണെങ്കിൽ ചില മീൻപിടുത്തക്കപ്പലുകളല്ലാതെ നമുക്കു ഒന്നുംതന്നെ ഇല്ല. ഈയിടെ വിശാഖപട്ടണത്തു നാം ഒരു കപ്പൽ നിർമ്മാണസങ്കേതം ആരംഭിച്ചിട്ടുണ്ടു്. അവിടെ ഏതാനും കപ്പലുകൾ നിർമ്മിച്ചുവരുന്നു.

നമുക്ക് നല്ല ഒരു കച്ചവടക്കപ്പൽ സംഘമുണ്ടാകണമെങ്കിൽ നല്ല നാവിക പരിശീലനം ആവശ്യമാണ്. അതുകൊണ്ട് നാം ഇവിടെ ഒരു നാവികപരിശീലനകേന്ദ്രം ആരംഭിച്ചു.

യുവാക്കന്മാർ തെറ്റായ മാർഗ്ഗം സ്വീകരിക്കരുത്

ഇവിടത്തെ യുവാക്കൾക്കു നാവികപരിശീലനം നേടുന്നതിനു നല്ല സന്ദർഭമാണ് ലഭിക്കുന്നത്. അതു് അവർക്കു ജോലിയും ഉണ്ടാക്കിക്കൊടുക്കും. തങ്ങളുടെ കഴിവുകൾ വൃഥാ വ്യയംചെയ്യുന്ന ചെറുപ്പക്കാരോടു് എനിക്കു പറയുവാനുള്ളതു് നിങ്ങൾ ഉല്പാദനപരമായ വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണമെന്നാണ്. ഇവിടത്തെ ഗവണ്മെൻറും കേന്ദ്രഗവണ്മെൻറും നിങ്ങൾക്കു സഹായം നൽകും. എന്നാൽ തെറ്റായ മാർഗ്ഗത്തിൽ പോയാൽ യാതൊരു സഹായവും ലഭിക്കുന്നതല്ല. തെറ്റായ മാർഗ്ഗത്തിലേക്കു പോകുന്നതിനു പ്രേരിപ്പിക്കുന്ന സുഖക്കേടു് ആഴത്തിലേക്കു പോകുംമുമ്പേ നിങ്ങൾ ഉണർന്നില്ലെങ്കിൽ ഭാവിയിൽ ഖേദിക്കുവാൻ ഇടയാകത്തക്കവണ്ണം അതു നിങ്ങളെ ബാധിക്കും. അതിനാൽ രാഷ്ട്രശരീരത്തിൽ നിന്നു് ഈ വ്യാധിയെ നീക്കുവാനുള്ള ഗവണ്മെൻറിന്റെ ശ്രമത്തിൽ നിങ്ങൾ സഹകരിക്കണം. നിരവധി ആളുകളുടെ ത്യാഗത്തിൽക്കൂടി സമ്പാദിച്ച സ്വാതന്ത്ര്യത്തെ അപകടത്തിലാക്കുവാൻ തുനിയുന്ന യുവാക്കന്മാർ ഇവിടെ ഉണ്ടാകരുതു്. അവരെ അകത്തടയ്ക്കുകതന്നെയാണു് വേണ്ടതു്. എന്നാൽ അവർക്കു വേണമെങ്കിൽ സ്വാതന്ത്ര്യം അവരുടെ കയ്യിൽതന്നെ ഉണ്ടു്. ചെറുപ്പക്കാരാരും ദുർമ്മാർഗ്ഗത്തിൽ പോകാൻ അനുവദിക്കരുതു്. ചെറുപ്പക്കാർ കമ്മ്യൂണിസം എന്ന ബഹുമാനപ്പെട്ട പേരിൽ കൊള്ളയും കൊലപാതകവും നടത്താൻ തുടങ്ങിയാൽ അതിനനുവദിക്കരുതു്. കമ്മ്യൂണസ്റ്റുകൾ എന്നു പറയപ്പെടുന്ന പലരേയും ഈ ഭാഗത്തു കാണുന്നുണ്ടു്. എന്നാൽ അവർ കമ്മ്യൂണിസ്റ്റുകളല്ല. ആ രാഷ്ട്രീയ പേരു് അവർ അർഹിക്കുന്നില്ല. ഇൻഡ്യയിൽ അനുവർത്തിക്കപ്പെടുന്ന കമ്മ്യൂണിസം ഒരു പ്രത്യേകതരത്തിലുള്ളതാണു്. ഇംഗ്ലണ്ടിൽ കമ്മ്യൂണിസ്റ്റുകളുണ്ടു്. എന്നാൽ അവർ കൊള്ളയും കൊലപാതകവും നടത്തുന്നില്ല. അവർ ഗതാഗതമാർഗ്ഗങ്ങൾ തകർക്കുന്നില്ല. ഒന്നോ രണ്ടോ പാളം ഇളക്കിയാൽ തീവണ്ടിയിൽ സഞ്ചരിക്കുന്ന എത്രപേരുടെ ആയുസ്സാണു് അപകടത്തിലാകുന്നതു്? അങ്ങനെ ചെയ്യുന്നവർക്കു സ്വാതന്ത്ര്യം അനുവദിക്കാവുന്നതാണോ? ഞങ്ങൾക്കു യാതൊരുത്തരവാദിത്വവുമില്ലെന്നോ? ഇൻഡ്യയിൽ ആകമാനമുള്ള റെയിൽവേ ലൈനിൽ എല്ലായിടത്തും പോലീസുകാരെ നിറുത്തിയേക്കാൻ സാദ്ധ്യമല്ല. നമ്മുടെ ഗതാഗതമാർഗ്ഗങ്ങളെ താറുമാറാക്കാൻ നാം എന്തിനു് അനുവദിക്കണം? അങ്ങനെ അനുവദിച്ചാൽ വെളിയിൽ നമ്മെപ്പറ്റിയുള്ള അഭിപ്രായം എന്തായിരിക്കും? വ്യവസായത്തിനും വാണിജ്യത്തിനും ഉണ്ടാകുന്ന തകരാറിനു പുറമേ ഭരിക്കാൻ കൊള്ളാത്ത ആളുകൾ എന്നു നമ്മെപ്പറ്റി ലോകം അഭിപ്രായപ്പെടുകയും ചെയ്യും. പരസ്യമായ തിരഞ്ഞെടുപ്പുമുഖാന്തരം അധികാരത്തിൽ വരാമെന്നു കമ്മ്യൂണിസ്റ്റുകൾ കരുതുന്നുണ്ടെങ്കിൽ അവർ അങ്ങിനെ ശ്രമിക്കട്ടെ. എന്നാൽ അവർ ഈ മാർഗ്ഗങ്ങൾ അവലംബിക്കുകയും അതിൽ നിർബ്ബന്ധം പിടിക്കുകയും ചെയ്താൽ അവർക്കു തിരഞ്ഞെടുപ്പിൽ സ്ഥാനമുണ്ടായിരിക്കുന്നതല്ല. കമ്മ്യൂണിസത്തെ നിരോധിക്കണമെന്നു പറയുന്നവരുണ്ടു്. വെറുപ്പുകൊണ്ടു് അങ്ങിനെ പറയുന്നതാണു്. മദ്രാസിലെപ്പോലെ ചില സംസ്ഥാനങ്ങൾ അങ്ങിനെ ചെയ്യുവാൻ നിർബ്ബന്ധിതമായി എന്നല്ലാതെ പൊതുവിൽ കമ്മ്യൂണിസത്തെ നിരോധിച്ചിട്ടില്ല. വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽക്കൂടി പ്രവർത്തനം നടത്തുന്നതിനു് ഇനിയും അവർക്കു സഹകരണം നൽകാമെന്ന ഉദ്ദേശത്തിനാലാണു് ഇൻഡ്യയിൽ പൊതുവായ നിരോധനം ഇതുവരെ ഏർപ്പെടുത്താതിരിക്കുന്നതു്. എന്നാൽ അവർ വ്യവസ്ഥാപിതമാർഗ്ഗത്തിൽ പ്രവർത്തിക്കാത്തപക്ഷം തിരഞ്ഞെടുപ്പിൽ അവർക്കു സ്ഥാനമുണ്ടായിരിക്കുകയില്ലെന്നു മാത്രമല്ല അവർക്കു് അവരുടെ സ്വാതന്ത്ര്യം വിനിയോഗിക്കാനുള്ള അവകാശം ലഭിക്കുന്നതുമല്ല. നിങ്ങൾക്കു വലുതായ

ഉത്തരവാദിത്വമുണ്ട്. അവരെ നേരിട്ടുക എന്നതു പോലീസുകാരന്റെ മാത്രം കൃത്യമാണെന്നു നിങ്ങൾ കരുതുവാൻ പാടില്ല. അപ്രകാരമുള്ളവരെ നിങ്ങളുടെ ഇടയിൽ കാണുന്നപക്ഷം അവർ സ്വന്തക്കാരായിരുന്നാൽതന്നെയും ഒന്നുകിൽ അവരെ മാനസാന്തരപ്പെടുത്തുകയോ അല്ലാത്തപക്ഷം അധികാരികളെ അറിയിക്കുകയോ അവരെ അധികാരികളുടെ കയ്യിൽ ഏല്പിക്കുകയോ ചെയ്യുക ജനങ്ങളെ രക്ഷിക്കേണ്ടതു നിങ്ങളുടെ ചുമതലയാണ്. നിങ്ങൾക്കു ഞാൻ പ്രത്യേകമായി നൽകുന്ന സന്ദേശമാണിതു്. എന്തെന്നാൽ ദക്ഷിണേൻഡ്യയിലെ കമ്മ്യൂണിസ്റ്റു പ്രവർത്തനത്തെപ്പറ്റി ഞാൻ വളരെയൊക്കെ കേട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ അതതു കാര്യമാക്കിയില്ലെന്നുവരാം. എന്നാൽ അതു വളരുവാൻ അനുവദിച്ചാൽ ഭാവിയിൽ അതിനെ നേരിടാൻ പ്രയാസമായിത്തീരും.


സ്വാതന്ത്ര്യം നേടിത്തന്ന സംഘടന

നിങ്ങളോടു മറ്റൊരു സംഗതി പറയാനുള്ളതു് കോൺഗ്രസ്സിനെപ്പറ്റിയാണ്. നമുക്കു സ്വാതന്ത്ര്യം നേടിത്തന്ന സംഘടനയാണ് കോൺഗ്രസ്സ്. നിങ്ങളെല്ലാം അതിന്റെ പ്രവർത്തനങ്ങളെ അനുഭാവത്തോടെ വീക്ഷിക്കുകയും അതിന്റെ വളർച്ചക്കു സംഭാവനചെയ്യുകയും ചെയ്തിട്ടുണ്ട്. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം അതുകൊണ്ടു് ഇനി പ്രയോജനമില്ലെന്നു കരുതാതെ അതിനെ പുഷ്ടിപ്പെടുത്തേണ്ടതു നിങ്ങളുടെ ചുമതലയാണ്. മറ്റു പാർട്ടികൾ ഉണ്ടാകണമെന്നു നിങ്ങൾക്കു തോന്നിയേക്കാം. അധികാരം കയ്യേല്ക്കുകയും ഇപ്പോഴത്തേക്കാൾ നല്ലവണ്ണം കാര്യങ്ങൾ നടത്തുകയും ചെയ്യാൻ കഴിവുള്ള പാർട്ടികൾ ഉണ്ടാകുന്നെങ്കിൽ അവർ അങ്ങിനെ ചെയ്യട്ടെ. എന്നാൽ അന്തസ്സായ രീതിയിലും സംസ്കാരത്തോടുകൂടിയും അങ്ങിനെ ചെയ്യട്ടെ. കമ്മ്യൂണിസത്തിന്റെയും വർഗ്ഗീയതത്തിന്റെയും പരിഭ്രാന്തികൾ ഇളക്കിവിടരുതു്. ഹിന്ദുമതം അപകടത്തിൽ എന്നു് ഇവിടെ ചിലർ പറയുന്നതു കേൾക്കുമ്പോൾ ഇവിടെനിന്നും ഹിന്ദുക്കൾ അപ്രത്യക്ഷമായോ എന്നും ഇതെന്തുകഥ എന്നും ഞാൻ അത്ഭുതപ്പെടുന്നു. ഒരു ഹിന്ദു ഇൻഡ്യയ്ക്കാകമാനം ലോകബഹുമതി സമ്പാദിച്ചു എന്നും അതു ഗാന്ധിജിയായിരുന്നു എന്നും നിങ്ങൾക്കറിയാം. ഒരു ഹിന്ദുതന്നെയാണു് അദ്ദേഹത്തെ വധിച്ചതു്. ഹിന്ദുമതം അതായിരുന്നോ? ആ മാർഗ്ഗത്തിൽ ഹിന്ദുമതത്തെ സംരക്ഷിക്കാമെന്നു നിങ്ങൾ കരുതുന്നുണ്ടോ? ഹിന്ദുക്കളുടെ ഇടയിൽ എത്ര ജാതിയും ഉപജാതിയും പിരിവുമാണുള്ളതു്? ക്രൈസ്തവാനികളുടെ ഇടയിലും എത്ര ജാതികളും ഉപജാതികളും പിരിവുകളുമാണുള്ളതു്? ക്രിസ്തുമതം ഇതനുവദിക്കുന്നുണ്ടോ? നാം നമ്മുടെ മതം ആചരിക്കുക. അതു ശരിക്കു് ആചരിക്കാമെങ്കിൽ യാതൊന്നും അപകടത്തിലാകുന്നില്ല. ക്രിസ്ത്യാനികളായാലും ഹിന്ദുക്കളായാലും മുസ്ലിങ്ങളായാലും പാഴ്സികളായാലും ജൂതന്മാരായാലും നമുക്കു അന്തസ്സുള്ള ആളുകളെപ്പോലെ ജീവിക്കാം. അസഹിഷ്ണുതയെ അടിസ്ഥാനമാക്കിയാൽ യാതൊരു മതവും വളരുന്നതല്ല. അക്കാലമെല്ലാം കഴിഞ്ഞുപോയി. നല്ല മനഃസ്ഥിതിയും ശക്തിയും ഇല്ലെങ്കിൽ മതത്തിന്റെ ബാഹ്യരൂപങ്ങൾകൊണ്ടു് ഒരു രാഷ്ട്രത്തെ ശക്തിപ്പെടുത്തുകയോ അതിനു ജീവൻ നല്കുകയോ ചെയ്യാൻ സാദ്ധ്യമല്ല. ബാഹ്യരൂപങ്ങൾ പലതുമാകാം. എന്നാൽ അഭ്യന്തരമായ സജീവാംശം, ഉള്ളിലെ ശക്തി സംഗ്രഹമായിരിക്കണം. അല്ലാതെ ദുഷ്ടവിചാരങ്ങളും ദുഷിച്ച ആശയങ്ങളും അതിനെ വലയം ചെയ്താൽ ബാഹ്യരൂപങ്ങളെല്ലാം വെറും വഞ്ചനകൾ മാത്രമായിരിക്കും. അവ പ്രയോജനരഹിതവുമായിരിക്കും. അതിനാൽ ഹിന്ദുമതം അപകടത്തിലാണെന്നു ഞാൻ കരുതുന്നില്ല. ഇന്ത്യയിലെ ഹിന്ദുമതം ഒരിക്കലും അപകടത്തിലാവുകയുമില്ല. ഇവിടെ ബഹുഭൂരിപക്ഷം ഹിന്ദുക്കളാണ്. എന്നാൽ ഭൂരിപക്ഷത്തിന്റെ കാര്യം പോകട്ടെ. ഇന്ത്യയിൽ ആകമാനം ഹിന്ദുമതതത്വങ്ങൾ പ്രചരിപ്പിച്ച ഒരു മതാചാര്യൻ കഴിഞ്ഞകാലത്തുണ്ടായിട്ടില്ലേ? ശങ്കരൻ എന്താണു് ചെയ്തതു്? ഹിന്ദുമതം അപകടത്തിൽ എന്ന മുറവിളി അദ്ദേഹം പുറപ്പെടുവിച്ചോ? മതം എന്ന

പറയുന്നതു് മനുഷ്യനും ദൈവവും തമ്മിലുള്ള കായ്മാണു്. ഇന്ത്യയിലുള്ള യാതൊരു മനുഷ്യനും സാധാരണ പൗരബോധവും സാധാരണ മര്യാദകളും മറക്കുവാൻ സാധിക്കുകയില്ല. അതാണു് ഒരു പൗരന്റെ ധർമ്മം. ഒരു പൗരനെന്ന നിലയിൽ നിങ്ങളും നിങ്ങളുടെ കർത്തവ്യം നിറവേറ്റണം. പൗരത്വം മറന്നു മതം അപകടത്തിൽ എന്നു മുറവിളിയുമായി നടക്കരുതു്. ഹിന്ദുമതം അപകടത്തിൽ എന്നു മുറവിളി അബദ്ധമാണു്. ഹിന്ദുക്കളുടെ ഇടയിൽ പിളർപ്പുള്ളതുകൊണ്ടു് ഹിന്ദുമതം അപകടത്തിലാകുന്നു. അവർ എന്തുകൊണ്ടു് ഭിന്നിക്കുന്നു? ഒരു പ്രത്യേകവിഭാഗം ഹിന്ദുക്കൾക്കു മറ്റുള്ളവരേക്കാൾ മേന്മയുണ്ടെന്നു എന്തിനു കരുതുന്നു? നിങ്ങളും ഒരു കായ്മും പഠിക്കണം. ഉയർന്നവനായാലും താഴ്ന്നവനായാലും, വലിയവനായാലും, ചെറിയവനായാലും എല്ലാ മനുഷ്യന്റെയും ഈ കൃശഗാത്രത്തിനുള്ളിൽ ഒരുപോലുള്ള ഒരു വസ്തുവുണ്ടു്; അതായതു ഈശ്വര ചൈതന്യം. അതു അപ്രത്യക്ഷമാകുമ്പോൾ ശരീരത്തിനു അയിത്തമുണ്ടാകുന്നു. ബ്രാഹ്മണന്റേതായാലും പറയന്റേതായാലും ആ ചൈതന്യം ഉള്ളിൽ ഉണ്ടായിരിക്കുകയും അതിനെ ശുദ്ധമാക്കിവച്ചേക്കുകയും ചെയ്യുന്നിടത്തോളം കാലം അതിന്റെ സൗരഭ്യവും കാന്തിയും നിലനില്ക്കും.

തെറ്റായ മാർഗ്ഗം സ്വീകരിക്കരുതു്


അതിനാൽ സ്വാർത്ഥകായ്ങ്ങൾക്കായി സംഭ്രാന്തി ജനിപ്പിക്കാതിരിക്കുക. കക്ഷികൾ രൂപീകരിക്കുന്നതിനു തെറ്റായ മാർഗ്ഗം സ്വീകരിക്കരുതു്. അതു അപകടകരമായ ഒരു കളിയാണു്. മന്ത്രിസഭ തെറ്റായ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നു എന്നു കണ്ടാൽ അവരോടു് നേരിട്ടു കായ്മും പറയുക. അവരെ ഉപദേശിക്കുക. വേണ്ടിവന്നാൽ അവരെ നീക്കം ചെയ്യുക. എന്തുകൊണ്ടാണു് നിയന്ത്രണത്തിനും മേൽനോട്ടത്തിനും നിർദ്ദേശം നൽകുന്നതിനുമുള്ള അധികാരങ്ങൾ ഞങ്ങൾ വച്ചിരിക്കുന്നതു്? ഏറ്റവും പുരോഗതി പ്രാപിച്ചിട്ടുള്ള തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തേയും മൈസൂരിലേയും മന്ത്രിമാർ ഇതിനെ ശക്തിയായി എതിർത്തു. അവരുടെതന്നെ താല്പര്യത്തിനും രക്ഷക്കും വേണ്ടി ഈ രക്ഷാവ്യവസ്ഥകൾ പിന്നീടു ആവശ്യപ്പെട്ടാൽ സാധിക്കുകയില്ലെന്നും അതിനാൽ ഇപ്പോൾ ഭരണഘടനയിൽതന്നെ വ്യവസ്ഥ ചെയ്യുകയായിരിക്കും നല്ലതെന്നും ഞാൻ അവരോടു പറഞ്ഞു. പ്രജായത്തഭരണത്തിന്റെ ശൈശവാവസ്ഥയിൽ മന്ത്രിസഭകളുടെ ഭരണത്തിൽ തെറ്റു പറ്റിയെന്നുവരാം. അങ്ങനെയുള്ള അബദ്ധങ്ങളിൽ നിങ്ങൾ ചാടരുതു്. അഥവാ ചാടിയാൽ ഞങ്ങൾക്കു നിങ്ങളെ സഹായിക്കണം. അതുകൊണ്ടാണു് മനഃപൂർവ്വം ആ രക്ഷാവ്യവസ്ഥ വച്ചിട്ടുള്ളതു്. അതു പ്രയോഗത്തിൽ വരുത്തുവാൻ ഞങ്ങളെ നിർബ്ബന്ധിതരാക്കരുതു്. തിരുവിതാംകൂർ–കൊച്ചിയിലേയും മൈസൂരിലേയും മന്ത്രിമാർ അതിനിടവരുത്തിയിട്ടില്ലെന്നു പറയാൻ എനിക്കു സന്തോഷമുണ്ടു്. എന്നാൽ കൂടുതൽ ഉത്തരവാദിത്വം സ്ഥിതി ചെയ്യുന്നതു് നിങ്ങളിൽതന്നെയാണു്. ഇവിടത്തെ മന്ത്രിസഭയുടെ ഭരണകാര്യത്തിൽ കേന്ദ്രഗവർമ്മെന്റു് ഇടപെടേണ്ടതായി വന്നാൽ [illegible] ങ്ങൾക്കു കുറച്ചിലാണു്. അതിനാൽ നിങ്ങളായിരിക്കണം [illegible]യുടെ രക്ഷാകർത്താക്കൾ. അവർ ആരാണു്? അവർ [illegible]ടെ ഭാസന്മാർ. നിങ്ങൾ തന്നെയാണു് അവരെ തിരഞ്ഞെടുത്തതു്. നിങ്ങൾക്കുതന്നെ അവരെ മാറ്റുകയും ചെയ്യാം. എന്നാൽ എന്നും മന്ത്രിസഭ മാറിക്കൊണ്ടിരിക്കുന്നെങ്കിൽ ജനങ്ങൾക്കു ഡെമോക്രസിയുടെ അർത്ഥം മനസിലായിട്ടില്ലെന്നാണു് സാരം. എന്തെന്നാൽ ഒരു മന്ത്രിസഭയെ മാറ്റുമ്പോൾ പൊരിയുന്ന ചട്ടിയിൽനിന്നു എരിയുന്നതിയിലേക്കു ചാടുകയല്ലെന്നു എങ്ങിനെ തീർച്ചപ്പെടുത്താം? യാതൊരാളും അപ്രമാദിതനല്ല. അതിനാൽ ഐക്യത്തിന്റെയും സൗഹാർദ്ദതയുടേയും അന്തരീക്ഷം ഈ യൂണിയനിൽ സൃഷ്ടിക്കുകയാണു് നിങ്ങളുടെ കർത്തവ്യം. അതു് മറക്കരുതു്. സർവ്വത്ര തകരാറുണ്ടെന്നു ജനങ്ങൾ ധരിക്കത്തക്ക ഒരന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിക്കരുതു്. സന്മനോഭാവവും സൗഹാർദ്ദതയും സർവ്വത്ര കളിയാടുന്ന ഒരന്തരീക്ഷം സൃഷ്ടിക്കുന്ന



എറണാകുളത്തെ പൊതുയോഗം

(ഫോട്ടോ—സെൻട്രൽ സ്റ്റുഡിയോ, എറണാകുളം.)

ഫെബ്രുവരി ജൂൺ മാസം വൈകുന്നേരം എറണാകുളത്തു മഹാരാജാസ് കോളേജ് മൈതാനത്തിൽ വെച്ചു് ബഹു. പണ്ഡിത ജവഹരിലാൽ നെഹ്റു ഒരു വമ്പിച്ച പൊതുയോഗത്തിൽ പ്രസംഗിക്കുന്നതു്.



കൊച്ചി വിമാനത്താവളത്തിൽവച്ച് ഐ. എൻ. എസ്സ്. വെണ്ടുരുത്തി നൽകിയ ഗാർഡ് ഓഫ് ഓണർ ബഹു. പ്രധാനമന്ത്രി പരിശോധിക്കുന്നു.

ഗാർഡ് ഒഫ് ഓണർ പരിശോധിക്കുന്നു

(ഫോട്ടോ—സെൻട്രൽ സ്റ്റുഡിയോ, എറണാകുളം.)

തിനു നമുക്കു ശ്രമിക്കാം. നമുക്കു സ്വാതന്ത്ര്യം കിട്ടിയിട്ടു രണ്ടു സംവത്സരമല്ലേ ആയിട്ടുള്ളൂ? വിദേശിയരുടെ ചൂഷണത്തിന്റെ ഫലമായി രാജ്യം വിളറിയിരിക്കുകയാണു്. നാം ഇനി രാജ്യത്തിന്റെ ധനികളിൽ രക്തമുണ്ടാക്കണം. അതു വിഷമമേറിയ ഒരു കൃത്യമാണു്. അതിനാൽ എല്ലാവരും ഒത്തൊരുമിച്ചു പ്രവർത്തിക്കണം. ഞാൻ പറഞ്ഞ കാര്യങ്ങളും ഇവിടത്തെ ബുദ്ധിശാലികളായ സ്ത്രീപുരുഷന്മാർ ഓർമ്മിക്കുകയും അതിനെപ്പറ്റി ചിന്തിക്കുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇന്ത്യ നില്ക്കുന്നതു് ഈ യൂണിയനാകുന്ന പാദത്തിന്മേലാണു്

ഒരു വയസ്സു തികഞ്ഞ ഒരു വ്യക്തിനു് ഇത്ര ദൂരം സഞ്ചരിക്കുക എളുപ്പമായ കാര്യമല്ല. നിങ്ങളെ വീണ്ടും സന്ദർശിക്കാൻ എനിക്കു് അത്യാഗ്രഹമുണ്ടു്. എന്നാൽ അതു് എളുപ്പമല്ല. അതു് സാധിച്ചില്ലെങ്കിൽ ഞാൻ പറഞ്ഞ കാര്യങ്ങളും നിങ്ങളും മറക്കരുതു്. ജനങ്ങളുടെ താല്പര്യത്തിന്റെ പേരിൽ ഞാൻ പറഞ്ഞതെല്ലാം ഓർമ്മയിൽ വച്ചേക്കുക. ഇൻഡ്യ നില്ക്കുന്നതു് ഈ യൂണിയനാകുന്ന പാദത്തിന്മേലാണു്. പാദം ദുർബലമായി കാലുകൾ വിറച്ചു തുടങ്ങിയാൽ ഗാത്രത്തിനു് ബലമുണ്ടാവുകയില്ല. ഇൻഡ്യൻ യൂണിയനു് ഉറച്ചു നില്ക്കാൻ തക്കവണ്ണം ഈ പാദത്തിനു് ശക്തിയുണ്ടാകണം. അങ്ങിനെയായാൽ മറ്റുള്ള ഘടകങ്ങളും നിങ്ങളിൽനിന്നു പഠിക്കും, നിങ്ങളും ബുദ്ധിപൂർവ്വം ഭരണനിർവ്വഹണം നടത്തുകയും പല വൈഷമ്യങ്ങളുമുണ്ടായിട്ടും വൈഷമ്യങ്ങളും വളർത്താതെ സൗഹാർദ്ദതയും സഹിഷ്ണുതയും സ്നേഹവും നിറഞ്ഞ ഒരന്തരീക്ഷം സംജാതമാക്കുകയും ചെയ്യുന്നു എന്നു്. നിങ്ങൾക്കു സകല വിജയങ്ങളും സൽഭരണവും ഐക്യവും ഉണ്ടാകുമാറാകട്ടെ!

നല്ല പാർട്ടികൾ രൂപീകരിക്കുവാൻ ഇപ്പോൾ സാദ്ധ്യതയില്ല

ഇപ്പോൾ രൂപീകരിച്ചുകൊണ്ടിരിക്കുന്നവയോ ഇനി രൂപീകരിക്കാവുന്നവയോ ആയ പാർട്ടികളോടു് എനിക്കു് പറയുവാനുള്ളതു് നല്ല പരിപാടിയോടുകൂടി അന്തസ്സായും നേരായ മാർഗ്ഗത്തിൽ കൂടിയും പാർട്ടി രൂപീകരിക്കണമെന്നാണു്. നല്ല പാർട്ടികൾ രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ ഞാൻ ഇപ്പോൾ കാണുന്നില്ല. തിരഞ്ഞെടുപ്പു വരുമ്പോൾ കോൺഗ്രസ്സ് സ്റ്റീംറോളർ പ്രവർത്തനം തുടങ്ങുകയും അപ്രകാരമുള്ള പാർട്ടികളെ തട്ടിനിരത്തുകയും ചെയ്യും. നിങ്ങൾ വ്യാമോഹങ്ങളിൽ പെടരുതു്. സമാധാനമായി ഭരണം നടത്തുക്കവണ്ണം നമുക്കു ശക്തിമത്തായ കേന്ദ്രവും സംസ്ഥാനികഗവർമ്മെൻറുകളുമാണു് ആവശ്യമായിട്ടുള്ളതു്. പാർട്ടികൾ വേണമെങ്കിൽ പിന്നീടു് രൂപീകരിച്ചുകൊള്ളാം. എന്നാൽ നാം ആദ്യമായി ശക്തി സംഭരിക്കുക. അതു് മാത്രമാണു് ഞാൻ പറയുന്നതു്.

എനിക്കു് മംഗളപത്രങ്ങൾ സമർപ്പിച്ച സംഘടനകളോടു് എനിക്കുള്ള നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു. സംഘടനകൾക്കു് പ്രത്യേകം പ്രത്യേകം നന്ദിപറഞ്ഞു സമയം കളയണമെന്നു ഞാൻ കരുതുന്നില്ല. അവർക്കു് എന്നെ അറിയാം. എനിക്കു് അവരേയും അറിയാം.

PRINTED BY
THE SUPERINTENDENT, GOVERNMENT PRESS,
ERNAKULAM
1950

പെരിയാർ തടാകം.



